# Trichur Archdiocesan Bulletin

ജൂലായ് 2018
വാല്യം: 85 ലക്കം: 07
ESTD:1934



(മർക്കോസ് 10: 17–31 ധനികനും ദൈവരാജ്യവും)

TAB

അഭിവന്ദ്യ
മാർ ടോണി നീലങ്കാവിൽ പിതാവിന്

# ജന്മദിനാശംസകൾ

ജൂലൈ 23






Trichur Archdiocesan Bulletin TAB

ESTD:1934

**ജൂലൈ 2018**

ലക്കം : 7 വാല്യം : 85

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

Fr. Francis Aloor
*Chief Editor*

Fr. Nysson Alanthanath
*Executive Editor*

*Design*
Smriti design

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org


## ഈ ലക്കത്തിൽ


| | |
|---|---|
| മാധ്യമദിനസന്ദേശം | 4 |
| സഭാദിനം ഇടയലേഖനം | 4 |
| കച്ചേരിക്കാര്യം | 10 |
| പറോക്ക് പരിശീലനം | 18 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 25 |
| സഹായമെത്രാന്റെ പരിപാടികൾ | 27 |
| നാളാഗമം | 29 |
| നാമകരണ നടപടികൾ | 36 |
| സാമ്പത്തിക കാര്യാലയം | 38 |
| വൈദികർ | 42 |
| സന്യസ്തർ | 44 |
| അതിരൂപത തീർത്ഥകേന്ദ്രം | 51 |
| മതബോധനം | 53 |
| സ്ഥാപനങ്ങൾ | 62 |
| സംഘടനകൾ | 86 |



# സഭാദിനം ഇടയലേഖനം

Prot. No. 0918/ 2018

**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹ ശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീസഹോദരന്മാരേ,

മാർത്തോമാശ്ലീഹായുടെ ദുക്റാന തിരുനാളിനോടനുബന്ധിച്ച് പതിവുപോലെ ഈ കത്തെഴുതുകയാണ്. ഇപ്രാവശ്യം മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങൾ നമ്മൾ പരിചിന്തനത്തിനും പ്രാർത്ഥനയ്ക്കും വിഷയമാക്കുന്നത് നല്ലതാണ്. അവ ഓരോന്നായി പ്രതിപാദിച്ചുകൊള്ളട്ടെ.

ഒന്നാമതായി, നമ്മുടെ ശ്രദ്ധ പ്രേഷിതപ്രവർത്തനത്തിലേക്ക് തിരിയേണ്ടിയിരിക്കുന്നു. നമ്മുടെ സഭയ്ക്ക് ഭാരതം മുഴുവനിലും സുവിശേഷവത്ക്കരണത്തിനും അജപാലനത്തിനുമുള്ള അവകാശം പരിശുദ്ധ സിംഹാസനം

2017 ഒക്ടോബർ 9–ാം തീയതി അംഗീകരിച്ച് തന്നതിനുശേഷമുള്ള ആദ്യത്തെ ദുക്റാന തിരുനാളാണല്ലോ ഇത്. പ്രേഷിതപ്രവർത്തനമെന്നത് നമ്മുടെ വാക്കിലും പ്രവൃത്തിയിലും ഈശോയെ ലോകത്തിനു നൽകുന്ന ജീവിതശൈലിയാണ്. പ്രേഷിത പ്രവർത്തനങ്ങൾ എന്നതിനേക്കാൾ പ്രേഷിതജീവിതമാണ് പ്രാധാന്യമർഹിക്കുന്നത്. ഓരോ ക്രൈസ്തവനും മാമോദീസായിലൂടെ ലഭിക്കുന്ന ദൈവവിളിയാണ് ഈ പ്രേഷിതദൗത്യം. അതിനാൽ ഓരോരുത്തരും തങ്ങളുടെ ജീവിതത്തിലൂടെ മിശിഹായ്ക്കു സാക്ഷ്യം നൽകേണ്ടിയിരിക്കുന്നു. ഈ പ്രേഷിതദൗത്യത്തിന് ഓരോരുത്തർക്കും സ്വാഭാവികമായിത്തന്നെ വ്യത്യസ്ത രീതികൾ അവലംബിക്കേണ്ടി വരും. കുടുംബജീവിതക്കാരായ അല്മായരും ഏകസ്ഥജീവിതക്കാരും സമർപ്പിതരും വൈദികരും മെത്രാന്മാരും വിവിധ രീതികളിലാണ് പ്രേഷിതദൗത്യം നിർവഹിക്കുന്നത്. എല്ലാവർക്കും ഒരേ ഒരു ലക്ഷ്യമേയുള്ളൂ: തങ്ങളുടെ വിളി അനുസരിച്ച് സഭാത്മകജീവിതം നയിക്കുക. ഈ ഉത്തരവാദിത്വത്തിൽ എല്ലാ ക്രൈസ്തവരും തുല്യരാണ്. ശുശ്രൂഷാരീതികളിൽ വൈവിധ്യം ഉണ്ടെന്ന് മാത്രം. ഈശോമിശിഹാ തന്റെ സഭയിൽ തുടരുന്ന പ്രേഷിതവേലയുടെ നിർവാഹകരാണ് നാമോരോരുത്തരും. എല്ലാ സഭാംഗങ്ങളുടെയും വ്യത്യസ്തമായ ശുശ്രൂഷകളിലൂടെ മിശിഹായുടെ ദൗത്യം തന്നെ നമ്മൾ തുടർന്നുകൊണ്ടിരിക്കുന്നു. അതിനാൽ, എല്ലാവരും ഈ ഒരേ ലക്ഷ്യത്തോടെ പ്രവർത്തിക്കുമ്പോഴാണ് സഭയുടെ സാക്ഷ്യം മിശിഹായുടെ സാക്ഷ്യമാകുന്നത്.

പ്രേഷിതദൗത്യ നിർവഹണത്തിൽ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ശൈലിയാണ് നമ്മൾ സ്വീകരിക്കേണ്ടത്. ആരും ആരുടെയും മേൽ അധികാരം ചെലുത്തുകയല്ല പ്രത്യുത, പരസ്പരം ശുശ്രൂഷകരായി വർത്തിക്കുകയാണ് വേണ്ടത്. ഓരോരുത്തരുടെയും ശുശ്രൂഷകൾക്ക് ആവശ്യകമായ പിന്തുണ നൽകുവാനും പരസ്പര സഹകരണത്തോടെ പ്രവർത്തിക്കാനും എല്ലാവർക്കും കടമയുണ്ട്. ഈ വർഷത്തെ നോമ്പുകാല സന്ദേശത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ഇപ്രകാരം പറയുന്നു: മിശിഹായുടെ പ്രതിനിധികളായി വാക്കിലും

പ്രവൃത്തിയിലും അവിടുത്തെ സന്ദേശവും ജീവിതസാക്ഷ്യവും മറ്റുള്ളവർക്ക് നൽകുന്നവർ എന്ന അർത്ഥത്തിൽ ക്രൈസ്തവരെല്ലാവരും പ്രവാചകരാണ്.

രണ്ടാമതായി, നമ്മുടെ ശ്രദ്ധ തിരിയേണ്ട വിഷയം കുടുംബ പ്രേഷിതത്വമാണ്. കുട്ടികളുടെ വിശ്വാസജീവിതപരിശീലനം ക്രൈസ്തവസാക്ഷ്യം നൽകാൻ എപ്രകാരം അവരെ ശക്തരാക്കും എന്ന കാഴ്ചപ്പാട് നമുക്കുണ്ടാകണം. മാതാപിതാക്കൾ, വിശ്വാസ പരിശീലകർ, വിശ്വാസ പരിശീലന ഡയറക്ടർമാർ, ഇടവക വികാരിമാർ, മെത്രാന്മാർ ഏവരും ഒന്നിച്ചു നിർവഹിക്കേണ്ട ദൗത്യമാണിത്. ധാർമ്മികജീവിതത്തിലെ വെല്ലുവിളികളെല്ലാം ക്രൈസ്തവ ജീവിത ശൈലിക്ക് യോജിച്ച രീതിയിൽ നേരിടാൻ കുട്ടികൾ പരിശീലിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. കുട്ടികൾ വളർന്ന് വരുമ്പോൾ മാധ്യമങ്ങളുടെ, പ്രത്യേകിച്ച് ഇന്റർനെറ്റ് മാധ്യമങ്ങളുടെ ഉപയോഗം നല്ല രീതിയിൽ അഭ്യസിക്കാൻ വേണ്ട മാർഗ്ഗനിർദേശങ്ങളും നൽകണം. മറ്റേതൊരു രംഗത്തും എന്നതുപോലെ ഇവിടെയും വിലക്കുകളെക്കാൾ ക്രിയാത്മകമായ അഭ്യസനരീതികൾക്കാണ് പ്രാമുഖ്യം നൽകേണ്ടത്.

കുടുംബജീവിതത്തിന്റെ അടിസ്ഥാനം വിവാഹമെന്ന കൂദാശയാണ്. ദൈവം നൽകുന്ന മക്കളെ സന്തോഷപൂർവ്വം സ്വീകരിക്കുന്നതിനും അവരെ വിശുദ്ധിയുടെ മാർഗ്ഗത്തിൽ നയിക്കുന്നതിനും അവിടുന്ന് നിങ്ങളെ സഹായിക്കട്ടെ എന്ന വിവാഹ കർമ്മത്തിലെ ആശീർവാദപ്രാർത്ഥന ഈ കാലഘട്ടത്തിൽ നമ്മെ കൂടുതൽ ചിന്തിപ്പിക്കേണ്ടതാണ്. ഫ്രാൻസിസ് മാർപ്പാപ്പ ഈയിടെ പുറപ്പെടുവിച്ച ആനന്ദിച്ച് ആഹ്ലാദിക്കുവിൻ എന്ന അപ്പസ്തോലിക പ്രബോധനത്തിൽ വിശ്വാസജീവിതത്തെ വിശുദ്ധജീവിതമായിട്ടാണ് വിശേഷിപ്പിക്കുന്നത്. വിശുദ്ധി തന്നെയാണ് ക്രൈസ്തവജീവിതത്തിന്റെ സാക്ഷ്യവും. സ്നേഹജീവിതത്തിന്റെ പൂർണ്ണതയും. ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ 2011 ഏപ്രിൽ 13 ലെ ഒരു പ്രബോധനത്തിൽ വിശുദ്ധി എന്നത് സ്നേഹം ജീവിക്കുന്നതിന്റെ പൂർണ്ണതയാണെന്ന് പറയുന്നുണ്ട്. ഫ്രാൻസിസ് പാപ്പായുടെ വീക്ഷണത്തിൽ, വിശുദ്ധി നമ്മുടെ മിഷൻ അഥവാ ദൗത്യമാണ്. എല്ലാവർക്കും അവരവരുടെ രീതിയിൽ വിശുദ്ധജീവിതം നയിക്കാൻ സാധിക്കും (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ No. 21). കൃഷി, മത്സ്യബന്ധനം, കാലി വളർത്തൽ, വ്യാപാരം, വ്യവസായം, ഉദ്യോഗം, രാഷ്ട്രീയം, രാജ്യഭരണം, സമൂഹോദ്ധാരണം, കല, സാഹിത്യം, മാധ്യമപ്രവർത്തനം, പരിസ്ഥിതിസംരക്ഷണം എന്നിങ്ങനെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഉള്ളവർ ദൈവസ്നേഹത്തെ മുൻനിർത്തി സ്വന്തം നന്മയ്ക്കും മറ്റുള്ളവരുടെ നന്മയ്ക്കുമായി പ്രവർത്തിക്കു

മ്പോൾ അവർ വിശുദ്ധിയിൽ വളരുകയാണ്. സത്യം, നീതി, സ്നേഹം, കാരുണ്യം, ക്ഷമ, ദയ, സൗമ്യത, ആത്മസംയമനം മുതലായ പരിശുദ്ധാത്മ ദാനങ്ങളായിരിക്കണം എല്ലാ കാര്യങ്ങളിലും ശക്തി നൽകേണ്ടത്.

ജീവന്റെ മൂല്യം സംരക്ഷിക്കുവാൻ ഓരോരുത്തരും അതീവ നിഷ്ക്കർഷയോടെ പഠിക്കുകയും പഠിപ്പിക്കുകയും വേണം. പ്രായമായവരോടുള്ള ബഹുമാനവും അവർക്ക് നൽകേണ്ട സംരക്ഷണവും ക്രൈസ്തവധർമ്മമായി നാമോരോരുത്തരും ഏറ്റെടുക്കേണ്ടതുണ്ട്. ഗർഭഛിദ്രവും ദയാവധവും ജീവന്റെ മൂല്യത്തിന് എതിരായ പാപകൃത്യങ്ങളാണ്. ഈ അവബോധം മനുഷ്യമനസ്സുകളിൽ രൂഢമൂലമാകണം. കുട്ടികൾ പ്രായപൂർത്തിയെത്തിയാൽ വിവാഹത്തിനായി ഒരുങ്ങാനും നല്ല കുടുംബജീവിതം നയിക്കാനും വേണ്ട പരിശീലനം ലഭിക്കേണ്ടതുണ്ട്.

2018 ഒക്ടോബർ മാസത്തിൽ റോമിൽവച്ച് നടക്കുന്ന സിനഡിന്റെ വിഷയം യുവജനങ്ങളെക്കുറിച്ചാണല്ലോ. യുവജന പ്രേഷിതത്വത്തെ സജീവമാക്കാനും കാലാനുസൃതമാക്കാനും യുവജന സിനഡ് സഹായകരമായി തീരുമെന്ന് നമുക്ക് പ്രത്യാശിക്കാം. യുവജന പ്രേഷിതത്വത്തിനായി നമ്മുടെ രൂപതകളിലും മിഷൻ പ്രദേശങ്ങളിലും ധാരാളം പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എങ്കിലും കാലഘട്ടത്തിന്റെ മാറ്റങ്ങൾ മനസ്സിലാക്കി യുവജനങ്ങളെ വിശ്വാസത്തിലും ധാർമ്മികതയിലും വളർത്തിയെടുക്കാൻ ഉതകുന്ന പരിശീലനരീതികളും കർമ്മപരിപാടികളും നമ്മൾ ഇനിയും ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

മൂന്നാമതായി, ഏവരുടെയും ശ്രദ്ധയ്ക്ക് വിഷയീഭവിപ്പിക്കുവാൻ ആഗ്രഹിക്കുന്നത് ക്രൈസ്തവ വിശ്വാസത്തെക്കുറിച്ചുള്ള ശരിയായ ദർശനമാണ്. ദൈവകൃപ അഥവാ ദൈവാത്മാവിന്റെ പ്രവർത്തനം ആണ് ഓരോ ക്രൈസ്തവനിലൂടെയും സംഭവിക്കേണ്ടത്. ദൈവാത്മാവിന് കാതോർക്കുന്നവനാണ് ക്രൈസ്തവൻ. വി. പൗലോസ് ശ്ലീഹ കോറിന്തോസിലെ സഭയ്ക്ക് എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: എന്റെ വചനവും പ്രസംഗവും വിജ്ഞാനം കൊണ്ട് വശീകരിക്കുന്നതായിരുന്നില്ല. പ്രത്യുത, ആത്മാവിന്റെയും ശക്തിയുടെയും വെളിപ്പെടുത്തലായിരുന്നു. നിങ്ങളുടെ വിശ്വാസത്തിന്റെ അടിസ്ഥാനം മാനുഷികവിജ്ഞാനമാകാതെ, ദൈവശക്തിയാകാനായിരുന്നു അത് (1 കോറിന്തോസ് 2: 4–5). ഈ ക്രൈസ്തവദർശനത്തിനു പകരം ആധുനിക കാലത്ത് ഓരോരുത്തരും ജീവിതവിജയത്തെ തങ്ങളുടെ നേട്ടമായി കാണുന്ന ഒരു ചിന്താരീതിയും പ്രവർത്തന ശൈലിയും വളർന്നു വരുന്നുണ്ട്. സമകാലിക ജ്ഞാനവാദം എന്നാണ് ഫ്രാൻസിസ് പാപ്പ ആനന്ദിച്ച്

ആഹ്ലാദിക്കുവിൻ എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ഇതിനെ വിശേഷിപ്പിക്കുന്നത്. ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ തന്നെ തെറ്റായ പ്രബോധനമായി സഭാപിതാക്കന്മാർ ഈ വാദത്തെ നിരാകരിച്ചിട്ടുള്ളതാണ്. ഈ ചിന്താഗതിക്കെതിരെ സഭയുടെ ശരിയായ ആദ്ധ്യാത്മികവീക്ഷണം നാം മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്. സുവിശേഷത്തിന്റെ ദൈവശാസ്ത്രപരവും ധാർമ്മികവുമായ പ്രബോധനത്തെക്കുറിച്ച് വിചിന്തനം ചെയ്യുവാൻ ശരിയായ രീതിയിൽ യുക്തി ഉപയോഗിക്കേണ്ടതുണ്ട്. അതോടൊപ്പം യുക്തിക്കതീതമായ വിശ്വാസരഹസ്യങ്ങൾ നമ്മുടെ രക്ഷയ്ക്ക് ഉപകരിക്കുന്നതാകയാൽ അതിനെ നാം സ്വീകരിക്കുകയും വേണം. നമ്മുടെ ബുദ്ധിയുടെ പ്രവർത്തനം കൊണ്ട് മാത്രം വിശ്വാസത്തിന്റെ എല്ലാ രഹസ്യങ്ങളെയും അപഗ്രഥിക്കുവാനും മനസ്സിലാക്കുവാനും സാധിക്കുമെന്ന് കരുതുന്നത് വിശ്വാസത്തിന്റെ സ്വഭാവത്തിന് നിരക്കാത്തതാണ്. അപ്രകാരം ചെയ്യുന്നവർ ദൈവികരഹസ്യങ്ങളെ വിശ്വാസത്തിൽനിന്ന് വേർപെടുത്തുന്നു. അതുവഴി അവർ ക്രിസ്തുവില്ലാത്ത ഒരു ദൈവത്തിനും തിരുസ്സഭയില്ലാത്ത ഒരു ക്രിസ്തുവിനും ദൈവജനമില്ലാത്ത സഭയ്ക്കും മുൻഗണന നൽകുന്നു എന്ന് ഫ്രാൻസിസ് പാപ്പ പറയുന്നു (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ No. 37).

സമീപകാലങ്ങളിലുണ്ടായ ഓഖി, നിപ്പ (Nipah) എന്നീ ദുരന്തങ്ങളെയും കാലവർഷകെടുതികളെയും നേരിടുവാൻ സഭാമക്കൾ കൂട്ടായ്മയോടെ ചെയ്ത പ്രവർത്തനങ്ങളെ നന്ദിയോടെ ഓർക്കുവാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളട്ടെ. കുട്ടികളെയും സ്ത്രീകളെയും പീഡനങ്ങൾക്ക് വിധേയമാക്കുന്ന സാമൂഹിക പ്രവണതകൾക്കെതിരെ നാം ജാഗ്രത പാലിക്കേണ്ടതുണ്ട്. ഇവരുടെയും മറ്റു ദുർബല വിഭാഗങ്ങളുടെയും സംരക്ഷണം നമ്മുടെ കടമയാണ്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം മൂലമുണ്ടാകുന്ന മലിനീകരണം ഇല്ലാതാക്കാനും നാം ശ്രദ്ധിക്കണം. കൃഷിക്ക് ഉപയുക്തമായ തരിശുഭൂമിയിലും തുറസ്സായ സ്ഥലങ്ങളിലും കൃഷിചെയ്യാനും മരങ്ങൾ നട്ടുപിടിപ്പിക്കാനും ഇടവക അടിസ്ഥാനത്തിൽ പരിശ്രമിക്കേണ്ടതുണ്ട്. പാവപ്പെട്ടവർക്ക് ഭവനം നിർമ്മിച്ചുകൊടുക്കുന്ന നമ്മുടെ ശുശ്രൂഷ ഇനിയും തുടരേണ്ടതാണ്. ഇപ്രകാരം ക്രിസ്തീയ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വക്താക്കളും സാക്ഷികളും ആകുവാൻ നമുക്ക് പരിശ്രമിക്കാം. നമ്മുടെ സഭയിലെ പ്രവാസികൾക്കായി വിശിഷ്യാ, ഗൾഫ് നാടുകളിലെ സീറോ മലബാർ വിശ്വാസികൾക്കായി പ്രത്യേകം പ്രാർത്ഥിക്കാനും ഞാൻ നിങ്ങളെ അനുസ്മരിപ്പിക്കുന്നു.

ഈശോമിശിഹായാകുന്ന വഴിയും സത്യവും ജീവനും ഭാര

തമക്കൾക്ക് സംഭാവന ചെയ്ത മാർതോമാശ്ലീഹായുടെ മാർഗ്ഗം അതിന്റെ ലാളിത്യത്തിലും പൂർണ്ണ തയിലും നമ്മുടെ ജീവിതങ്ങളിൽ പ്രകാശിപ്പിക്കുവാൻ ദുക്റാന തിരുനാളിന്റെ ആഘോഷം നമുക്ക് പ്രചോദനമാകട്ടെ. എന്റെ കർത്താ വേ, എന്റെ ദൈവമേ എന്ന ശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനം നമ്മു ടെ ജീവിതത്തിലൂടെയും അന്വർ ത്ഥമാകട്ടെ. ഏവർക്കും ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ !

+കർദിനാൾ ജോർജ് ആലഞ്ചേരി

സീറോ മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2018-ാം ആണ്ട് ജൂൺ മാസം 13-ാം തീയതി നല്കപ്പെട്ടത്.

---

NB: ഈ ഇടയലേഖനം 2018 ജൂലൈ ഒന്നാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# കച്ചേരി

## വാർത്തകൾ

### ഓർമിക്കേണ്ട ദിവസങ്ങൾ

ജൂലൈ 2018

ജൂലൈ 3 : **മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ**

6 : ആദ്യവെള്ളി
കർത്താവിന്റെ എഴുപത് ശിഷ്യന്മാർ

8 : **കൈത്താ ഒന്നാം ഞായർ**
(പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ)

11 : വി. ബനഡിക്ട്

13 : നിസിബിസിലെ വി. യാക്കോബ്

14 : വി. കുരിയാക്കോസും വി. ജൂലിറ്റായും

15 : **കൈത്താ രണ്ടാം ഞായർ**

16 : കർമ്മലമാതാവ്

20 : മാർ അദ്ദായിയുടെ ശിഷ്യൻ മാർ മാറി

21 : വി. മഗ്ദലേനമറിയം

22 : **കൈത്താ മൂന്നാം ഞായർ**

25 : വി. യാക്കോബ് ശ്ലീഹാ

26 : വി. യോവാക്കിമും വി. അന്നായും

28 : വി. അൽഫോൻസ
വി. മർത്താ

29 : **കൈത്താ നാലാം ഞായർ**

31 : വി. ഇഗ്നേഷ്യസ് ലെയോള

**2. ജൂലൈ മാസത്തെ പരിപാടികൾ**

ജൂലൈ 04 : 02:30 pm സ്ഥാപന ഡയറക്ടർമാരുടെ യോഗം
(വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്പിറ്റൽ)

05 : 10:00 am വൈദിക ഏകദിനസമ്മേളനം

06 : 07:30 pm സാമ്പത്തിക സമിതിയോഗം

09 : 02:30 pm സ്ഥാപന ഡയറക്ടർമാരുടെ യോഗം
(സാമൂഹിക സ്ഥാപനങ്ങൾ)



10 : 11:00 am ട്രൈബ്യൂണൽ കൂരിയ മീറ്റിംഗ്

19 : 10:30 am അതിരൂപത ആലോചനസമിതിയോഗം

25 : മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുകതിരുനാൾ

**3. കൈത്താക്കാലം:**

നമ്മുടെ കർത്താവിന്റെ പന്ത്രണ്ടു ശ്ലീഹന്മാരെ അനുസ്മരിച്ചുകൊണ്ടാണ് ഈ കാലം ആരംഭിക്കുന്നത്. സാധാരണയായി ഏഴ് ആഴ്ചകൾ നീണ്ടുനിൽക്കുന്ന ഈ കാലത്തെ കൈത്താക്കാലം എന്നു വിളിക്കുന്നു. 'കൈത്ത' എന്ന പദത്തിന്റെ അർത്ഥം 'വേനൽ' എന്നാണ്. വേനൽക്കാലത്താണല്ലോ വിളവെടുപ്പും ഫലശേഖരണവും നടത്തുക. ശ്ലീഹാക്കാലത്തെ പ്രേഷിതപ്രവർത്തനത്തിന്റെ ഫലമായി ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ നടപ്പെട്ട സഭാതരു വളർന്നു പന്തലിച്ചു ഫലം പുറപ്പെടുവിക്കുന്നതിനെ ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ട് സഭയുടെ വളർച്ചയുടെ കാലമായി ഈ കാലം പരിഗണിക്കപ്പെടുന്നു.

സഭയുടെ വളർച്ചയെ നിയന്ത്രിക്കുന്ന മാനദണ്ഡം ഈ ലോകത്തിൽ മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുന്ന വ്യക്തികളുടെ ജീവിതമാണ്. അതുകൊണ്ട് സഭയുടെ വിശ്വസ്ത സന്താനങ്ങളായ ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും ഓർമ്മ ഈ കാലത്തിന്റെ പ്രത്യേകതയാണ്. അവരുടെ ജീവിതചര്യ അനുകരിക്കാൻ എല്ലാ വിശ്വാസികൾക്കും കടമയുണ്ടെന്ന വസ്തുതയും ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു. യഥാർത്ഥവളർച്ച ആന്തരികനവീകരണത്തിൽ അടങ്ങിയിരിക്കുന്നു. നിയമാനുഷ്ഠാനത്തിലൂടെ മനസ്സിന്റെയും ഹൃദയത്തിന്റെയും നവീകരണം വഴി ഒരു സമൂലപരിവർ ത്തനം അനിവാര്യമാ

യിരിക്കുന്നു എന്ന് ഈ കാലം ഓർമ്മിപ്പിക്കുന്നു.

കർത്താവിന്റെ രണ്ടാമത്തെ വരവിനെ സൂചിപ്പിക്കുന്ന ഏലിയാ–ശ്ലീവാ–മൂശക്കാലത്തിന്റെ മുന്നോടിയായിട്ടും ഇതിനെ കാണാവുന്നതാണ്. അതുകൊണ്ട് അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ആവശ്യകതയിലേക്കും ആ കാലം വിരൽ ചൂണ്ടുന്നു. കർത്താവിന്റെ വരവിനുവേണ്ടി നാം ഒരുങ്ങിയിരിക്കണം. പാപത്തോടു വിടപറഞ്ഞ് ജീവിതവിശുദ്ധീകരണത്തിലൂടെ നമുക്ക് വ്യാപരിക്കാം.

**4. തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാൾ**

ജൂലൈ 25 അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാളാണ്. അഭിവന്ദ്യ പിതാവിന് അതിരൂപത മുഴുവന്റെയും സ്നേഹാശംസകൾ. അന്നേ ദിവസം ദിവ്യബലികളിൽ പിതാവിനെ പ്രത്യേകം ഓർത്തു പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**5. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവിന്റെ ജന്മദിനം**

ജൂലൈ 23ന് ജന്മദിനമാഘോഷിക്കുന്ന അഭിവന്ദ്യ പിതാവിന് അതിരൂപത മുഴുവന്റെയും പ്രാർത്ഥനാശംസകൾ. അന്നേ ദിവസം അഭിവന്ദ്യ പിതാവിനു വേണ്ടി ദിവ്യബലി മധ്യേ പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**6. സീറോ മലബാർ സഭാദിനം**

ജൂലൈ 3ന് സീറോ മലബാർ സഭാദിനമാണല്ലോ. അന്നേ ദിവസം നമ്മുടെ സഭക്കും മേജർ ആർച്ച് ബിഷപ്പിനും വേണ്ടി പ്രാർത്ഥിക്കണം. അന്നേ ദിവസം കുർബാന മധ്യേയെടുക്കുന്ന പ്രത്യേക പിരിവ് കാക്കനാട് ശ്രേഷ്ഠ മെത്രാപ്പോലീത്തൻ സാമ്പത്തിക കാര്യാലയത്തിലേക്ക് അയച്ചു കൊടുക്കുവാനായി ജൂലൈ 20ന് മുമ്പ് അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്. (ഒരാൾക്ക് 2 രൂപ വീതം).

**7. വൈദിക ഏകദിനസമ്മേളനം**

വൈദിക ഏകദിനസമ്മേളനം ജൂലൈ 5ന് (വ്യാഴം) രാവിലെ 10ന് ഡി. ബി. സി. എൽ. സി. യിൽ വച്ച് നടത്തുന്നു. എല്ലാ വൈദികരും പങ്കെടുക്കുമല്ലോ.

**8. വിയാനി ഡേ**

വിയാനി ഡേയും വൈദികസമ്മേളനവും ആഗസ്റ്റ് 2ന് രാവിലെ 10:30 മണി മുതൽ മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നു. രജത ജൂബിലിയും സുവർണ്ണ ജൂബിലിയും ആഘോഷിക്കുന്ന വൈദികരെ ഈ യോഗത്തിൽ പ്രത്യേകം അനുമോദിക്കുന്നതാണ്.

**9. തെരട്ട് :**

പള്ളികളുടെയും സ്ഥാപനങ്ങളുടെയും വാർഷികതെരട്ട് സമർപ്പിക്കൽ **2018 ജൂലൈ 2–ാം**

**തീയതി** മുതൽ ആരംഭിക്കുകയാണ്. ഫൊറോന അടിസ്ഥാനത്തിലാണ് പള്ളികളുടെ തെരട്ട് കൊണ്ടുവരാനുള്ള സമയം ക്രമീകരിച്ചിട്ടുള്ളത്. തെരട്ട് കൊണ്ടു വരേണ്ട ദിവസവും സമയക്രമവും ജൂൺ മാസത്തെ ബുള്ളറ്റിനിൽ സാമ്പത്തികകാര്യാലയ വാർത്തയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം കൃത്യസമയത്തുതന്നെ തെരട്ടുമായി എത്താൻ ശ്രദ്ധിക്കുമല്ലോ.

തെരട്ട് കൊണ്ടുവരുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

1. തെരട്ട് കൊണ്ടുവരുമ്പോൾ ബഹു. വികാരിയച്ചനും കൈക്കാരന്മാരും കൂടെ വരേണ്ടതാണ്.

2. നാൾവഴി, പേരേട്, തെരട്ടു പുസ്തകം, ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട് (രണ്ടു കോപ്പി), സി.എ. ഓഡിറ്റ് റിപ്പോർട്ട് (രണ്ടു കോപ്പി), തെരട്ടുഫോം (രണ്ടു കോപ്പി), ഫൊറോന വികാരിയുടെ സന്ദർശന റിപ്പോർട്ട് (രണ്ടു കോപ്പി), വാർഷിക റിപ്പോർട്ട് (രണ്ടു കോപ്പി), വാർഷിക ബജറ്റ് (രണ്ടു കോപ്പി), സംഘടനകളുടെയും സ്ഥാപനങ്ങളുടെയും റിപ്പോർട്ട് (രണ്ടു കോപ്പി), പ്രധാന തിരുനാളു കളുടെ വരവു ചെലവു കണക്ക് (രണ്ടു കോപ്പി), ലഘുനിക്ഷേപ പദ്ധതി കണക്ക് (രണ്ടു കോപ്പി), മരാമത്ത് കണക്ക്–ഉദാ: പള്ളി പണി, കപ്പേളപണി, ഹാൾ നിർമ്മാണം തുടങ്ങിയവ–(രണ്ടുകോപ്പി), സ്കൂളുകളുണ്ടെങ്കിൽ അവയുടെ വാർഷിക റിപ്പോർട്ട് (മൂന്നു കോപ്പി) എന്നിവ കൊണ്ടു വരണം. എല്ലാ കണക്കുകളും ഇന്റേണൽ ഓഡിറ്റിനും 50,000–ത്തിൽ കവിഞ്ഞ സംഖ്യയുള്ള കണക്കുകൾ സി.എ. ഓഡിറ്റിനും വിധേയ മാക്കേണ്ടതാണ്.

3. തെരട്ടു സമർപ്പിക്കാൻ വരുമ്പോൾ ആദ്യം സാമ്പത്തിക കാര്യാലയത്തിൽ കണക്കുകൾ പരിശോധനക്ക് വിധേയമാ ക്കണം. തെരട്ടു സംഖ്യയും മറ്റ് പിരിവുകളും കത്തോലിക്കാസഭ വരിസംഖ്യയും സാമ്പത്തിക കാര്യാലയത്തിൽ അടക്കേണ്ടതുമാണ്. തെരട്ടുഫീസ് 5%, വേദോപദേശം 1%, ഫൊറോന വിഹിതം $1/_2$%, മേജർസെമിനാരി വിഹിതം 1%, ഞായറാഴ്ച പിരിവ്, പ്രത്യേക പിരിവുകൾ, സെമിനാരി വിഹിതം, വൈദിക ക്ഷേമനിധി (ഒരു മാസത്തെ അലവൻസ്), അതിരൂപതാ ബുള്ളറ്റിൻ, സിനഡൽ ന്യൂസ് എന്നിവ യുടെ വാർഷിക വരിസംഖ്യ തുടങ്ങിയവ അടക്കേണ്ട തുണ്ട്. തെരട്ട്സംഖ്യക്ക് ഒഴിവ് ചോദിക്കരുതെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. പ്രസ്തുത സംഖ്യ മുഴുവ

നായി അടക്കാൻ ഒരുങ്ങി വരുമല്ലോ.

4. തുടർന്ന് തെരട്ട് പാസാക്കുന്നതിനായി രേഖകളെല്ലാം കച്ചേരിയിൽ ഹാജരാക്കണം. അതിനോടൊപ്പം പുതിയ കൈക്കാരന്മാരെ നിയമി ക്കുന്നതിനുള്ള പാനലും (ഒന്നുക്ക് ഇരട്ടിവീതം) കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.

5. ഇടവകകളുടെ സ്ഥിതി വിവര കണക്കുകൾ കൃത്യമായെടുത്തതിനുശേഷം മാത്രം വാർഷിക റിപ്പോർട്ട് പൂരിപ്പിക്കാൻ ശ്രദ്ധിക്കണം. ഉദാ. ആകെ വിശ്വാസികൾ, കുടുംബങ്ങൾ, പുരുഷന്മാർ, മാമ്മോദീസ, സ്ഥൈര്യ ലേപനം. വാർഷിക റിപ്പോർട്ട് പൂർണ്ണമായി പൂരിപ്പിച്ച് തെരട്ടിനൊപ്പം ഹാജരാക്കണം.

**10. വൈദികരുടെ വാർഷിക ധ്യാനം :**

ബഹു. അച്ചന്മാരുടെ ഈ വർഷത്തെ വാർഷിക ധ്യാനം 2018 സെപ്തംബർ 16 മുതൽ 21 വരെയും സെപ്തംബർ 23 മുതൽ 28 വരെയും രണ്ടു ബാച്ചുകളിലായി നടത്തുന്നു.

ധ്യാനവേദി : മേരിമാതാ മേജർ സെമിനാരി

ധ്യാനഗുരു : മാർ ടോമി തറയിൽ, ചങ്ങനാശ്ശേരി സഹായ മെത്രാൻ

♦ മേരിമാതാ മേജർ സെമിനാരിയായിരിക്കും ധ്യാനവേദി. മുഴുവൻ സമയവും സെമിനാരിയിൽ താമസിച്ചു ധ്യാനിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഇടവകകളിലും സ്ഥാപനങ്ങളിലും കാലേക്കൂട്ടി ചെയ്യണം.

♦ ധ്യാനത്തിന് വരുമ്പോൾ കുർബാന കണക്കു പുസ്തകം, ബൈനേഷൻ & ട്രൈനേഷൻ കണക്ക്, കുമ്പസാര പത്തേന്തി, മരണപത്രം (എഴുതാത്തവർ) എന്നിവ കൊണ്ടു വരണം.

♦ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സന്യാസവൈദികർക്ക് ഈ ധ്യാനത്തിൽ പങ്കെടുക്കുവാൻ താത്പര്യമുണ്ടെങ്കിൽ എത്രയും വേഗം അതിരൂപത കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

♦ എല്ലാ ബഹു. വൈദികരും പൊതുവാർഷികധ്യാനത്തിൽ പങ്കെടുക്കണമെന്നാണ് അഭിവന്ദ്യപിതാവിന്റെ താത്പര്യം. ഏതെങ്കിലും കാരണവശാൽ പൊതുധ്യാനത്തിൽ പങ്കെടുക്കാൻ കഴിയാത്ത ബഹു. വൈദികർ ഡിസംബർ 31നു മുമ്പ് സ്വന്തമായി വാർഷിക ധ്യാനം നടത്തി കുമ്പസാരപത്തേന്തിയും കുർബാനകണക്കും അതിരൂപത കാര്യാലയത്തിൽ സമർപ്പിച്ച് പുതുക്കേണ്ടതാണ്.

♦ വാർഷികധ്യാനത്തിന്റെ ലിസ്റ്റ് 2018 ജൂൺ മാസത്തെ അതിരൂപത ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബാച്ചുകൾ മാറുന്നതിനോ ലീവിന്റെ ലിസ്റ്റിൽ

ഉൾപ്പെടുത്തിയിരിക്കുന്ന ബഹു. വൈദികർ ക്വാർക്കെങ്കിലും പൊതു ധ്യാനത്തിൽ പങ്കെടുക്കുന്നതിനോ ആഗ്രഹമുണ്ടെങ്കിൽ അക്കാര്യം **2018 ആഗസ്റ്റ് 15നു** മുമ്പായി അതിരൂപത കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

**11. വൈദികരുടെ നിയമനം :**

1. ഫാ. സജേഷ് പയ്യപ്പിള്ളി SDV- സഹവികാരി തൃശ്ശൂർ ബസിലിക്ക; സാധുത 2018 മെയ് 2 മുതൽ.
2. ഫാ. ജിയോ കടവി – നടത്തുവികാരി വെളുത്തൂർ കൂടി; സാധുത 2018 മെയ് 20 മുതൽ.
3. ഫാ. അലൻ ടോണി ഊക്കൻ SDV-സഹായി നെല്ലിക്കുന്ന്; സാധുത 2018 ജൂൺ 1 മുതൽ.
4. മാർ ടോണി നീലങ്കാവിൽ – മാനേജർ സെന്റ് തോമസ് അക്കാദമി കൂടി; സാധുത 2018 മാർച്ച് 28 മുതൽ.
5. ഫാ. സ്റ്റിഷിൻ കുണ്ടുകുളം – അസി. മാനേജർ സെന്റ് തോമസ് അക്കാദമി കൂടി; സാധുത 2018 മാർച്ച് 28 മുതൽ.
6. ഫാ. ജോൺസൻ കുണ്ടുകുളം– വികാരി പല്ലിശ്ശേരി കൂടി; സാധുത 2018 മെയ് 30 മുതൽ.
7. ഫാ. ജോയ് കൂത്തൂർ– കപ്ലോൻ എഫ്. എസ്. സി. പല്ലിശ്ശേരി (പാലിയേറ്റീവ് കെയർ ആശുപത്രി) കൂടി; സാധുത 2018 മെയ് 30 മുതൽ.
8. ഫാ. ജസ്റ്റിൻ തടത്തിൽ – വികാരി തൃപ്രയാർ (താന്ന്യം); വികാരി പല്ലിശ്ശേരി & കപ്ലോൻ എഫ്. എസ്. സി. ഒഴിവായി; സാധുത 2018 മെയ് 30 മുതൽ.
9. ഫാ. ജോയ് കിടങ്ങൻ– പഠനാവധി; വികാരി തൃപ്രയാർ (താന്ന്യം) ഒഴിവായി; സാധുത 2018 മെയ് 30 മുതൽ.
10 ഫാ. ചാലിശ്ശേരി സിറിയക് – നടത്തുവികാരി തണ്ടിലം & കപ്ലോൻ എസ്. ജെ. എസ്. എം. ഒഴിവായി; സാധുത 2018 മെയ് 30 മുതൽ.
11 ഫാ. അറങ്ങാശ്ശേരി സനോജ് – നടത്തുവികാരി തണ്ടിലം & കപ്ലോൻ എസ്. ജെ. എസ്. എം.; പ്രീസ്റ്റ്–ഇൻ–ചാർജ്ജ് കാക്കശ്ശേരി ഒഴിവായി; സാധുത 2018 മെയ് 30 മുതൽ.
12. ഫാ. ഒലക്കേങ്കിൽ ദിജോ – പ്രീസ്റ്റ്–ഇൻ–ചാർജ്ജ് കാക്കശ്ശേരി; വികാരി വില്ലടം ഒഴിവായി; സാധുത 2018 മെയ് 30 മുതൽ.
13. ഫാ. ചെമ്പകശ്ശേരി ആന്റണി– മാനേജർ സെന്റ് ജോസഫ്സ് സ്കൂൾ കുരിയച്ചിറ ഒഴിവായി; സാധുത 2018 മെയ് 30 മുതൽ.
14. ഫാ. അയ്യങ്കാനയിൽ ജോൺ– മാനേജർ സെന്റ് ജോസഫ്സ് സ്കൂൾ കുരിയച്ചിറ; ഒല്ലൂർ വികാരി & ഫൊറോന വികാരി, കപ്ലോൻ സി. എം. സി. മഠങ്ങൾ, എസ്. ഡി. മഠം അഞ്ചേരി ഒഴിവായി; സാധുത 2018 മെയ് 30 മുതൽ.

15. ഫാ. കോനിക്കര ജോസ് Jr.- ഒല്ലൂർ വികാരി & ഫൊറോന വികാരി, കപ്ലോൻ സി. എം. സി. മഠങ്ങൾ; വികാരി ഒളരിക്കര, കപ്ലോൻ സി. എച്ച്. എഫ്. മഠങ്ങൾ, എസ്. എസ്. പി. സി., സെന്റ് ആൻ മഠങ്ങൾ ഒഴിവായി; സാധുത 2018 മെയ് 30 മുതൽ; സാധുത 2018 മെയ് 30 മുതൽ.

16. ഫാ. ഊക്കൻ ഷാജു – വികാരി ഒളരിക്കര, കപ്ലോൻ സി. എച്ച്. എഫ്. മഠങ്ങൾ, എസ്. എസ്. പി. സി., സെന്റ് ആൻ മഠങ്ങൾ; വികാരി പടവരാട്, കപ്ലോൻ എഫ്. സി. സി. മഠങ്ങൾ, എസ്. എ. ബി. എസ്. മഠം ഒഴിവായി; സാധുത 2018 മെയ് 30 മുതൽ.

17. ഫാ. വെട്ടത്ത് സെബാസ്റ്റ്യൻ – വികാരി പടവരാട്, കപ്ലോൻ എഫ്. സി. സി. മഠങ്ങൾ, എസ്. എ. ബി. എസ്. മഠം; വികാരി പുതുരുത്തി, കപ്ലോൻ എസ്. ജെ. എസ്. എം. ഒഴിവായി; സാധുത 2018 മെയ് 30 മുതൽ.

18. ഫാ. ചീരമ്പൻ ഷാജൻ– വികാരി പുതുരുത്തി, കപ്ലോൻ എസ്. ജെ. എസ്. എം.; സാധുത 2018 മെയ് 30 മുതൽ.

19. ഫാ. പുളിക്കൻ പോൾ– റസിഡന്റ് ടീച്ചർ മേരിമാത മേജർ സെമിനാരി; ഡയറക്ടർ എക്യുമെനിസം & ഇന്റർ റിലീജിയസ് ഡയലോഗ് കൂടി; സെക്രട്ടറി കലാസദൻ, പ്രോ–വികാരി ചൂലിശ്ശേരി, കപ്ലോൻ അഞ്ചേരി മറിയം ത്രേസ്യ നിലയം എന്നിവ ഒഴിവായി; സാധുത 2018 മെയ് 30 മുതൽ.

20. ഫാ. ആലപ്പാടൻ ഫിജോ – നടത്തു വികാരി മാന്ദാമംഗലം, സെക്രട്ടറി കലാസദൻ; സാധുത 2018 മെയ് 30 മുതൽ.

21. ഫാ. കരേരക്കാട്ടിൽ അൽജോ– പഠനാവധി; വികാരി മാന്ദാമംഗലം ഒഴിവായി; സാധുത 2018 മെയ് 30 മുതൽ.

22. ഫാ. ചാലക്കൽ സെബാസ്റ്റ്യൻ– വികാരി എടക്കളത്തൂർ, കപ്ലോൻ എസ്. എൻ. ഡി. എസ്. & ഹോളിക്രോസ് മഠം ഒഴിവായി; സാധുത 2018 മെയ് 30 മുതൽ.

23. ഫാ. ചിറമ്മൽ ഡേവിസ് Sr.– വികാരി എടക്കളത്തൂർ, കപ്ലോൻ എസ്. എൻ. ഡി. എസ്. & ഹോളിക്രോസ് മഠം; സാധുത 2018 മെയ് 30 മുതൽ.

24. ഫാ. കീറ്റിക്ക ഫിനോഷ് –പാസ്റ്ററൽ മിനിസ്ട്രി രാമനാഥപുരം 2019 ജനുവരി വരെ; സാധുത 2018 മെയ് 30 മുതൽ.

25. ഫാ. എടക്കുളത്തൂർ ജിമ്മി – അസി. ഡയറക്ടർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് കൂടി; സാധുത 2018 മെയ് 30 മുതൽ.

26. ഫാ. മുരിങ്ങാത്തേരി സിജോ– പഠനാവധി; അസി. ഡയറക്ടർ ഡി. ബി. സി. എൽ. സി. & ഡയറക്ടർ ചിൽഡ്രൻസ് മിനിസ്ട്രി ഒഴിവായി; സാധുത 2018 മെയ് 30 മുതൽ.

27. ഫാ. കൊള്ളന്നൂർ റോയ്സൻ– അസി. ഡയറക്ടർ ഡി. ബി. സി.എൽ.സി. & ഡയറക്ടർ ചിൽഡ്രൻസ് മിനിസ്ട്രി കൂടി; സാധുത 2018 മെയ് 30 മുതൽ.

28. ഫാ. കൂള ഡിറ്റോ – കപ്ലോൻ അസ്സീസി എഫ്. സി. സി. കൂടി; സ്നേഹഭവൻ & ഹോളിസ്പിരിറ്റ് സി. എസ്. എം. മഠങ്ങൾ ഒഴിവായി; സാധുത 2018 മെയ് 30 മുതൽ.

29. ഫാ. ഏലന്താനത്ത് നൈസൻ – കപ്ലോൻ സ്നേഹഭവൻ & ഹോളിസ്പിരിറ്റ് സി. എസ്. എം. മഠങ്ങൾ കൂടി.

30. മോൺ. കോമ്പാറ ജോർജ്ജ്– ബലിയർപ്പണം പടവരാട് എഫ്. സി.സി. മഠങ്ങൾ കൂടി; സാധുത 2018 മെയ് 30 മുതൽ.

31. ഫാ. ചിറ്റിലപ്പിള്ളി ബിനോയ് – പാസ്റ്ററൽ മിനിസ്ട്രി ഇറ്റലി; നോട്ടറി ട്രൈബ്യൂണൽ ഒഴിവായി; സാധുത 2018 മെയ് 30 മുതൽ.

32. ഫാ. ചിറ്റിലപ്പിള്ളി ഷിജു –ഡയറക്ടർ എക്യുമെനിസം & ഇന്റർ റിലീജിയസ് ഡയലോഗ് ഒഴിവായി; സാധുത 2018 മെയ് 30 മുതൽ.

33. ഫാ. വടക്കേത്തല ജെയ്സൻ– കപ്ലോൻ അഞ്ചേരി എസ്. ഡി. കൂടി; സാധുത 2018 മെയ് 30 മുതൽ.

34. ഫാ. ഇ. ജെ. തോമസ് SJ - ടീച്ചർ മേരിമാത മേജർ സെമിനാരി ഒഴിവായി; സാധുത 2018 ഏപ്രിൽ 30 മുതൽ.

35. ഫാ. സ്റ്റിഷിൻ കുണ്ടുകുളം – കപ്ലോൻ അഞ്ചേരി മറിയം ത്രേസ്യ നിലയം കൂടി; സാധുത 2018 മെയ് 30 മുതൽ.

36. ഫാ. ജീജോ വള്ളൂപ്പാറ – പ്രോ–വികാരി ചൂലിശ്ശേരി കൂടി; സാധുത 2018 മെയ് 30 മുതൽ.

37. ഫാ. മാത്യു പെരുമ്പള്ളി – റസിഡന്റ് ടീച്ചർ മേരിമാത മേജർ സെമിനാരി; സാധുത മെയ് 30 മുതൽ.

38. ഫാ. ജോസഫ് തലോടി – റസിഡന്റ് ടീച്ചർ മേരിമാത മേജർ സെമിനാരി; സാധുത മെയ് 30 മുതൽ.

39. ഡീ. സഹേഷ് മഠത്തിൽ CMI- ഡീക്കൻ മിനിസ്ട്രി കുരിയച്ചിറ; സാധുത 2018 മെയ് 14 മുതൽ ഒക്ടോബർ 31 വരെ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

# പറോക്ക് : വൈദികർക്കായുള്ള തുടർപരിശീലന പരിപാടി

മൂന്നാം അതിരൂപത അസംബ്ലിയുടെയും വൈദിക അസംബ്ലികളുടെയും ഒരു പ്രധാന നിർദ്ദേശമായിരുന്നല്ലോ ബഹു.വൈദികരുടെ കാലാനുസൃതമായ തുടർ പരിശീലനത്തിനുള്ള വേദികൾ ഒരുക്കണമെന്നുള്ളത്. CBCIയുടെ മാർഗ്ഗ നിർദ്ദേശമനുസരിച്ച്, Safe Work Enviornment എന്ന വിഷയത്തിൽ വൈദികർക്ക് ആവശ്യമായ അറിവും പരിശീലനവും നല്കേണ്ടിയിരിക്കുന്നു. മേൽ സൂചിപ്പിച്ചവയും, അതിരൂപതയുടെ അജപാലന ആവശ്യങ്ങളും പരിഗണിച്ച്, നമ്മുടെ അതിരൂപതയിലെ വൈദികർക്കു വേണ്ടി ദ്വിദിന തുടർപരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. എട്ട് ബാച്ചുകളിലായിട്ടാണ് തുടർപരിശീലനം ക്രമീകരിച്ചിരിക്കുന്നത്. സുരക്ഷിത അജപാലന ഇടങ്ങൾ സൃഷ്ടിക്കൽ എന്ന വിഷയത്തെ അധികരിച്ച് നടത്തപ്പെടുന്ന ഇതിൽ, 75 വയസ്സിനു താഴെയുള്ള, അതിരൂപതയിൽ ഇപ്പോൾ ശുശ്രൂഷയിലുള്ള എല്ലാ വൈദികരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. വിശദ വിവരങ്ങളും ഓരോ വൈദികനും പങ്കെടുക്കേണ്ട ബാച്ചും താഴെ കൊടുക്കുന്നു.

ഒരോ ദിവസവും ഉച്ചതിരിഞ്ഞ് 2.30 മുതൽ പിറ്റേ ദിവസം ഉച്ചതിരിഞ്ഞ് 3.00വരെയാണ് പരിശീലനപരിപാടി ക്രമീകരിച്ചിരിക്കുന്നത്.

പങ്കെടുക്കുന്നവർക്കായി താമസ സൗകര്യം DBCLCയിൽ ക്രമീകരിച്ചിരിക്കുന്നു.

ഗൗരവമായ കാരണങ്ങളാൽ പങ്കെടുക്കുന്ന ദിവസത്തിൽ വ്യത്യാസം ആവശ്യമുള്ളവർ അതിരൂപത കാര്യാലയവുമായി ബന്ധപ്പെ ടേണ്ടതാണ്.

പങ്കെടുക്കുന്ന ദിവസങ്ങളിലെ പരിപാടികൾ ക്രമീകരിച്ച്, DBCLC യിൽ താമസിച്ച്, മുഴുവൻ സമയവും പരിശീലനത്തിൽ സംബന്ധിക്കേണ്ടതാണ്.

നമ്മുടെ അതിരൂപതയുടേയും വൈദികരുടേയും നന്മയെ ലക്ഷ്യമാക്കിയും പൗരോഹിത്യ ശുശ്രൂഷ കൂടുതൽ കാര്യക്ഷമമാക്കാൻ സഹായിക്കുന്നതിനു വേണ്ടിയുമുള്ള ഈ പരിശീലന പരിപാടിയിൽ എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ ലിസ്റ്റിൽ പേർ ഇല്ലാത്ത, എന്നാൽ പരിശീലന പരിപാടിയിൽ പങ്കെടുക്കണമെന്ന് ആഗ്രഹമുള്ള തൃശ്ശൂർ അതിരൂപതയിലെ വൈദി കർ അതിരൂപതാ കാര്യാലയ വുമായി ബന്ധപ്പെട്ട് പേർ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**മാർ ടോണി നീലങ്കാവിൽ**
പ്രോട്ടോ സിഞ്ചല്ലൂസ്

**(July 16-17 – Mon-Tue)**

1. Rev. Fr. Akkamattathil Shonson
2. Rev. Fr. Alanthanath Nysson
3. Rev. Fr. Aloor Francis
4. Rev. Fr. Appadan Babu
5. Rev. Fr. Chakkalakkal Davis
6. Rev. Fr. Chalakkal Jose
7. Rev. Fr. Chelappadan George
8. Rev. Fr. Chiramel Chacko
9. Rev. Fr. Chirayath Shaju
10. Rev. Fr. Kanjirathingal Baiju
11. Rev. Fr. Kannanaikal Wilson
12. Rev. Fr. Koreth Joyson
13. Rev. Fr. Malokkaran Jikson
14. Rev. Fr. Panattuparambil Babu
15. Rev. Fr. Panthallookkaran Devassy
16. Rev. Fr. Peramangalath Paul
17. Rev. Fr. Pereppadan Jinto
18. Rev. Fr. Pindiyan Paul
19. Rev. Fr. Pindiyan Prince
20. Rev. Fr. Pontekkan Sinto
21. Rev. Fr. Poopadi Thomas
22. Rev. Fr. Pulikkan Paul
23. Rev. Fr. Punnoliparambil Jos
24. Rev. Fr. Puthiri Frango
25. Rev. Fr. Thaikkattil Sonjai
26. Rev. Fr. Thaliyath Nibin
27. Rev. Fr. Thanissery Raphael
28. Rev. Fr. Thekkanath Paul
29. Rev. Fr. Thekkumpuram Jaison
30. Rev. Fr. Thermadom George
31. Rev. Fr. Ukken Varghese
32. Rev. Fr. Vadakkan Sajan
33. Rev. Fr. Vazhappilly Vinoy
34. Rev. Fr. Vazhappilly Tony
35. Rev. Fr. Vithayathil Daveed
36. Rev. Fr. Vithayathil Kozhukkullikaran Rijo

**(July 17-18 Tue-Wed)**

1. Rev. Fr. Adambukulam Joy
2. Rev. Fr. Alapatt Paul
3. Rev. Fr. Aloor Joju (George)
4. Rev. Fr. Arangassery Saleesh
5. Rev. Fr. Cheradai Geo
6. Rev. Fr. Chiramel Davis Sr.
7. Rev. Fr. Chiramel Jolly
8. Rev. Fr. Chirayath Anto
9. Rev. Fr. Chirayath Denny

10. Rev. Fr. Chiriyankandath Geo
11. Rev. Fr. Chittilappilly Lijo
12. Rev. Fr. Chittilappilly Vincent
13. Rev. Fr. Edathiruthy Jojo
14. Rev. Fr. Emmatty Sajeev
15. Rev. Fr. Kakkassery Tony Thomas
16. Rev. Fr. Kanjirathingal Varghese
17. Rev. Fr. Kappilamnirappel Jijo
18. Rev. Fr. Kariyattil Varghese
19. Rev. Fr. Kidangan John
20. Rev. Fr. Kolambrath Martin
21. Rev. Fr. Koonamplakkal Jackson
22. Rev. Fr. Kuttikkatt Jinto
23. Rev. Fr. Kuttikottayil Mathew
24. Rev. Fr. Marottickal Alex
25. Rev. Fr. Mundopuram Daison
26. Rev. Fr. Neelamkavil Anson
27. Rev. Fr. Palathingal Varghese
28. Rev. Fr. Payyappilly Paul
29. Rev. Fr. Pidiyath Wilson
30. Rev. Fr. Poruthur Joju
31. Rev. Fr. Puthur Sebi
32. Rev. Fr. Thaikkattil Saijo
33. Rev. Fr. Thalakkottoor Francis
34. Rev. Fr. Tharakan Francis
35. Rev. Fr. Thattil Raphy
36. Rev. Fr. Thattil Soly

**(July 18-19, Wed- Thu)**

1. Rev. Fr. Akkamattathil Raphael
2. Rev. Fr. Aloor Joshy
3. Rev. Fr. Chiramel Davis, Jr.
4. Rev. Fr. Chiriyankandath Ginsen
5. Rev. Fr. Chittattukara Seby
6. Rev. Fr. Chittilapilly Jaison
7. Rev. Fr. Chittilappilly Shiju
8. Rev. Fr. Edakkalathur Thomas
9. Rev. Fr. Kakkassery Bestin
10. Rev. Fr. Kakkassery Thomas
11. Rev. Msgr. Kombara George
12. Rev. Fr. Koothur Joy
13. Rev. Fr. Kundukulam Johnson
14. Rev. Fr. Kurissery Ittiachan
15. Rev. Fr. Kuzhikkattumyalil Sijohn
16. Rev. Fr. Moolan John
17. Rev. Fr. Nellickal Aneesh
18. Rev. Fr. Nirappukalayil George Thomas
19. Rev. Fr. Olakkengil Johnson
20. Rev. Fr. Panamkulam Davis
21. Rev. Fr. Panengadan Anto
22. Rev. Fr. Payikkatt Sobin
23. Rev. Fr. Perumattil Christon
24. Rev. Fr. Poovathukkaran Joseph
25. Rev. Fr. Poruthur Daijo

26. Rev. Fr. Pulikkan Siju
27. Rev. Fr. Thanikkal Lazar
28. Rev. Fr. Thathrathil Jos
29. Rev. Fr. Thattil Linto
30. Rev. Fr. Thattil Paulson
31. Rev. Fr. Thazhath Jickson
32. Rev. Fr. Thekkanath Justin
33. Rev. Fr. Thermadam Simon
34. Rev. Fr. Vadakkethala Jaison
35. Rev. Fr. Vadakoot Thomas
36. Rev. Fr. Valluppara Jeejo

**(July 19-20, Thu – Fri)**

1. Rev. Fr. Ainikkal Jose
2. Rev. Fr. Alappadan Fijo
3. Rev. Fr. Alappat Biju
4. Rev. Fr. Ammuthan Antony
5. Rev. Fr. Arangassery Jose
6. Rev. Fr. Arangassery Sanoj
7. Rev. Fr. Chazhoor Domini
8. Rev. Fr. Chembakassery Antony
9. Rev. Fr. Cheruvathur Chacko
10. Rev. Fr. Chiramel Christeen
11. Rev. Fr. Chiriyankandath Joju
12. Rev. Fr. Edakulathur George
13. Rev. Fr. Eluvathingal Antos
14. Rev. Fr. Emmatty Jomon
15. Rev. Fr. Kidangan Benny
16. Rev. Fr. Koothur Febin
17. Rev. Fr. Kundukulangara Jovy
18. Rev. Fr. Kunnappilly Tens
19. Rev. Fr. Marottikkal Majo
20. Rev. Fr. Mookken Joy
21. Rev. Fr. Muringathery Jijo
22. Rev. Fr. Muttath Francis
23. Rev. Fr. Nadakkeveliyil Chacko
24. Rev. Fr. Neelankavil Francis
25. Rev. Fr. Neelankavil Pauly
26. Rev. Fr. Poovathingal Prince
27. Rev. Fr. Punnoliparambil Bastian
28. Rev. Fr. Thanikkal Paul
29. Rev. Fr. Thekkath Franso
30. Rev. Fr. Ukken Johnson
31. Rev. Fr. Vadakkethala Thomas
32. Rev. Fr. Vattanirappel Jaison
33. Rev. Fr. Vazhappilly Jibi
34. Rev. Fr. Velakombil Roy
35. Rev. Fr. Velookaran Thomas
36. Rev. Fr. Vettath Sebastian

**(July 20-21, Fri – Sat)**

1. Rev. Fr. Chakkery Mathew
2. Rev. Fr. Chalissery Johnson
3. Rev. Fr. Cherayath Davis Sr.
4. Rev. Fr. Cherayath Davis, Jr.
5. Rev. Fr. Chirayath Joffy
6. Rev. Fr. Chiriyankandath Lijo Jose
7. Rev. Fr. Chittilappilly Antony
8. Rev. Fr. Chullikadan Joby

9. Rev. Fr. Edakkalathoor Varghese
10. Rev. Fr. Edakulathur Jimmy
11. Rev. Fr. Kallarakkal Pratheesh
12. Rev. Fr. Kallikadan Starzon
13. Rev. Fr. Kallikkadan Paul
14. Rev. Fr. Kanjirathingal Prinson
15. Rev. Fr. Kochupurackal Kuriakose
16. Rev. Fr. Kollannoor Joy
17. Rev. Fr. Kollannoor Royson
18. Rev. Fr. Koola Ditto
19. Rev. Fr. Koothur Vellattu-kara Anish
20. Rev. Fr. Kunnappilly Teds
21. Rev. Fr. Mapranathukaran Shijo
22. Rev. Fr. Maroky Dennis
23. Rev. Fr. Muthupeedika Raphael
24. Rev. Fr. Nettikadan David
25. Rev. Fr. Olakkengil Dunstan
26. Rev. Fr. Pulikottil Jaison
27. Rev. Fr. Punnassery Jaison
28. Rev. Fr. Puthur Joy
29. Rev. Fr. Renald Pulikkottil
30. Rev. Fr. Thaliyaparambil Liril
31. Rev. Fr. Thermadam Shajan
32. Rev. Fr. Vadakkan Raphael
33. Rev. Fr. Vallooran Jose
34. Rev. Fr. Vazhaparambil Clement
35. Rev. Fr. Vazhappilly Francis (Twinkle)
36. Rev. Fr. Vazhappilly Francis, Sr.

**(July 23-24, Mon – Tue)**

1. Rev. Fr. Ainickal Johnson
2. Rev. Fr. Akkara Raju
3. Rev. Fr. Alappat Bastin
4. Rev. Fr. Arackel Paul
5. Rev. Fr. Arassery Joseph
6. Rev. Fr. Chakkalakkal Seejan
7. Rev. Fr. Chalakkal Jackson
8. Rev. Fr. Chiriyamkandath Prince
9. Rev. Fr. Chittilappilly Jinto
10. Rev. Fr. Chittilappilly John
11. Rev. Fr. Edakalathur Louis
12. Rev. Fr. Francis Pallikkunnath
13. Rev. Fr. Kadavi Geo
14. Rev. Fr. Kaippullyparamban Benny
15. Rev. Fr. Kanjirathingal Anto
16. Rev. Fr. Kanjirathingal Seby
17. Rev. Fr. Koonamplakkal Jaison
18. Rev. Fr. Koothur Francis
19. Rev. Fr. Mandumpal Taison
20. Rev. Fr. Manjaly Francis
21. Rev. Fr. Mapranathukaran Pradheep
22. Rev. Fr. Mecheripady Antony
23. Rev. Fr. Muringathery Joy

24. Rev. Fr. Nandikkara Ignatius
25. Rev. Fr. Ollukkaran Anto
26. Rev. Fr. Parokkaran Joshy
27. Rev. Fr. Pulikkottil Davis
28. Rev. Fr. Pullokkaran Raphael
29. Rev. Fr. Puthur Joby
30. Rev. Fr. Thalonikkara Savio
31. Rev. Fr. Tharakan Varghese
32. Rev. Fr. Ukken Shaju
33. Rev. Fr. Vadakkan Job
34. Rev. Fr. Vadakkoott James
35. Rev. Fr. Vazhappilly Frajo

**(July 24-25, Tue –Wed)**

1. Rev. Fr. Ambooken Noby
2. Rev. Fr. Anthikadan Johnson
3. Rev. Fr. Anthikkatt Joseph
4. Rev. Fr. Chemmannoor John Paul
5. Rev. Fr. Chirammel Able
6. Rev. Fr. Chittilappilly Shelton
7. Rev. Fr. Choondal Thomas
8. Rev. Fr. Edakkalathur Jose
9. Rev. Fr. Eluvathingal Rojo
10. Rev. Fr. Inchodikkaran James
11. Rev. Fr. Kachappilly Jos
12. Rev. Fr. Kulangara Printo
13. Rev. Fr. Kundukulam Stishin
14. Rev. Fr. Kuthur Varghese
15. Rev. Fr. Maroky Jaison
16. Rev. Fr. Muringathery Joseph
17. Rev.Fr.Muringathery Naveen
18. Rev. Fr. Olakkengil Dijo
19. Rev. Fr. Olappurakkal Rinjo
20. Rev. Fr. Padayattil Job
21. Rev. Fr. Palathingal Paulson
22. Rev. Fr. Pindiyan Sajan
23. Rev. Fr. Ponthekan Jomon
24. Rev. Fr. Poozhikkunnel Justin
25. Rev. Fr. Pulikottil Jose
26. Rev. Fr. Thacharattil Jacob
27. Rev. Fr. Thadathil Justin
28. Rev. Fr. Thanikkal Denny
29. Rev. Fr. Thanikkal Manoj
30. Rev. Fr. Thattil Jense
31. Rev. Fr. Thekkekara Davis
32. Rev. Fr. Thorayan Sinto
33. Rev. Fr. Vazhappilly Bilju
34. Rev. Fr. Vennattu-parambil Joshy
35. Rev. Fr. Vettath Mathew

**(July 25 -26, Wed – Thu)**

1. Rev. Fr. Alapatt Francis
2. Rev. Fr. Alappatt Biju Joseph
3. Rev. Fr. Alukka Antony
4. Rev. Fr. Anthikkatt Johnson
5. Rev. Fr. Arimboor Johnson
6. Rev. Fr. Ayyankanayil John
7. Rev. Fr. Chalissery Lijo
8. Rev. Fr. Cheruvathoor Joyson
9. Rev. Fr. Chittilappilly Joffy

10. Rev. Fr. Chittilappilly Anish
11. Rev. Fr. Eluvathingal Justin
12. Rev.Fr. Kanimangalathukaran Vincent
13. Rev. Fr. Karippery Varghese
14. Rev. Fr. Kavalakkatt Franco
15. Rev. Fr. Kavalakkatt Seby
16. Rev. Fr. Konikkara Jose, Jr.
17. Rev. Fr. Kuruthukulangara Antony
18. Rev. Fr. Maliyammavu Paul
19. Rev. Fr. Mekkattukulam Jiphy
20. Rev. Fr. Mookken Roy
21. Rev. Fr. Mullakkara Tijo
22. Rev. Fr. Muringathery Jomon
23. Rev. Fr. Panackal Joju
24. Rev. Fr. Panengadan John
25. Rev. Fr. Parekkatt Johny Antony
26. Rev. Fr. Pavartikaran John
27. Rev. Fr. Perinchery Ajeesh
28. Rev.Fr. Thalakkoden Dominic
29. Rev. Fr. Tharakan Geo
30. Rev. Fr. Tharayil Demin
31. Rev. Fr. Thayyalakkal Flergin
32. Rev. Fr. Thekkekara Jose, Jr.
33. Rev. Fr. Thekkiniyath Geo
34. Rev. Fr. Vadakkan Roy Joseph
35. Rev. Fr. Vadakkethala Saju
36. Rev. Fr. Vattakuzhy Jose

ഞാൻ എന്റെ പിതാവിന്റെ നാമത്തിൽ
വന്നിരിക്കുന്നു.

*യോഹന്നാൻ 5:43*

## മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ജൂലൈ മാസത്തെ പരിപാടികൾ

# JULY 2018

| Date | Day | Time | Description |
|---|---|---|---|
| 01 | Sun | Evening | Holy Mass and Presbytery blessing at Manjakkunnu |
| 02 | Mon | Noon | Centenary Celebration Holy Mass at St. Thomas College |
| 03 | Tue | Morning | School Blessing at Aloor |
| | | | Dhukhrana Celebration at Palayoor |
| | | Evening | Inauguration of Ecumenical meeting at St. Mary's Minor Seminary |
| 04 | Wed | Morning | **For the People** |
| | | Afternoon | Institution Directors' Meeting (Education) |
| 05 | Thu | | One Day Priests' Conference |
| 06 | Fri | Morning | Curia Meeting |
| | | | **For Priests and Religious** |
| | | Afternoon | Archeparchial Corporate Merit Day |
| | | Evening | Finance Council |
| 07 | Sat | Morning | Excel Academy IAS Coaching Inauguration at Avinissery. |
| | | | Christian Chair Annual Body Inauguration – St. Thomas' College |
| | | Afternoon | Meeting of Mercy Ministers at Family Apostolate |
| 08 | Sun | | Pastoral Visit at Chembukkavu |
| 09 | Mon | Morning | Engaged |
| | | Afternoon | Institution Directors' meeting (Social) |
| | | Evening | Jubilee Mission Hospital Trust Meeting |

| | | | |
|---|---|---|---|
| 10 | Tue | Morning | Curia Meeting |
| | | | Tribunal Curia Meeting |
| | | Afternoon | PACT Meeting at Archbishop's House |
| 12 | Thu | Afternoon | Institution Directors' Meeting (Pastoral) |
| 13 | Fri | Morning | Holy Mass at Marymatha Major Seminary |
| | | | Curia Meeting **For the people** |
| 14 | Sat | Morning | Youth Meet at Dolours Basilica Forane |
| | | Afternoon | Parish PRO Meet at Archbishop's House |
| 15 | Sun | | Pastoral Visit at Snehapuram |
| 16-18 | | | Ongoing Formation of Priests |
| 17-18 | | | Alwaye Major Seminary Commission |
| 19 | Thu | Morning | Archdiocesan Consultors' Meeting |
| | | | Ongoing Formation of Priests |
| | | Evening | Bible Convention concluding at West Fort |
| 20 | Fri | Morning | Curia Meeting |
| | | | Ongoing Formation of Priests |
| 21 | Sat | Morning | St. Thomas College Convocation Day |
| | | Evening | Jubilee Medical College Convocation Day |
| 22 | Sun | | Pastoral Visit |
| 23 | Mon | | Ongoing Formation of Priests |
| 24 | Tue | Morning | Curia Meeting |
| 25 | Wed | | Feast day of Mar Jacob Thoomkuzhy |
| | | | Ongoing Formation of Priests |
| 26 | Thu | Morning | **For Priests and Religious** |
| | | Evening | Ongoing Formation of Priests |
| | | | Meeting of Province Bishops at Irinjalakuda |
| 27 | Fri | Morning | Meeting of Province Bishops at Irinjalakuda |
| 28 | Sat | Morning | Diaconate Ordination (OSST) at Aranattukara |
| | | Afternoon | Benefactors' Day at Marymatha Major Seminary |
| | | | Archdiocesan Media Day Celebration |
| 29 | Sun | | Pastoral Visit at Pangarapilly |
| 31 | Tue | Morning | Curia Meeting |

## മാർ ടോണി നീലങ്കാവിൽ പിതാവിന്റെ ജൂലൈ മാസത്തെ പരിപാടികൾ

# JULY 2018

| Date | Day | Time | Description |
|---|---|---|---|
| **1** | **Sun** | | Pookunnam Pastoral Visit |
| 2 | Mon | Morning | Pookunnam- Mass with the Religious, Avittathur- Mass |
| | | Afternoon | Engaged |
| | | Evening | Ambazhakad Forane church- Mass |
| 3 | Tue | Morning | Paravoor- Festal Mass |
| 4 | Wed | Morning | Minor Seminary- Mass |
| | | Afternoon | Institutions' Directors' Meeting |
| 5 | Thu | | Presbyterium |
| 6 | Fri | Morning | Curia (Office work) |
| | | Afternoon | For the People |
| | | Evening | Finance Council |
| 7 | Sat | | Engaged |
| **8** | **Sun** | Afternoon | DBCLC- BA Theology Class |
| 9 | Mon | Morning | Classes in Marymatha Major Seminary |
| | | Afternoon | Institutions' Directors' Meeting |
| | | Evening | JUBILEE Hospital Trust Meeting |
| 10 | Tue | Morning | Tribunal Curia Meeting |
| | | Evening | Editorial Catholicasabha |
| 11 | Wed | Morning | Classes in Marymatha Seminary |
| | | Afternoon | Engaged |
| 12 | Thu | Morning | Classes in Marymatha Seminary |
| | | Afternoon | Institutions' Directors' Meeting |
| 13 | Fri | Morning | Amballur- Marriage Course, Mass MEPC, Marymatha Symposium |
| 14 | Sat | Morning | MEPC, Marymatha Symposium Pastoral Council (Jubilee) |

| | | | |
|---|---|---|---|
| | | Afternoon | ABP House- Parish PRO Gathering |
| **15** | **Sun** | Morning | Valappad- *Oottuthirunal* Mass, Palayoor- *Darpannathirunnal* Mass |
| | | Evening | Palackal- Youth Assembly Mass |
| 16 | Mon | Morning | Classes in Marymatha Seminary |
| 17 | Tue | | Curia (Office work) |
| 18 | Wed | Morning | Classes in Marymatha Seminary |
| | | Evening | Engaged |
| 19 | Thu | Morning | Consultor's Meeting |
| | | Afternoon | For Priests and the Religious |
| 20 | Fri | Morning | Bharannanganam- St. Alphonsa, Mass and Message |
| | | Evening | Visitors' Time |
| 21 | Sat | | DBCLC- Karuna Trust General Body |
| **22** | **Sun** | Morning | Pulakkattukara- Silver Jubilee Mass |
| | | Afternoon | DBCLC- BA Theology Class |
| 23 | Mon | | Classes in Marymatha Seminary |
| 24 | Tue | | For the People |
| 25 | Wed | Morning | Classes in Marymatha Seminary |
| | | Afternoon | Engaged |
| 26 | Thu | Morning | Peechi - Holy mass convent of SSJW |
| 27 | Fri | | Bishops' Monthly Recollection |
| 28 | Sat | Morning | Curia (Office work) |
| | | Afternoon | Medlicott Hall - St. Thomas College- Archdiocesan Media Award Day |
| | | Evening | Pullazhi- St Joseph Mental Health Care, Scholarship Distribution |
| **29** | **Sun** | Morning | Varakkara South - *Oottuthirunal* Mass |
| | | Afternoon | CLC Loyola Day, Palayoor |
| 30 | Mon | Evening | Mulayam - St. Pius Convent, Mass |
| 31 | Tue | Morning | For the People |



# നാളാഗമം

## മെയ് 2018

01. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ നടത്തറ ഇടവകയിൽ ലോക തൊഴിലാളി ദിനത്തോടനുബന്ധിച്ച് വി. ബലിയർപ്പിക്കുകയും പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് കുരിയച്ചിറ ഇടവക നൽകുന്ന 5 കാരുണ്യഭവനങ്ങളുടെ ആശീർവാദകർമ്മം നിർവഹിച്ചു. ശേഷം സി. ലീന സി. എം. സി. യുടെ മൃതസംസ്കാരശുശ്രൂഷകളിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

02–04 അഭിവന്ദ്യ താഴത്ത് പിതാവ് ബംഗളൂരുവിൽ നടന്ന സി.ബി.സി.ഐ. സ്റ്റാൻഡിംഗ് കമ്മറ്റി യോഗത്തിൽ പങ്കെടുത്തു.

04. അഭിവന്ദ്യ താഴത്ത് പിതാവ് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ചു നടന്ന മാർ മെഡ്‌ലിക്കോട്ട് പിതാവിന്റെ 100–ാം ചരമവാർഷിക അനുസ്മരണസമ്മേളനത്തിൽ പങ്കെടുത്തു. വൈകിട്ട് തൃശ്ശൂരിൽ മെയ് 13ന് നടക്കാനിരുന്ന സീറോ മലബാർ സമുദായസംഗമത്തോടനുബന്ധിച്ച് മാർ റെമേജിയൂസ്

ഇഞ്ചിനാനിയിൽ പിതാവിന്റെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ പങ്കെടുത്തു.

05. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പാലക്കലിൽ സി. സെലിൻ എസ്. ഡി. യുടെ മൃതസംസ്കാരകർമ്മങ്ങളിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് മുളയം ഇടവകപള്ളിയിൽ നിർമ്മലദാസി സന്യാസിനീ സമൂഹത്തിന്റെ സിൽവർ ജൂബിലി, നിത്യവ്രതം എന്നിവയോടനുബന്ധിച്ച് കൃതജ്ഞതാബലിയർപ്പിച്ചു.

06. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പൊന്നൂക്കരയിൽ പുത്തൂർ ഫൊറോന സമുദായസംഗമത്തോടനുബന്ധിച്ച് നടത്തിയ വാഹനപ്രചരണ ജാഥ ഫ്ളാഗ് ഓൺ കർമ്മം നിർവഹിച്ചു. തുടർന്ന് പൊന്നൂക്കര ഇടവകയിൽ ഇടയസന്ദർശനം നടത്തി. വൈകിട്ട് പാലക്കലിൽ ഒല്ലൂർ ഫൊറോനയുടെ നേതൃത്വത്തിൽ നടത്തിയ വാഹനപ്രചരണജാഥയുടെ സമാപനത്തിൽ അധ്യക്ഷത വഹിച്ചു.

07. അഭിവന്ദ്യ താഴത്ത് പിതാവ് സി. മേഴ്സി എഫ്. സി. സി. യുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് അരിമ്പൂരിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ശേഷം ഒ. എസ്. എഫ്. സിസ്റ്റേഴ്സിന്റെ സിൽവർ, ഗോൾഡൻ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് തോട്ടത്തിൽ ശാന്തിഭവൻ കോൺവെന്റിൽ വി. ബലിയർപ്പിച്ചു.

08. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ദീപിക ഫ്രണ്ട്സ് ക്ലബ് നടത്തിയ സംസ്ഥാന കർഷകജാഥയ്ക്ക് പട്ടിക്കാട് ഇടവകാതിർത്തിയിൽ നൽകിയ സ്വീകരണത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കത്തോലിക്കാകോൺഗ്രസ്സ് സീറോ മലബാർ സമുദായ സംഗമത്തോടനുബന്ധിച്ച് നടത്തിയ പത്രസമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പടവരാട് പാവനാത്മ കോൺവെന്റിൽ ജൂബിലി വി. ബലിയർപ്പിച്ചു. വൈകിട്ട് ചേറൂർ സിസ്റ്റേഴ്സ് ഓഫ് മൗണ്ട് കാൽവരി കോൺവെന്റിൽ ഫീസ്റ്റ് ആഘോഷത്തിൽ പങ്കെടുത്തു.

09. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പാസ്റ്ററൽ സെന്ററിൽ കത്തോലിക്കാസഭ പത്രം ഒരുക്കിയ പുസ്തക മേള ഉദ്ഘാടനം ചെയ്തു. ശേഷം ചെമ്പുക്കാവിൽ സി. എച്ച്. എഫ്. സിസ്റ്റേഴ്സിന്റെ

ജൂബിലിയുടെ കൃതജ്ഞതാ ബലിയർപ്പിക്കുകയും ആശീർവാദകർമ്മം നിർവഹിക്കുകയും ചെയ്തു. തുടർന്ന് ബൊൻ നത്താലെയോടനുബന്ധിച്ച് സാന്ത്വനം നിർമ്മിച്ചു നൽകിയ 6 വീടുകളുടെ ആശീർവാദകർമ്മം മറ്റം ഇടവകയിൽ നിർവഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് ഉച്ച ക്കഴിഞ്ഞ് മറ്റത്ത് മെത്രാ ഭിഷേക സ്മാരക ഭവനങ്ങൾക്ക് തറകല്ലിട്ടു. DFCയുടെ നേതൃത്വത്തിലുള്ള കർഷക ജാഥയുടെ തൃശ്ശൂർ ജില്ലയിലെ സമാപനം പുതുക്കാട് വെച്ച് നിർവ്വഹിച്ചു. വൈകിട്ട് ചിറ്റി ശ്ശേരി ക്ലേലിയ കോൺ വെന്റിൽ ജൂബിലി വി. ബലിയർപ്പിച്ചു. തുടർന്ന് ചിറ്റിശ്ശേരി ഇടവകയിൽ യൂത്ത് ക്യാംപിൽ യുവാക്കളു മായി സംവദിച്ചു.

10. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ മേജർ സെമിനാരിക്കാർക്കൊപ്പം വി. ബലിയർപ്പിച്ചു. തുടർന്ന് മേജർ സെമിനാരി കോൺഫ്രൻസിൽ അധ്യക്ഷത വഹിച്ചു. വൈകിട്ട് അവിഭക്ത തൃശ്ശൂർ രൂപതയിൽ സേവനം ചെയ്ത കാളൻ ബഹു. ജോർജ്ജച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് നെല്ലായിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ നെല്ലായിയിൽ ഇരിഞ്ഞാലക്കുട രൂപതയിലെ അന്തരിച്ച ബഹു. കാളനച്ചനു വേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കാൻ പോയി. ഉച്ചക്കഴിഞ്ഞ് മൈനർ സെമി നാരിയിൽ സെമിനരിയൻസ് ഡേയിൽ പങ്കെടുത്തു. ചേറ്റു പുഴ ഇടവക പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് തിരുകർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

11. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അതിരൂപത ആലോചനസമിതി യോഗത്തിലും ഉച്ചകഴിഞ്ഞ് സാന്ത്വനം ഗവേണിംഗ് കൗൺസിൽ യോഗത്തിലും പങ്കെടുത്തു. അഭിവന്ദ്യപിതാക്കന്മാർ വൈകിട്ട് അതിരൂപത അസംബ്ലിക്കൊരുക്കമായുള്ള യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മൈനർ സെമിനാരിയിൽ മേജർ സെമിനരിയൻസ് ഗാതറിംഗിൽ വി.ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് മുളയം SDV കോൺവെന്റിൽ വെസ്റ്റിഷനും പ്രഥമ വ്രത

വാഗ്ദാനത്തിനും കാർമ്മികത്വം വഹിച്ചു. വൈകീട്ട് പറപ്പൂക്കര ഇടവക ദിനം ഉദ്ഘാടനം ചെയ്തു.

12. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ സെമിനാരി വിദ്യാർത്ഥികൾക്ക് വൈദികവസ്ത്രം നൽകുന്ന ചടങ്ങിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. വൈകിട്ട് തൃക്കൂർ ഇടവക ജൂബിലിയാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വെങ്ങിണിശ്ശേരിയിൽ വി. ബലിയർപ്പിച്ച് വൈദികമന്ദിരത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. വൈകിട്ട് തൃശ്ശൂർ ശക്തനിൽ മാർ ജോസഫ് കുണ്ടുകുളം നഗറിൽ സീറോ മലബാർ സമുദായ സംഗമത്തിനോട് മുന്നോടിയായി അന്തായ നേതാക്കളുടെ ഛായചിത്രങ്ങൾ ഏറ്റുവാങ്ങി. സെന്റ് തോമസ് കോളേജിൽ ഓൾഡ് സ്റ്റുഡന്റ്സ് അസ്സോസിയേഷൻ മീറ്റിംഗിൽ പങ്കെടുത്തു.

13. അഭിവന്ദ്യ താഴത്ത് പിതാവ് അരണാട്ടുകര ഇടവകയിൽ വി. ബലിയർപ്പിച്ചു, വി. അന്തോണീസിന്റെ കുരിശു പള്ളി സന്ദർശിച്ചു. വൈകിട്ട് കത്തോലിക്കാ കോൺഗ്രസ്സ് ജന്മശതാബ്ദിയോടനുബന്ധിച്ച് വിവിധ രൂപതകളിൽ നിന്നും എത്തിച്ചേർന്ന സീറോമലബാർ വിശ്വാസികളുടെ സംഗമത്തിന് ഒരുക്കമായുള്ള റാലിയിൽ അഭിവന്ദ്യ പിതാക്കന്മാർ അണിചേർന്നു. അഭിവന്ദ്യ താഴത്ത് പിതാവ് മാർ കുണ്ടുകുളം നഗറിൽ നടന്ന സമുദായസംഗമത്തിൽ സന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ തൃക്കൂർ പള്ളിയിൽ വി. ബലിയർപ്പിച്ചു. കൊമ്പഴ പള്ളിയിൽ ആദ്യ കുർബാന സ്വീകരണത്തിനു കാർമ്മികത്വം വഹിച്ചു. വൈകിട്ട് ഇരിഞ്ഞാലക്കുട രൂപത ആളൂർ ഇടവ കയിൽ ഇടവക ദിനാഘോഷങ്ങളിൽ പങ്കെടുത്തു.

14. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കുരിയച്ചിറ ഇടവകയിൽ എക്സെൽ അക്കാദമി ഫുൾ എ+ ജേതാക്കൾക്ക് ഒരുക്കിയ അനുമോദനയോഗം ഉദ്ഘാടനം ചെയ്തു. തുടർന്ന് കത്തോലിക്കാ കോൺഗ്രസ്സ് ജന്മശതാബ്ദിയോടനുബന്ധിച്ച് ഡി. ബി. സി. എൽ. സി. യിൽ നടന്ന സീറോമലബാർ സമുദായ

പ്രതിനിധി സമ്മേളനത്തിൽ അനുമോദനസന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ഒ. എസ്. എഫ്. സിസ്റ്റേഴ്സിന്റെ നിത്യ വ്രതവാഗ്ദാനചടങ്ങിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മണ്ണുത്തിയിൽ ഹോളി ഫാമിലി ജനറലേറ്റിൽ വി. ബലിയർപ്പിച്ച് പ്രഥമ വ്രതവാഗ്ദാനത്തിന് കാർമ്മികത്വം വഹിച്ചു. ഉച്ചക്കഴിഞ്ഞ് മണ്ണുത്തിയിൽ സെന്റ് എലിസബത്ത് സിസ്റ്റേഴ്സ് കോൺവെന്റിൽ വി. ബലിയർപ്പിച്ച് പ്രഥമ വ്രത വാഗ്ദാനത്തിന് കാർമ്മികത്വം വഹിച്ചു. വൈകിട്ട് ജൂബിലി മിഷൻ ആശുപത്രി ട്രസ്റ്റ് മീറ്റിംഗിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.

15–18. മേരിമാത മേജർ സെമിനാരിയിൽ 136 പ്രതിനിധികൾ പങ്കെടുക്കുകയും കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി അസംബ്ലി ഉദ്ഘാടനം ചെയ്യുകയും ചെയ്ത മൂന്നാം അതിരൂപത അസംബ്ലിയിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.

19. പറപ്പൂർ ഫൊറോനയിൽ വച്ചു നടത്തപ്പെട്ട അതിരൂപതാദിനത്തോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്കന്മാർ കൃതജ്ഞതാബലിയർപ്പിക്കുകയും കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ആനി ജോൺ ഉദ്ഘാടനം ചെയ്ത പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പഴുവിൽ പള്ളിയിൽ അഞ്ചാമത്തെ കുഞ്ഞിന്റെ മാമ്മോദീസയ്ക്ക് കാർമ്മികത്വം വഹിച്ചു. വൈകിട്ട് എടക്കളത്തൂർ നിർമ്മലസദൻ കോൺവെന്റ് സന്ദർശിച്ചു സമ്മേളനത്തിൽ പങ്കെടുത്തു. പുതുതായി വൈദികവസ്ത്രം സ്വീകരിച്ചവർക്ക് ആർച്ച്ബിഷപ്പ്സ് ഹൗസിൽ സ്വീകരണം നല്കി.

20. അഭിവന്ദ്യ താഴത്ത് പിതാവ് പുതുക്കാട് ഫൊറോന യുവജനസംഗമം ഉദ്ഘാടനം ചെയ്തു. തുടർന്ന് എക്സെൽ അക്കാദമി നടത്തുന്ന സൗജന്യ പി. എസ്. സി. കോച്ചിംഗ് ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ വിമല കോളേജിൽ പന്തക്കുസ്താ തിരുനാളിനോടനുബന്ധിച്ച് ജീസസ് യൂത്ത് റീ-കമ്മിറ്റ്മെന്റ് ഡേയിൽ അനുഗ്രഹ പ്രഭാഷണം നടത്തി. തുടർന്ന് ആബാ ധ്യാനകേന്ദ്രത്തിൽ

നടക്കുന്ന പരിശുദ്ധാത്മ കൺവെൻ ഷനിൽ വചനസന്ദേശം നൽകി. വൈകിട്ട് കോട്ടപ്പടി ഇടവകയിൽ ഇടവകദിനം ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് അഭിവന്ദ്യപിതാക്കന്മാർ കുരിയച്ചിറ സെന്റ് ജോസഫ്സ് സ്കൂളിൽ ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ അനുമോദനയോഗമായ 'ഏയ്ഞ്ചലോസി'ൽ പങ്കെടുത്തു വി. ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ നന്തിപുലം പള്ളിയിൽ വി. ബലിയർപ്പിച്ചു, ഗ്രോട്ടോ വെഞ്ചിരിച്ചു. മരിയപുരം MMB ജനറലേറ്റിൽ വി. ബലിയർപ്പിച്ചു. ഉച്ചയ്ക്ക് കോളങ്ങാട്ടുകരയിൽ നീലങ്കാവിൽ അസോ സിയേഷൻ മീറ്റിംഗിൽ പങ്കെ ടുത്തു. വൈകിട്ട് ചിറ്റിലപ്പി ള്ളിയിൽ ഇടവകദിനം ഉദ്ഘാടനം ചെയ്തു.

21. അഭിവന്ദ്യ ടോണി പിതാവ് കോട്ടയത്ത് ജീവധാരയുടെ മീറ്റിംഗിൽ പങ്കെടുത്തു.

22. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തൃശ്ശൂർ സെന്റ് ആൻസ് ഇടവകയിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് പുതുക്കാട് സ്കൂളിൽ പൂർവ്വവിദ്യാർത്ഥി സംഗമത്തിൽ പങ്കെടുത്തു. വൈകിട്ട് തങ്ങാലൂരിൽ പുതുതായി നിർമ്മിച്ച ദേവമാത ഇന്റർനാഷണൽ സി. എം. ഐ. സ്കൂളിന്റെ ആശീർവാദകർമ്മം നിർവ്വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ഡി.ബി.സി. എൽ.സി. യിൽ വി. ബലിയർപ്പിച്ചു.

23. അഭിവന്ദ്യ പിതാക്കന്മാർ ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടന്ന ഇന്റർ കൂരിയ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ അഞ്ചേരിയിൽ SD കോൺ വെന്റ് വെഞ്ചിരിച്ച് വി. ബലിയർപ്പിച്ചു.

24. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വെട്ടുക്കാട്ടിൽ St.John's കോൺവെന്റ് വെഞ്ചിരിച്ച് വി. ബലിയർപ്പിച്ചു. ഉച്ചക്ക് മോഡൽ ബോയ്സ് സ്ക്കൂളിൽ ഫൗണ്ടേഷൻ സ്റ്റോൺ വെഞ്ചിരിച്ചു. ഉച്ചക്കഴിഞ്ഞ് മനക്കൊടിയിൽ FCC കോൺവെന്റ് വെഞ്ചിരിച്ച് വി. ബലിയർപ്പിച്ചു.

25. അഭിവന്ദ്യ താഴത്ത് പിതാവ് ഡൽഹിയിൽ സീറോമലബാർ സമൂഹത്തോട് ചേർന്ന് വി. ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ

ആമ്പല്ലൂരിൽ വിവാഹ ഒരുക്ക ക്ലാസിൽ പങ്കെടുക്കുന്നവർക്കുവേണ്ടി വി. ബലിയർപ്പിച്ചു. ഗാഗുൽത്ത ധ്യാന കേന്ദ്രത്തിൽ കൺവെൻഷനിൽ വി. ബലി യർപ്പിച്ച് സന്ദേശം നല്കി. വൈകിട്ട് മേരിമാത മേജർ സെമിനാരി സ്റ്റാഫ് മീറ്റിംഗ് കൂടി.

26. അഭിവന്ദ്യ താഴത്ത് പിതാവ് റോമിലേക്ക് യാത്രയായി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പീസ് ഹോമിൽ ആദ്യ കുർബ്ബാന സ്വീകരണ ശുശ്രൂ ഷയിൽ കാർമ്മികത്വം വഹിച്ചു. കണ്ടശ്ശാംകടവിൽ അറയ്ക്കൽ കുടുംബ കൂട്ടായ്മയിൽ പങ്കെടുത്തു. ഉച്ചക്കഴിഞ്ഞ് ഡി.ബി.സി. എൽ.സി.യിൽ വലിയ കുടുംബങ്ങളുടെ മീറ്റിങ്ങിൽ പങ്കെടുത്തു. ശേഷം ഡി.ബി. സി.എൽ.സി.യിൽ ശ്രീ. മാണി പയസ്സിന്റെ മ്യൂസിക് ആൽബം റിലീസിംഗ് ചട ങ്ങിൽ സംബന്ധിച്ചു.

27. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വാടനപ്പിള്ളി പള്ളിയിൽ വി. ബലി യർപ്പിച്ചു. വരാക്കര സെന്റ് ആന്റണീസ് പള്ളിയിൽ ജൂബിലി ഉദ്ഘാടന വി. ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് മനക്കൊടിയിൽ സാവിയോ ഹോമിൽ ഓർഫൻസ് അസോസിയേഷൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. സെന്റ് തോമസ് കോളേജിൽ വെച്ച് നടന്ന ദൈവശബ്ദം സമൂഹ വിവാഹത്തിന്റെ അനുമോദന ചടങ്ങിലും, ഏഴരക്കൂട്ടം സമ്മേളനത്തിലും പങ്കെ ടുത്തു. വൈകിട്ട് വരടിയം പാപ്പാ നഗറിൽ ആനുവൽ ഡേ ഉദ്ഘാടനം ചെയ്തു.

28. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ഏനമ്മാവ് പള്ളി യിൽ മാമ്മോദീസയ്ക്ക് കാർമ്മികത്വം വഹിച്ചു. ഒളരിക്കര B.Ed. കോളേജിൽ അക്കാദമിക് ഇയർ ഉദ്ഘാ ടനം നിർവ്വഹിച്ചു. ഉച്ചക്ക് ആബാ റിട്രീറ്റ് സെന്ററിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

29. അഭിവന്ദ്യ ടോണി പിതാവ് രാവിലെ PACT പ്രീലിമിനറി മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് ചൊവ്വന്നൂർ ഇടവക പള്ളിയിൽ വി. ബലി യർപ്പിച്ചു.

30. അഭിവന്ദ്യ ടോണി പിതാവ് താമരശ്ശേരി സനാതന സെമിനാരി സന്ദർശിച്ചു.



# നാമകരണനടപടികൾ

## ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

അമ്പത്തിയഞ്ചാം ശ്രാദ്ധാചരണത്തോടനുബന്ധിച്ച് ജൂൺ മാസത്തിലെ മാസാദ്യവെള്ളിയാഴ്ച്ചയിലെ തിരുകർമ്മങ്ങൾക്ക് അന്തിക്കാട് ഇടവക വികരി റവ. ഫാ. ജോർജ്ജ് തേർമഠം നേതൃത്വം നൽകി. ദൈവവുമായി താദാത്മ്യം പ്രാപിച്ച്, ദൈവാനുഭവം സ്വന്തമാക്കി ആ അനുഭവം മറ്റുള്ളവർക്ക് പകർന്ന് കൊടുത്ത താപസവര്യൻ കാണിച്ചുതന്ന മാർഗ്ഗം കർത്താവിന്റെ സാക്ഷികളാകാൻ വിളിക്കപ്പെട്ടവരായ നാം ഓരോരുത്തരും സ്വന്തമാക്കി പ്രേഷിത ചൈതന്യത്തിൽ മുന്നേറേണ്ടിയിരിക്കുന്നു. ആരാധനക്കും രോഗശാന്തി ശുശ്രൂഷക്കും മധ്യസ്ഥപ്രാർത്ഥനക്കും ശേഷം ഊട്ട് സദ്യയും ഉണ്ടായിരുന്നു.

ജൂൺ 9-ാം തിയതി മുള്ളൂർക്കര പള്ളിയിൽ നിന്ന് ആരംഭിച്ച് ചേലക്കര ഫൊറോന പളളിയിൽ സമാപിച്ച പദയാത്രയിൽ ഫൊറോന വികാരി റവ. ഫാ. തോമസ് വടക്കൂട്ട്, റവ ഫാ ആൻസൻ നീലങ്കാവിൽ, മുള്ളൂർക്കര വികാരി റവ. ഫാ. ബാബു അപ്പാടൻ, ഫൊറോനയിലെ ബഹു. വൈദികർ, സന്യസ്തർ അത്മായർ തുടങ്ങി ധാരാളം ഭക്തജനങ്ങൾ പങ്കെടുത്തു.

ജൂൺ 8 വെള്ളിയാഴ്ച്ചയിലെ എല്ലാ തിരുകർമ്മങ്ങൾക്കും തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ നേതൃത്വം നൽകി. തിരുഹൃദയതിരുനാൾ ദിനം കൂടി ആയ അന്ന് സ്നേഹത്തിന്റെ കരകാണാകടലായ ഈശോയുടെ തിരുഹൃദയത്തിൽ നമുക്ക് നമ്മെ തന്നെ സമർപ്പിക്കാം എന്നും സ്നേഹത്തിന്റെ ഇരിപ്പിടമായ തിരുഹൃദയത്തോട് പ്രത്യകഭക്തിയും സ്നേഹവും ഉണ്ടായിരുന്ന അന്തോണിയച്ചന്റെ മാതൃക നമുക്കും സ്വന്തമാക്കാം എന്നും അഭിവന്ദ്യപിതാവ് ഓർമ്മപ്പെടുത്തി.

ജൂൺ 9-ാം തിയതിയിലെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചത് അതിരൂപത വികാരി ജനറാൾ റവ. ഡോ. ജോർജ്ജ് കോമ്പാറയാണ്. ഫാ. ജെയ്സൺ ജോൺ നോർബർട്ടൈൻ വചനസന്ദേശം നല്കി. ദൈവാശ്രയബോധം, പ്രേഷിതതീക്ഷണത, വി. കുർബ്ബാനയോടുള്ള ഭക്തിയും സ്നേഹവും തുടങ്ങിയവ സ്വന്തമാക്കി വിശ്വാസപ്രഘോഷകനായി മാറിയ വന്ദ്യവൈദികനായിരുന്നു ആന്റണി തച്ചുപറമ്പിൽ. കോട്ടാറ്റ് വികാരി റവ. ഫാ. സെബാസ്റ്റ്യൻ ഈരേക്കാടൻ ഊട്ടുനേർച്ച ആശീർവദിച്ചു. അനേകം പേർ ഊട്ട് നേർച്ചയിൽ സംബന്ധിച്ച് ദൈവദാസന്റെ മാധ്യസ്ഥം തേടി നന്ദി പറഞ്ഞു.



## നാമകരണനടപടികൾ

### ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

സി.എസ്.സി. സാന്തോം പ്രവിശ്യാംഗങ്ങൾ ആരാധനയ്ക്ക് നേതൃത്വം നൽകി. റവ.ഫാ. ജോമോൻ പൊന്തേക്കൻ വചനസന്ദേശവും റവ. സി.സിൽവി സി.എസ്.സി. ഊക്കനച്ചൻ തീക്ഷണമതിയായ വചനപ്രഘോഷകൻ എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണവും നൽകി. ഊക്കനച്ചൻ തന്റെ യഥാർത്ഥ ദൈവവിളി എന്താണെന്ന് തിരിച്ചറിഞ്ഞവനായിരുന്നു. കണ്ടുമുട്ടിയവരോടൊക്കെ വചനം പ്രഘോഷിച്ചു. എല്ലാം ദൈവം തരുമെന്ന വിശ്വാസത്തോടെ വചനപ്രഘോഷണവേദികളിൽ വചനത്തിന്റെ വിത്തുവിതച്ച് ഭിന്നതകളുടെ കെട്ടു പൊട്ടിച്ചു. അതുപോലെ യേശു നമ്മെ അയക്കുന്നത് സുവിശേഷം പ്രഘോഷിക്കാനാണ്. എവിടെയെല്ലാം ക്രിസ്തുവിന്റെ രഹസ്യം വിളംബരം ചെയ്യാൻ സാധിക്കുമോ അവിടെയെല്ലാം ജീവനുള്ള ദൈവത്തെ പ്രഘോഷിക്കുക എന്ന് ഓർമ്മപ്പെടുത്തികൊണ്ട് ബ. സിസ്റ്റർ ക്ലാസ്സ് അവസാനിപ്പിച്ചു. അനുസ്മരണബലി, കബറിടത്തിൽ ഒപ്പീസ്, മദ്ധ്യസ്ഥ പ്രാർത്ഥന, നേർച്ച ഊട്ട്, വെഞ്ചരിപ്പ് എന്നിവക്ക് കാർമ്മികത്വം വഹിച്ചത് റവ. ഫാ. ജോമോൻ പൊന്തേക്കൻ ആയിരുന്നു. ഉയിർപ്പിനുശേഷം യേശു നൽകുന്ന ഉറപ്പിനെക്കുറിച്ചാണ് വചനസന്ദേശം നൽകിയത്. പ്രതിസന്ധികളിലും പ്രതികൂല സാഹചര്യങ്ങളിലും ക്രൂശിതനെ നോക്കി ആശ്വാസം തേടാനും ദൈവത്തിന്റെ കൂടെ നിൽക്കാനും നമുക്ക് കഴിയണം. ഇതിനായി ദൈവാശ്രയബോധത്തിൽ മാത്രം ജീവിച്ച ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ മാദ്ധ്യസ്ഥ്യം നമുക്ക് ശക്തി പകരട്ടെ.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ



# സാമ്പത്തിക കാര്യാലയം

**1. ഇടവകകളുടെ തെരട്ട് സമർപ്പിക്കൽ**

2018 ജൂലൈ 2 മുതൽ ഇടവകകളുടെ തെരട്ട് സമർപ്പിക്കൽ അതിരൂപത കച്ചേരിയിൽ ആരംഭിക്കുന്നു. ഫെറോന അടിസ്ഥാനത്തിലാണ് ഇടവകകൾ തെരട്ട് സമർപ്പിക്കുന്നത്. ജൂൺമാസത്തെ അതിരൂപതാ ബുള്ളറ്റിനിൽ (പേജ് 34) ഓരോ ഇടവകയും തെരട്ടു സമർപ്പിക്കുന്നതിനുള്ള തിയ്യതിയും സമയവും കൊടുത്തിട്ടുണ്ട്. തെരട്ടുകൊണ്ടുവരുമ്പോൾ നൽകേണ്ട രേഖകളെപ്പറ്റിയും മറ്റു കാര്യങ്ങളെ സംബന്ധിച്ചും 2018 ജൂൺ മാസത്തെ ബുള്ളറ്റിനിൽ(പേജ് 14,15) വിശദമായി കൊടുത്തിട്ടുള്ളത് പ്രത്യേകം ശ്രദ്ധിക്കുമല്ലോ. സാമ്പത്തിക കാര്യാലയത്തിലേക്ക് അതിരൂപതയുടെ കമ്പ്യൂട്ടർ പ്രോഗ്രാമിൽ ചെയ്ത കണക്കിന്റെ സി.ഡിയും മറ്റും തെരട്ട് രേഖകളോടൊപ്പം കൊണ്ടുവരണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. കമ്പ്യൂട്ടർ പ്രോഗ്രാം സംബന്ധിച്ച സംശയങ്ങൾക്ക് അതിരൂപത ഐ.ടി. സെല്ലുമായി ബന്ധപ്പെടുക.

**2. ഇന്റേണൽ ഓഡിറ്റ് – സ്ഥാപനങ്ങൾ, സംഘടനകൾ**

സ്ഥാപനങ്ങളുടെയും സംഘടനകളുടെയും കണക്കുകൾ ഇന്റേണൽ ഓഡിറ്റിന് ചുമതലപ്പെടുത്തിയവരുടെ പേരുകൾ താഴെ കൊടുക്കുന്നുണ്ട്. ബ. ഡയറക്ടറച്ചന്മാർ ഇക്കാര്യവും ശ്രദ്ധിക്കുമല്ലോ. 2018 സെപ്തംബർ മാസം മുതലാണ് സ്ഥാപനങ്ങളുടെയും സംഘടനകളുടെയും തെരട്ട് സമർപ്പിക്കൽ ആരംഭിക്കുന്നത്. സ്ഥാപനങ്ങളുടെയും സംഘടനകളുടെയും ബ. ഡയറക്ടറച്ചന്മാർ ഇന്റേണൽ ഓഡിറ്റിന് വേണ്ടി ഒരുങ്ങിക്കഴിഞ്ഞാൽ അതാത് ഇന്റേണൽ ഓഡിറ്റിന് നിശ്ചയിക്കപ്പെട്ട അച്ചന്മാരെ ബന്ധപ്പെട്ട് ഓഡിറ്റ് ചെയ്യുവാൻ വരുന്നതിന് പ്രത്യേകം ഓർമ്മപ്പെടുത്തേണ്ടതാണ്.

സ്ഥാപനങ്ങളുടെയും സംഘടനകളുടെയും തെരട്ട് സമർപ്പിക്കുന്ന തിയ്യതിയും സമയവും ആഗസ്റ്റ് മാസത്തെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

1. **ഫാ. മാത്യു ചാക്കേരി (94954 65401) ശ്രീ. തോമസ് അഗസ്റ്റിൻ (9947470256)**

1. ജൂബിലി മിഷൻ ഹോസ്പിറ്റൽ
2. ജൂബിലി മിഷൻ മെഡിക്കൽ കോളേജ്
3. ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിംഗ്
4. ജൂബിലി മിഷൻ കോളേജ് ഓഫ് ബി.എസ്.സി. നഴ്സിംഗ്
5. കെ.സി.എസ്. എൽ
6. മാതൃവേദി

2. **ഫാ.ജിക്സൺ താഴത്ത് (9048374050) ശ്രീ.ജോസ്.വി. വടക്കേത്തല (9495888206)**

1. ഫാമിലി അപ്പസ്തോലേറ്റ് സെന്റർ
2. സൊസൈറ്റി ഓഫ് മേരി ഇമ്മാക്കുലേറ്റ്, വെസ്റ്റ് ഫോർട്ട് , ലിലിയൻ ഫോണ്ട്സ്
3. സെന്റ് ആൻസ് വെസ്റ്റ് ഫോർട്ട്
4. സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് ദി വർക്കർ (എസ്. എസ്. ജെ.ഡബ്ല്യൂ)
5. ഹോളി ചൈൽഡ് ഹൂഡ്
6. ഫ്രാൻസിസ്കൻ അസോസിയേഷൻ
7. കുടുംബസമ്മേളനം
8. ചൈതന്യക്ലീനിക് 9. ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്, മുളയം
10. ഡാമിയൻ എസ്റ്റേറ്റ് മുളയം
11. ഡാമിയൻ ജൂബിലി ശാന്തിഗ്രാം

3. **ഫാ.പോൾസൺ തട്ടിൽ (9446533069) ശ്രീ. ഇ. കെ. ഫ്രാൻസിസ് (2695065)**

1. ബൈബിൾ അപ്പസ്തോലേറ്റ്
2. തൊഴിൽ അഭ്യസന പീഠം
3. സി.എൽ.എ. സാക്രിസ്റ്റ്യൻസ്
4. സെന്റ് മേരീസ് ഓർഫനേജ് പ്രൈവറ്റ് ഐ.ടി.ഐ
5. പോളിടെക്നിക് മാനേജ്മെന്റ് അക്കൗണ്ട് അളഗപ്പനഗർ
6. സ്പിരിച്ച്വൽ ആനിമേഷൻ സെന്റർ
7. കാത്തലിക് ആർച്ച്ബിഷപ്പ്സ് ഹൗസ്
8. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

4. **ഫാ. ജോജു ആളൂർ (9446 620881) ശ്രീ. ടി. ജെ. സോമൻ (949682590)**

1. മദ്യവിരുദ്ധ സമിതി (ടെമ്പറൻസ് മൂവ്മെന്റ്)
2. നെസ്റ്റ്, രാമവർമ്മപുരം
3. പഴുവിൽ ധ്യാനകേന്ദ്രം
4. സെന്റ് ജോർജ് ഹോസ്റ്റൽ
5. സെന്റ് തോമസ് ഹോസ്റ്റൽ
6. സെന്റ് തോമസ് കോളേജ്
7. സെന്റ് തോമസ് എജ്യുക്കേഷൻ സെന്റർ
8. കരിസ്മാറ്റിക് മൂവ്മെന്റ്
9. ക്രൈസ്റ്റ് വില്ല പൂവർ ഹോം, രാമവർമ്മപുരം
10. ആബാ റിന്യൂവൽ സെന്റർ

5. **ഫാ. ജോർജ്ജ് ചെറുവത്തൂർ (9447468387) ശ്രീ. ആന്റോ നെല്ലിശ്ശേരി (8547411138)**

1. മഹാജൂബിലി ട്രെയ്നിംഗ് കോളേജ്, മുള്ളൂർക്കര

2. റീജിണൽ പാസ്റ്ററൽ സെന്റർ, ചേലക്കര
3. ഫാ. തച്ചുപറമ്പിൽ ഓർഫനേജ്, ചേലക്കര
4. സെന്റ് ക്രിസ്റ്റീന ഹോം, പുല്ലഴി
5. സെന്റ് ജോസഫ്സ് ഹോം പുല്ലഴി
6. സെന്റ് ജോസഫ്സ് ഭവൻ പുല്ലഴി
7. നസ്രത്ത് സെന്റർ, മുള്ളൂർക്കര
8. സെന്റ് പോൾസ് ഗുരുകുലം , തിരുവില്വാമല

**6. ഫാ. വർഗ്ഗീസ് തരകൻ (94473 50189) ശ്രീ. ആന്റണി തോമസ് എം.(9447739870)**

1 പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ
2. മാർ കുണ്ടുകുളം മെമ്മോറിയൽ റിസർച്ച് & റീഹാബിലിറ്റേഷൻ സെന്റർ
3. പോപ്പ് പോൾ പീസ് ഹോം, പെരിങ്ങണ്ടൂർ
4. കലാസദൻ
5. കാത്തലിക് നഴ്സസ് ഗിൽഡ്
6. കാത്തലിക് സെന്റർ
7. പാസ്റ്ററൽ സെന്റർ
8. സാവിയോ ഹോം , മനക്കൊടി
9. പബ്ലിക് റിലേഷൻസ് & ഡയോ മീഡിയ
10. ടിംഹാൻസ്, പെരിങ്ങണ്ടൂർ
11. കത്തോലിക്കാസഭാ മാഗസിൻ

**7. ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട് (9446723006), ശ്രീ റ്റി.ജെ ഡേവീസ് (9446561347)**

1. മതബോധനം
2. മതബോധനം – ടെക്സ്റ്റ് ബുക്ക് അക്കൗണ്ട്
3. മതബോധനം – ബുക്ക് സ്റ്റാൾ
4. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി
5. ഡി.ബി.സി.എൽ.സി.
6. ഡി. ബി. സി. എൽ. സി. ലൈബ്രറി അക്കൗണ്ട്
7. എക്സൽ അക്കാദമി
8. സെന്റ് ജോസഫ് ബാലസദൻ, അവിണിശ്ശേരി
9. കാത്തലിക് ഇൻഫർമേഷൻ സെന്റർ
10. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്
11. സി.എൽ.സി
12. അൾത്താര സംഘം

**8. ഫാ. ജോഷി ആളൂർ (9495 337733), ശ്രീ. ഇഗ്നേഷ്യസ് നെറ്റിക്കാടൻ (947724000)**

1. എം. ഐ. ഹോസ്പ്പിറ്റൽ ഏങ്ങണ്ടിയൂർ
2. എം. ഐ. ഹോസ്പ്പിറ്റൽ നഴ്സിംഗ് സ്കൂൾ, ഏങ്ങണ്ടിയൂർ
3. സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുരിയച്ചിറ
4. ടി.ടി.ഐ. കുരിയച്ചിറ
5. ഐ.സി.എസ്. ഇ. സ്കൂൾ, കുരിയച്ചിറ
6. ഹോളിക്രോസ് സി.ബി.എസ്.ഇ സ്കൂൾ, ആർത്താറ്റ്

**9. ഫാ.ജോഷി വെണ്ണാട്ടുപറമ്പിൽ (9447617926), പ്രൊഫ. സി.പി. ഡേവിസ്(9447224533)**

1 കെ.സി.വൈ.എം. & കാത്ത ലിക് യൂണിയൻ
2. ലേ ലീഡർഷിപ്പ്
3. ലീജിയൻ ഓഫ് മേരി
4. സോഷ്യൽ ആക്ഷൻ
5. സോഷ്യൽ വെൽഫെയർ സെന്റർ
6. സോഷ്യൽ ഹൗസിംഗ് സെന്റർ
7. സേവ് എ. ഫാമിലി പ്ലാൻ
8. സ്ലം സർവ്വീസ്
9. സാന്ത്വനം

**10. ജിയോ കടവി (9387109575) ശ്രീ. സി.പി. ജോസ് (92498 98575)**

1. മേരിമാത മേജർ സെമിനാരി
2. ഹോം ഓഫ് ലവ്, മുളയം
3. മാർ കുണ്ടുകുളം ട്രസ്റ്റ്, കാത്ത ലിക് ബിഷപ്സ് ഹൗസ്
4. കരുണാട്രസ്റ്റ് , കാത്തലിക് ബിഷപ്സ് ഹൗസ്
5. സെന്റ് മേരീസ് മൈനർ സെമി നാരി
6. കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസി

**III. അതിരൂപത സഹായ ഫണ്ട്**

1 . ഭവന നിർമ്മാണം – 1500
2. ചികിത്സ – 37500
3. വിവാഹം – 119500
4. വിദ്യാഭ്യാസം– 8000

**IV ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

1. ചികിത്സ – 5000

**V മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

1. ചോറ്റുപാറ – 5000
2. ചെമ്മണ്ണൂർ – 5000

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

**ഫാ. ഡിറ്റോ കൂള**
അസി.ഫൈനാൻസ് ഓഫീസർ

അവന്റെ വാക്കു കേൾക്കാൻവേണ്ടി ജനം മുഴുവൻ
അതിരാവിലെ ദേവാലയത്തിൽ
അവന്റെ അടുത്തു വന്നിരുന്നു.
*ലൂക്കാ 21:38*

# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. സീജൻ ചക്കാലക്കൽ | 02 |
| ഫാ. സിജോ ചെറുവത്തൂർ | 02 |
| ഫാ. ടോണി വാഴപ്പിള്ളി | 06 |
| ഫാ. പോൾ ചിറ്റിലപ്പിള്ളി | 08 |
| ഫാ. പോൾ പുലിക്കോട്ടിൽ | 08 |
| ഫാ. ജസ്റ്റിൻ തേക്കാനത്ത് | 09 |
| ഫാ. ജെയ്സൻ വട്ടനിരപ്പേൽ | 10 |
| ഫാ. ഫിനോഷ് കീറ്റിക്ക | 11 |
| ഫാ. ജോൺ അയ്യങ്കാനയിൽ | 12 |
| ഫാ. സെബാസ്റ്റ്യൻ കൊള്ളന്നൂർ | 12 |
| ഫാ. ഫ്രജോ വാഴപ്പിള്ളി | 12 |
| ഫാ. സജു വടക്കേത്തല | 13 |
| ഫാ. ജോസ് വട്ടക്കുഴി | 13 |
| ഫാ. ജോഫി ചിറയത്ത് | 16 |
| ഫാ. ആന്റണി മേച്ചേരിപ്പിടി | 16 |
| ഫാ. പോൾസൺ പാലത്തിങ്കൽ | 16 |
| ഫാ. റെന്നി മുണ്ടൻകുരിയൻ | 19 |
| ഫാ. പോൾ പുളിക്കൻ | 19 |
| ഫാ. ആന്റണി തേക്കാനത്ത് | 19 |
| ഫാ. ജോജു ചിരിയങ്കണ്ടത്ത് | 20 |
| ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട് | 20 |
| ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ | 20 |
| ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ | 20 |
| ഫാ. ജിയോമോൻ കല്ലേരി | 21 |
| ഫാ. ജോൺ കിടങ്ങൻ | 22 |
| ഫാ. ഷാജൻ തേർമഠം | 22 |
| ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി | 24 |
| ഫാ. ജിന്റോ കുറ്റിക്കാട്ട് | 25 |
| ഫാ. ആന്റണി ചെമ്പകശ്ശേരി | 26 |
| മോൺ. തോമസ് കാക്കശ്ശേരി | 27 |
| ഫാ. ബിജു ആലപ്പാട്ട് | 28 |
| ഫാ. ജോസ് ചിറ്റിലപ്പിള്ളി | 28 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. തോമസ് ചൂണ്ടൽ | 03 |
| ഫാ. സെബി കാഞ്ഞിരത്തിങ്കൽ | 03 |
| ഫാ. തോമസ് ചക്കുംപീടിക | 03 |
| ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ | 03 |
| ഫാ. തോമസ് വടക്കൂട്ട് | 03 |
| ഫാ. ടിജോ മുള്ളക്കര | 03 |
| ഫാ. ടോം വേലൂക്കാരൻ | 03 |
| ഫാ. തോമസ് വടക്കേത്തല | 03 |
| ഫാ. ക്രിസ്റ്റീൻ ചിറമ്മൽ | 03 |
| ഫാ. ജോബ് പടയാട്ടിൽ | 03 |
| ഫാ. മേജോ മരോട്ടിക്കൽ | 03 |
| ഫാ. തോമസ് എടക്കളത്തൂർ | 03 |
| ഫാ. തോമസ് പൂപ്പാടി | 03 |
| ഫാ. ടോണി തോമസ് കാക്കശ്ശേരി | 03 |
| ഫാ. ജെയ്സൻ വട്ടനിരപ്പേൽ | 03 |
| ഫാ. ഫിനോഷ് കീറ്റിക്ക | 03 |
| ഫാ. ജിയോമോൻ കല്ലേരി | 03 |
| മോൺ. തോമസ് കാക്കശ്ശേരി | 03 |
| ഫാ. ജിൻസൻ ചിരിയങ്കണ്ടത്ത് | 03 |
| ഫാ. ബിജോ ജോസ് ചാലിശ്ശേരി | 03 |
| ഫാ. റോയ് വേളക്കൊമ്പിൽ | 03 |
| ഫാ. ബെന്നി കിടങ്ങൻ | 03 |
| ഫാ. ഫ്രെഡറിക് എലുവത്തിങ്കൽ | 18 |
| ഫാ. ജാക്സൻ കൂനംപ്ലാക്കൽ | 25 |

| | |
|---|---|
| ഫാ. ജേക്കബ് തച്ചറാട്ടിൽ | 25 |
| ഫാ. ജെയിംസ് വടക്കൂട്ട് | 25 |
| ഫാ. ഷിജു ചിറ്റിലപ്പിള്ളി | 25 |
| ഫാ. ജോയി അടമ്പുകുളം | 25 |
| ഫാ. സിൻസൺ എടക്കളത്തൂർ | 25 |
| ഫാ. ചാക്കോ നടക്കവേലിയിൽ | 25 |
| ഫാ. സിന്റോ തൊറയൻ | 25 |
| ഫാ. സൈജോ തൈക്കാട്ടിൽ | 25 |
| ഫാ. ജിമ്മി കല്ലിങ്കൽക്കുടിയിൽ | 25 |
| ഫാ. ജേക്കബ് എടക്കളത്തൂർ | 25 |
| ഫാ. സജു വടക്കേത്തല | 25 |
| ഫാ. ചാക്കോ ചെറുവത്തൂർ | 25 |
| ഫാ. ജേക്കബ് തൈക്കാട്ടിൽ | 25 |
| ഫാ. ചാക്കോ ചിറമ്മൽ | 25 |
| ഫാ. ചാക്കോ പാറയിൽ | 25 |
| ഫാ. അനീഷ് കൂത്തൂർ വെള്ളാട്ടുകര | 25 |
| ഫാ. ജാക്സൻ ചാലക്കൽ | 25 |
| ഫാ. സഞ്ജയ് തൈക്കാട്ടിൽ | 29 |
| ഫാ. ഇഗ്നേഷ്യസ് (ബിജു) നന്തിക്കര | 31 |
| ഫാ. ഫ്രാൻസോ തെക്കത്ത് | 31 |
| ഫാ. സീജൻ ചക്കാലക്കൽ | 31 |

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. പോൾ ചിറപ്പണത്ത് | 05–07–1915 |
| ഫാ. ജോസഫ് പുത്തൂർ | 18–07–1944 |
| ഫാ. ജോർജ്ജ് എളംകുന്നപ്പുഴ | 23–07–1945 |
| ഫാ. ഗ്രൂസ് പാനികുളം | 09–07–1948 |
| ഫാ. കുരിയൻ വാഴപ്പിള്ളി | 08–07–1950 |
| ഫാ. ജോസഫ് തെക്കൂടൻ | 11–07–1953 |
| ഫാ. ജോസഫ് പറമ്പൻ | 27–07–1961 |
| ഫാ. ആന്റണി അക്കര | 16–07–1971 |
| ഫാ. ജോർജ്ജ് തട്ടിൽ | 22–07–1971 |
| ഫാ. പോൾ അരിക്കാട്ട് | 07–07–1973 |
| ഫാ. ജേക്കബ് പുലിക്കോട്ടിൽ | 12–07–1974 |
| ഫാ. ആന്റണി തേലപ്പിള്ളി | 07–06–1934 |
| ഫാ. ലൂവീസ് കണ്ണാത്ത് | 13–07–1975 |
| മോൺ. ജോർജ്ജ് തെക്കേക്കര | 28–07–1983 |
| ഫാ. ആന്റണി വെള്ളാനിക്കാരൻ | 31–07–1985 |
| ഫാ. ജോസഫ് ചാലക്കൽ | 22–07–1993 |
| ഫാ. ജോൺ ആലപ്പാട്ട് | 09–07–1995 |
| ഫാ. ജോസഫ് വടക്കൂട്ട് | 18–07–1997 |
| ഫാ. ആന്റണി അന്തിക്കാട്ട് | 14–07–2000 |
| ഫാ. ജോസഫ് ചുങ്കത്ത് (ജൂനിയർ) | 18–07–2000 |
| ഫാ. സൈമൺ എടക്കളത്തൂർ | 31–07–2005 |
| ഫാ. ചാൾസ് ചുങ്കത്ത് | 05–07–2010 |
| ഫാ. ജൈൽസ് ചേറ്റുപുഴക്കാരൻ | 27–07–2017 |



## ■ സന്യസ്തർ

**സി. ആർ. ഐ. വാർത്തകൾ**

2.4.2018 : **എസ്.എ.ബി.എസ്**. ആസ്പിരൻസ് അവരുടെ ഡിറക്ട്രസ് സി. ജിൻസ ആൻ കണ്ണംപടത്തിയോടൊപ്പം രണ്ടാഴ്ചത്തെ Mission Exposure Programme ന് സാഗറിലുള്ള കജൂരിയായിലേക്ക് യാത്രയായി.

3.4.2018 : **എഫ്. സി. സി.** ഈ വർഷത്തെ ജൂനിയർ സിസ്റ്റേഴ്സിന്റെ റിഫ്രഷർ കോഴ്സ് 2018 ഏപ്രിൽ 3–ാം തീയതി മുതൽ 30–ാം തീയതി വരെ കണ്ണാറ ക്ലെയർ ജ്യോതി കോൺവെന്റിൽ വെച്ച് നടന്നു.

3.4.2018 : **എഫ്. സി. സി.** ഒരുമനയൂർ ഇടവകയിൽ ആരംഭിച്ച താൽക്കാലിക Extension Centre ൽ നിന്ന് സിസ്റ്റേഴ്സ് ശുശ്രൂഷ പൂർത്തിയാക്കി തിരിച്ചുപോന്നു.

3.4.2018 : **എഫ്. സി. സി.** ലോക്കൽ സുപ്പീരിയേഴ്സിന്റെ കോൺഫറൻസ് ഏപ്രിൽ 3–ാം തീയതി മുതൽ 4–ാം തീയതി വരെ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്നു. റവ. ഫാ. ജോർജ്ജ് നിരപ്പുകാലയും സി. അൽഫോൻസ് ജയയും ഇവർക്ക് ക്ലാസ്സിന് നേതൃത്വം നൽകി.

4.4.2018 : **സി.എച്ച്.എഫ്**– പുതുതായി തിരഞ്ഞെടുക്കപ്പെട്ട സുപ്പീരിയേഴ്സിന് മണ്ണുത്തി ഹോളിഫാമിലി ജനറലേററിൽ വച്ച് ഏപ്രിൽ 4 മുതൽ 26 വരെ സുപ്പീരിയേഴ്സ് കോഴ്സ് നടന്നു. 160 സിസ്ററേഴ്സ് കോഴ്സിൽ പങ്കെടുത്തു

4.4.2018 : **എസ്.എ.ബി.എസ്.** തൃശൂർ നിർമ്മല മാതാ കോൺവെന്റിന്റെ രജതജൂബിലി വളരെ മനോഹരമായി ആഘോഷിച്ചു. രാവിലെ 10.30 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ്

താഴത്ത് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട കൃതജ്ഞതാബലിയിലും സ്നേഹവിരുന്നിലും ധാരാളം വൈദീകരും സിസ്റ്റേഴ്സും ഉപകാരികളും ഇടവകപ്രതിനിധികളും പങ്കെടുത്തു.

4.4.2018 : **സി.എസ്.എം** പ്രോവിൻസിലെ ജൂനിയർ സിസ്റേറഴ്സിന്റെ കാനോനിക വ്രതസമർപ്പണത്തിന് ഒരുക്കമായി ബ. ഫാ. നൈസൻ ഏലന്താനത്ത്, ബ. ഫാ. ഡെന്നി താണിക്കൽ എന്നിവർ ക്ലാസ്സുകൾ നൽകി. ദിവ്യബലി മധ്യേ 12 ജൂനിയേഴ്സ് വ്രതവാഗ്ദാനം ചെയ്തു.

5.4.18 : **സി.എം.സി**. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഫാ. റാഫേൽ കോക്കാട്ട് സി.എം.ഐ യുടെ നേതൃത്വത്തിൽ നടന്ന 3 ദിവസത്തെ ധ്യാനത്തിനുശേഷം 22 ജൂനിയർ സിസ്റ്റേഴ്സ് തങ്ങളുടെ കാനോനിക വ്രതനവീകരണം നടത്തി.

5.4.2018 : **സി.എസ്.എം** ബ.സി. മോനിക്കയുടെ 41 ാം ചരമദിനത്തോടനുബന്ധിച്ച് കൊളങ്ങാട്ടുകര മരിയ ഭവനിൽ അർപ്പിച്ച ദിവ്യബലിയിൽ ബ. ഫാ. ജേക്കബ് മഞ്ഞളി മുഖ്യ കാർമ്മികത്വം നൽകി.

5.4.2018 : **എഫ്. സി. സി.** നെല്ലിക്കുന്ന് അൽഫോൻസ ഭവനിൽ വെച്ച് നടന്ന ദൈവവിളി ധ്യാനത്തിൽ 75 കുട്ടികൾ സംബന്ധിച്ചു.

6.4.2018 : **എസ്.എ.ബി.എസ്.** കാനോനിക്കൽ വ്രതസമർപ്പണത്തിനായി വിവിധ ഭവനസമൂഹങ്ങളിൽ നിന്നും 18 ജൂണിയർ സിസ്റ്റേഴ്സ് പ്രൊവിൻഷ്യൽ ഹൗസിൽ എത്തി ധ്യാനം ആരംഭിച്ചു. റവ. ഫാ. ബോസ്ക്കോ ഞാളിയത്ത്, പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ലിറ്റിൽ മരിയ തെക്കേക്കര, കോമൺ ഡിറക്ട്രസ് സി. മാർഗരറ്റ് കൊള്ളന്നൂർ എന്നിവർ ക്ലാസ് നൽകി.

6.4.2018 : **സി.എച്ച്.എഫ്** തൃശ്ശൂർ അതിരൂപതയുടെ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് ഒളരിക്കര നവജ്യോതി പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

7.4.2018 : **എസ്.എ.ബി.എസ്**. അതിരൂപതയുടെ നേതൃത്വത്തിൽ തൃശൂർ ലൂർദ്ദ് കത്തീഡ്രൽ ദേവാലയത്തിൽ നടത്തിയ ദൈവവിളി വാരാചരണത്തിന്റെ ഭാഗമായി ആരാധനയ്ക്ക് സിസ്റ്റേഴ്സ് നേതൃത്വം നൽകി.

8.4.2018 : **സി.എം.സി**. കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 15 സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലി ഘോഷിച്ചു. ഫാ ജോസ് ചിറ്റിലപ്പിള്ളി സി.എം.ഐ ദിവ്യബലി അർപ്പിച്ച് വചനസന്ദേശം നല്കി.

8.4.2018 : **എസ്.എ.ബി.എസ്**. ദൈവകരുണയുടെ തിരുന്നാൾദിനമായ ഇന്നേദിവസം വിശുദ്ധ ബലി മദ്ധ്യേ 18 ജൂണിയർ സിസ്റ്റേഴ്സ് കാനോനിക്കൽ വ്രതസമർപ്പണം നടത്തി.

9.4.2018 : **സി.എം.സി**. എറണാകുളം അങ്കമാലി അതിരൂപത കത്തീഡ്രലിൽ വെച്ച് സീറോ മലബാർ ശ്രേഷ്ഠ മെത്രാപ്പോലീത്ത മാർ ജോർജ്ജ് ആലഞ്ചേരി, സംയോജിത സി.എം.സി. സന്യാസിനിസമൂഹത്തിന്റെ ആദ്യത്തെ സുപ്പീരിയർ ജനറൽ മദർ മേരി സെലിനെ ദൈവദാസിയായി പ്രഖ്യാപിച്ച ചടങ്ങിൽ ധാരാളം വൈദീകരും സന്യസ്തരും പങ്കെടുത്തു

11.4.2018 : **എഫ്. സി. സി.** തോളൂർ ഇടവകയിലെ ഹോം മിഷൻ തൃശൂർ എഫ്.സി.സി. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടന്നു.

12.4.2018 : **എസ്.എ.ബി.എസ്**. ജനറലേറ്റ് സെനക്കളിൽ വച്ച് കാഞ്ഞിരപ്പിള്ളി രൂപതാ സഹായമെത്രാൻ മാർ ജോസ് പുളിക്കലിന്റെ കാർമ്മികത്വത്തിൽ അർപ്പിച്ച വിശുദ്ധ ബലി മദ്ധ്യേ സഭയിലെ 50 ജൂനിയർ സിസ്റ്റേഴ്സ് നിത്യവ്രതവാഗ്ദാനം നടത്തി.

13.4.2018 : **സി.എച്ച്.എഫ്** – ഒളരിക്കര നവജ്യോതി പ്രൊവിൻസിന്റെ കീഴിലുള്ള വിദ്യാലയങ്ങളിലെ 1 മുതൽ +2 വരെയുള്ള ക്ളാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മറിയം ത്രേസ്യ ക്വിസ് മത്സരം നടത്തി.

14.4.2018 : **എസ്.എ.ബി.എസ്**. തൃശൂർ അതിരൂപതാസഹായമെത്രാൻ മാർ ടോണി നീലങ്കാവിലിന്റെ മുഖ്യകാർമ്മികത്വത്തിൽ പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ വച്ച് ഉച്ചയ്ക്ക് 2.30 അർപ്പിച്ച വിശുദ്ധ ബലിമദ്ധ്യേ 6 നോവിസസ് പ്രഥമ വ്രതവാഗ്ദാനം ചെയ്ത് സഭാവസ്ത്രം സ്വീകരിച്ചു.

15.4.2018 : **എസ്.എ.ബി.എസ്**. സാഗർ രൂപതയുടെ പുതിയ അദ്ധ്യക്ഷൻ മാർ ജെയിംസ് അത്തിക്കളത്തിന്റെ മെത്രാഭിഷേകച്ചടങ്ങിൽ ജനറൽ കൗൺസിലർ സി. മേഴ്സിറ്റ കണ്ണമ്പുഴ, വികാർ പ്രൊവിൻഷ്യൽ സി. സിറില്ല, എന്നിവർ സംബന്ധിച്ചു.

16.4.2018 : **എഫ്. സി. സി.** വളരെക്കാലം പ്രോവിൻസിൽ ഗുരുവച്ചനായിരുന്ന റവ. ഫാ. ക്രിസ്റ്റി വട്ടക്കുഴി OFM Cap. ന്റെ ഗോൾഡൻ ജൂബിലി ആഘോഷം ഏപ്രിൽ 16–ാം തീയതി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് സമുചിതമായി ആഘോഷിച്ചു.

17.4.2018 : **സി.എസ്.സി** – മരിയഭവൻ ജനറലേറ്റിൽ വച്ച് തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാ

വിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന വി. കുർബാന മദ്ധ്യേ 14 ജൂനിയർ സിസ്റ്റേഴ്സ് നിത്യാവ്രതാർപ്പണം ചെയ്തു.

18.4.2018 : **എഫ്. സി. സി.** ഏപ്രിൽ 18–ാം തീയതി മുതൽ 27–ാം തീയതി വരെ പടവരാട് സെന്റ് ട്രീസാസ് കോൺവെന്റിൽ വെച്ച് നടത്തിയ Come & See പ്രോഗ്രാമിൽ 14 കുട്ടികൾ സംബന്ധിച്ചു.

19.4.2018 : **സി.എച്ച്.എഫ്** – മാണ്ഡ്യ രൂപതയുടെ മുൻ രൂപതാദ്ധ്യക്ഷൻ മാർ ഫ്രാൻസീസ് വാഴപ്പിള്ളി പിതാവ് ഒളരിക്കര നവജ്യോതി പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

21.4.2018 : **സി.എം.സി.** നിത്യവ്രതം ചെയ്ത് 10 വർഷംവരെയുള്ള സിസ്റ്റേഴ്സിന് 10 ദിവസം നീണ്ടുനില്ക്കുന്ന കോഴ്സും വാർഷികധ്യാനവും നടത്തി. ഫാ.ജോസ് കിളിയനാനിക്കൽ ആണ് ധ്യാനത്തിന് നേതൃത്വം നല്കിയത്.

27.4.2018 : **എഫ്. സി. സി.** ഏപ്രിൽ 27–ാം തീയതി മുതൽ 30 –ാം തീയതി വരെ എഫ്.സി.സി. സുപ്പീരിയർ ജനറൽ റവ. സി. ആൻ ജോസഫ് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ ഔദ്യോഗിക സന്ദർശനം നടത്തി.

1.5.2018 : **സി.എം.സി.** വി.യൗസേപിതാവിന്റെ തിരുനാൾ ദിനമായ ഇന്ന് Aspirants പാലക്കാട് കരിമ്പ ഫോർമേഷൻ ഹൗസിൽ പോസ്റ്റുലൻസിയിലേക്കും, Candidates പറപ്പൂർ ഫോർമേഷൻ ഹൗസിൽ ആസ്പിരൻസിയിലേക്കും പ്രവേശിച്ചു.

2.5.2018 : **സി.എസ്.എം.** മുളയം സെന്റ് പയസ്സ് കോൺവെന്റിൽവെച്ച് 6 പോസ്ററുലന്റ്സ് സുപ്പീരിയർ ജനറൽ മദർ സെബി റോസിന്റേയും പ്രൊവിൻഷ്യൽ സുപ്പീരിയർ റവ.സി.ബിയാട്രീസിന്റേയും സാന്നിദ്ധ്യത്തിൽ നോവീഷ്യററിൽ പ്രവേശിച്ചു.

2.5.2018 : **സി.എം.സി.** കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 35നും 60 നും ഇടയിൽ വയസ്സുള്ള സിസ്റ്റേഴ്സിനായി സംഘടിപ്പിച്ച നാലു ദിവസത്തെ ലീഡർഷിപ്പ് കോഴ്സിന് ഫാ. രാജു അക്കര നേതൃത്വം നൽകി. എൺപതോളം സിസ്റ്റേഴ്സ് ഇതിൽ സംബന്ധിച്ചു.

6.5.2018 : **സി.എം.സി.** ആലുവ ജനറലേറ്റിൽ നടന്ന 25 ദിവസത്തെ സിൽവർ ജൂബിലി കോഴ്സിൽ 15 സിസ്റ്റേഴ്സ് പങ്കെടുത്തു

11.5.2018 : **എഫ്. സി. സി.** പ്രോവിൻസിലെ സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലി ആഘോഷവും നിത്യവ്രതാഘോഷവും സംയുക്തമായി അസ്സീസിയിൽ വെച്ച് നടന്നു. രാവിലെ 6.30 നുള്ള കൃതജ്ഞതാബലിക്ക് മുഖ്യകാർമ്മികനായിരുന്നത് തൃശൂർ

അസ്സീസി ചാപ്ലെയിൻ റവ. ഫാ. സിജോ മുരിങ്ങാത്തേരിയായിരുന്നു.

14.5.2018 : **സി.എച്ച്.എഫ്** –ഹോളി ഫാമിലി കോൺഗ്രിഗേഷന്റെ സ്ഥാപകദിനം, സമൂഹസ്ഥാപകയായ വാഴ്ത്തപ്പെട്ട മദർ മറിയം ത്രേസ്യയേയും സഹസ്ഥാപകനായ ധന്യൻ വിതയത്തിൽ പിതാവിനേയും അനുസ്മരിച്ചുകൊണ്ട് പ്രാർത്ഥനാശുശ്രൂഷയോടെ നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷിച്ചു. അന്നേ ദിവസം മണ്ണുത്തി ജനറലേററിൽ വച്ച് 22 ജൂനിയർ സിസ്റേറഴ്സ് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിൻെറ മുഖ്യ കാർമ്മികത്വത്തിൽ നിത്യവ്രതവാഗ്ദാനം ചെയ്തു.

15.5.2018 : **സി.എം.സി.** സോഷ്യൽ വർക്ക് അപ്പസ്റ്റോലേറ്റിന്റെ ഭാഗമായി സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് പ്രൊഫ. വർഗ്ഗീസ് പോൾ, സ്ത്രീകൾക്കായി സ്വയംതൊഴിലിലൂടെ സ്വയം പര്യാപ്തയിലേക്ക് എന്നതിനെക്കുറിച്ച് ഒരു ദിവസത്തെ സെമിനാർ നടത്തി.

21.5.2018 : **സി.എസ്.എം.** മർത്താ സന്ന്യാസിനി സമൂഹത്തിലെ 8 നോവീസസിന്റെ ആദ്യവ്രതവാഗ്ദാനവും സഭാവസ്ത്രസ്വീകരണവും ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു.

22.5.2018 : **സി.എം.സി.** മുള്ളൂർക്കര മൗണ്ട് കാർമ്മൽ കോൺവന്റിൽവച്ച് ജൂനിയർ സിസ്റ്റേഴ്സിന് രണ്ടു ദിവസത്തെ കോഴ്സ് നടത്തി. സി.ജൂലിറ്റ് സി.എം.സി. ഇതിന് നേതൃത്വം നല്കി.

24.5.2018 : **എഫ്. സി. സി.** അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് 2018 മേയ് 24–ാം തീയതി മുതൽ 26–ാം തീയതി വരെ നടന്ന Empowerment Programme ൽ 1980 മുതൽ 1988 ഉൾപ്പെടെയുള്ള ബാച്ചിലെ സിസ്റ്റേഴ്സ് പങ്കെടുത്തു.

24.5.2018 : **എഫ്. സി. സി.** പുതുക്കി പണിത മനക്കൊടി മഠം ചാപ്പലിന്റെ വെഞ്ചെരിപ്പ് മേയ് 24ാം തീയതി 2.30 pm ന് തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നിർവ്വഹിച്ചു.

30.5.2018 : **സി.എച്ച്.എഫ്.** കുടുംബങ്ങളുടെ മധ്യസ്ഥയായ വാഴ്ത്തപ്പെട്ട മദർ മറിയം ത്രേസ്യയുടെ തിരുന്നാളിനൊരുക്കമായുള്ള നവനാൾ നൊവേനക്ക് കുഴിക്കാട്ടുശ്ശേരി മറിയം ത്രേസ്യ

തീർത്ഥകേന്ദ്രത്തിൽ ആരംഭം കുറിച്ചു. ഇരിഞ്ഞാലക്കുട രൂപതയുടെ വികാരി ജനറാൾ വെരി. റവ. മോൺ. ആന്റോ തച്ചിൽ കൊടിയേററം നിർവഹിക്കുകയും ദിവ്യ ബലിയർപ്പിക്കുകയുംചെയ്തു.

31.5.2018 : **എഫ്. സി. സി.** മേയ് 30 ാം തീയതി Pre Postulancy Phase 1 ലെ അർത്ഥിനികൾ ചുവന്നമണ്ണ് ഹോളി ട്രിനിറ്റി കോൺവെന്റിൽ Pre Postulancy Phase 11 ലേക്ക് പ്രവേശിച്ചു.

**സി.എസ്.എം.** ചെന്നൈയിൽ വച്ച് നടന്ന സി ആർ ഐ യുടെ ദേശീയതല കോൺഫ്രൻസിൽ സുപ്പീരിയർ ജനറൽ മദർ സെബി റോസും പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി.ബിയാട്രീസും പങ്കെടുത്തു.

**യുവസമർപ്പിതസംഗമം 2018**

യുവജനവർഷത്തോടനുബന്ധിച്ച് സി. ആർ. ഐ. യുടെ നേതൃത്വത്തിൽ എല്ലാ സന്യാസസമൂഹങ്ങളിൽ നിന്നുമുള്ള ജൂനിയർ സിസ്റ്റേഴ്സിനും നിത്യവ്രതം കഴിഞ്ഞ് അഞ്ചുവർഷത്തിനുള്ളിലുള്ള സിസ്റ്റേഴ്സിനും പരസ്പരം കാണാനും അനുഭവങ്ങൾ പങ്കുവെയ്ക്കാനും അവസരമൊരുക്കി. 2018 മേയ് 2–ാം തീയതി രാവിലെ 9 മണി മുതൽ 4 മണി വരെ എഫ്.സി.സിയുടെ തൃശൂർ മേരി ഇമ്മാക്കുലേറ്റ് കോൺവെന്റ് ഓഡിറ്റോറിയത്തിൽ വെച്ച് സംഘടിപ്പിച്ച സംഗമത്തിൽ 240 സിസ്റ്റേഴ്സ് പങ്കെടുത്തു. ഫാ. ജോയ് മേനാച്ചേരി നയിച്ച ക്ലാസും തുടർന്നുണ്ടായ ചർച്ചകളും പങ്കുവെയ്ക്കലും സമർപ്പിതജീവിതത്തിന്റെ ആന്തരികതയിലേക്കിറങ്ങാൻ സഹായകരമായിരുന്നു.

## ആദരാഞ്ജലികൾ



7.4.2018 **സി.എസ്.സി.** കൂർക്കഞ്ചേരി മരിയ പ്രൊവിൻസ് ഭവനാംഗമായ **സിസ്റ്റർ ആറോൺ** 07–ാം തീയതി രാത്രി 07.45 ന് നിര്യാതയായി. പിറ്റേദിവസം ഉച്ചക്ക് 12.00 ന് തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരിയുടെ മുഖ്യകാർമ്മികത്വത്തിൽ കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിനോട് ചേർന്നുള്ള കല്ലറയിൽ സംസ്ക്കരിച്ചു.



8.4.2018 **എഫ്.സി.സി.** ഏങ്ങണ്ടിയൂർ ഐ.ജെ ഭവനാം ഗമായ **സി. ജെറോൺഷ്യ** 2018 ഏപ്രിൽ 8–ാം തീയതി ഞായറാഴ്ച പുലർച്ച 1.30ന് നിര്യാതയായി. അന്നു തന്നെ 3.30 ന് അഭിവന്ദ്യ മാർ പാസ്റ്റർ നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതശരീരം ഐ. ജെ. മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ പൂജ്യമായി സംസ്ക്കരിച്ചു.



30.4.2018 **സി.എം.സി.** പുതുക്കാട് സെന്റ് ജോൺ ഓഫ് ദ ക്രോസ് മഠാംഗമായ **സി. ലീന** നിത്യസമ്മാനത്തി നായി വിളിക്കപ്പെട്ടു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും മഠം വക കല്ല റയിൽ സംസ്കരിക്കുകയും ചെയ്തു.



03.5.2018 **സി.എം.സി.** തൃശ്ശൂർ സെന്റ് ആൻസ് ഭവനാം ഗമായ **സി. ലാബ്രെ** നിര്യാതയായി. അഭിവന്ദ്യ മാർ ആന്റണി ചിറയത്ത് പിതാവിന്റെ മുഖ്യ കാർമ്മിക ത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കു കയും സെന്റ് ആൻസ് മഠം വക കല്ലറയിൽ സംസ്ക്ക രിക്കുകയും ചെയ്തു.



6.5.2018 **എഫ്. സി. സി.** 2018 മേയ് 6–ാം തീയതി അരിമ്പൂർ സെന്റ് ജെമ്മാസ് ഭവനാംഗമായ **ബ. സി. മാർസിയ** നിര്യാതയായി. 7–ാം തീയതി രാവിലെ10 മണിക്ക് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭി വന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ മുഖ്യ കാർമ്മിക ത്വത്തിൽ മൃതദേഹം അരിമ്പൂർ സെന്റ് ജെമ്മാസ് മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



31.5.2018 **എഫ്. സി. സി.** പടവരാട് സെന്റ് ട്രീസാസ് ഭവനാംഗമായ **ബ. സി. ലെയൊനാർദ്** 2018 മേയ് 31–ാം തീയതി നിര്യാതയായി. ജൂൺ 1–ാം തീയതി വൈകിട്ട് 4.15 ന് തൃശൂർ അതിരൂപത സഹായമെ ത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതദേഹം പടവരാട് സെന്റ് ട്രീസാസ് മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.

**സി. നമിത റോസ് സി.എം. സി.**
**സി. ആർ. ഐ. സെക്രട്ടറി**



# പാലയൂർ തീർഥകേന്ദ്രം

1. **ദുക്റാന ഊട്ടുതിരുനാൾ ജൂലായ് 3 ചൊവ്വ**

   ജൂലായ് 2 തിങ്കൾ 5 pm : ദണ്ഡവിമോചന നവീകരണ ശുശ്രൂഷ തുടർന്ന് തിരുനാൾ കർമ്മങ്ങളും വി. കുർബാനയും, തിരുശേഷിപ്പു പ്രതിഷ്ഠയും

   ഇന്നു മുതൽ ജൂലായ് 16 വരെ എല്ലാ ദിവസവും മുഴുവൻ സമയവും യോഗ്യതയോടെ വിശ്വാസകവാടത്തിലൂടെ പ്രവേശിക്കുന്നവർക്ക് ദണ്ഡ വിമോചനം ലഭിയ്ക്കുന്നതാണ്.

* ജൂലായ് 3 : 6.30- am നും, 9.30 am നും, 2.30 pm നും 4 pm നും, 5.15 pm നും ദിവ്യബലി, നൊവേന, തിരുശേഷിപ്പ് വണക്കം, നേർച്ച

* 9.15ന് **തർപ്പണ തിരുനാൾ കൊടിയേറ്റം, ദുക്റാന ഊട്ട് ആശീർവാദം, ദിവ്യബലി സന്ദേശം**

   മുഖ്യ കാർമ്മികൻ :

   **അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത**

2. **തർപ്പണ തിരുനാൾ – ജൂലായ് 14, 15, 16**

* 4 മുതൽ 13 വരെ എല്ലാ ദിവസവും രാവിലെ 6.30ന് ദിവ്യബലി, നൊവേന, തിരുശേഷിപ്പ് വണക്കം, നേർച്ച.

* 5.15 pm ന് ഓരോ ദിവസവും പ്രത്യേകം പ്രത്യേകം വിഭാഗങ്ങൾക്കായി പ്രാർത്ഥനകൾ, ആശീർവാദം,

   5.30 pm ന് വി. കുർബാന ലദീഞ്ഞ്, നൊവേന, പ്രദക്ഷിണം, തിരുശേഷിപ്പ് വണക്കം, നേർച്ച

   6.30 pmന് **: – ഓരോ ദിവസവും പ്രത്യേകം കലാ സാംസ്കാരിക പരിപാടികൾ**



3. **7.7.18ന് ശനി 2.30 pm മാർതോമ മക്കൾ സംഗമം**

തളിയകുളത്തിൽ കഴിഞ്ഞ കാലങ്ങളിൽ മാമ്മോദീസ സ്വീകരിച്ചവരുടെ സംഗമം, മാമ്മോദീസ വ്രത നവീകരണം, സമർപ്പണം (അടിമ), നവീകരണം, പ്രദക്ഷിണം, സ്നേഹവിരുന്ന്, വി.കുർബ്ബാന, തിരുന്നാൾ കർമ്മങ്ങൾ.

4. **അരങ്ങേറ്റം മാർതോമ സന്നിധിയിൽ ജൂലായ് 8 ഞായർ**

അതിരൂപത അംഗീകരിച്ച അരങ്ങേറ്റ വേദിയാണ് പാലയൂർ. ജൂലായ് 3 കഴിഞ്ഞ് വരുന്ന ഞായറാഴ്ചയായ 8-ാം തിയ്യതിയാണ് ഇക്കൊല്ലത്തെ അരങ്ങേറ്റം. ജൂലായ് 1ന് മുൻപാണ് രജിസ്റ്റർ ചെയ്യേണ്ടത്.

നല്ല നിലവാരത്തോടെ പരിപാടികൾ അവതരിപ്പിക്കുന്ന എല്ലാവർക്കും വിശിഷ്ടവ്യക്തികൾ കൈയ്യൊപ്പ് ചാർത്തിയ 'അപ്രിസിയേഷൻ സർട്ടിഫിക്കറ്റ്' നൽകുന്നതാണ്. പ്രായഭേദമെന്യെ ആർക്കും പങ്കെടുക്കാവുന്നതാണ്. ബുക്കിംഗിന് ഫോൺ നമ്പർ 0487 2556418

5. **കൊച്ചുകുട്ടികൾക്കുള്ള ആദ്യ ചോറൂണ്**

15-ാം തിയ്യതി 8 am ന് ആണ്

6. **തളിയകുളത്തിൽ ആഘോഷമായ മാമ്മോദീസ**

**15--ാം തിയ്യതി ഞായറാഴ്ച 2 pm ന് ആണ്.**

7. **13-ാം തിയ്യതി വെള്ളിയാഴ്ച 7 pm ന് ആണ് വൈദ്യുത ദീപാലങ്കാര പ്രകാശനം**

8. **മാർതോമ ചൊവ്വാഴ്ച ആചരണം**

9. **ജൂലായ് 3 ചൊവ്വ - ദുക്റാന തിരുനാൾ**

ജൂലായ് 10 ചൊവ്വ - 2.30 PM വചന പ്രഘോഷണം, മദ്ധ്യസ്ഥ പ്രാർത്ഥന, 5.15 ന് തിരുന്നാൾ കർമ്മ ങ്ങൾ, വിശുദ്ധ കുർബ്ബാന.

ജൂലായ് 17, 24, 31 തിയ്യതികളിൽ പതിവുപോലെ, 9.45 മുതൽ വചന പ്രഘോഷണം, വിശുദ്ധ കുർബ്ബാന, നേർച്ചഭക്ഷണം, ആരാധന, മദ്ധ്യസ്ഥ പ്രാർത്ഥന, സാക്ഷ്യങ്ങൾ, കുമ്പസാരം, കൗൺസലിംഗ് എന്നിവയോടെ 3.15 ന് സമാപനം.

**ഫാ. ജോസ് പുന്നോലിപറമ്പിൽ**

റെക്ടർ

# മതബോധനം

## കുട്ടികൾക്കുള്ള കത്ത്

യേശുവിൽ പ്രിയ കുട്ടികളേ,

പുതിയ അറിവുകളും കൂട്ടുകാരും പുതിയ ക്ലാസ്സ് മുറികളുമായി ഈ അധ്യയനവർഷം സന്തോഷത്തോടെ നിങ്ങൾ ആരംഭിച്ചു എന്ന് പ്രതീക്ഷിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, ബുദ്ധിയെ പ്രകാശിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നിങ്ങളും പ്രാർത്ഥിക്കണം. കാരണം "ദൈവഭക്തിയാണ് അറിവിന്റെ ആരംഭം" (സുഭാ. 1:7).

ജൂലൈ മാസത്തെ പ്രധാന തിരുനാൾ നമ്മുടെ സഭയുടെതന്നെ തിരുനാളാണ്. ഈശോയുടെ ശിഷ്യനായ തോമാശ്ലീഹാ ഈശോയുടെ ഉത്ഥാനത്തിന് ശേഷം ഈശോയെപ്പറ്റി കിഴക്കൻ ലോകം മുഴുവൻ മരണം വരെ പ്രഘോഷിക്കാൻ യാത്ര തിരിച്ചു. എ. ഡി. 52ൽ ഭാരതത്തിലെ ഈ മണ്ണിൽ അതും നമ്മുടെ കേരളത്തിൽ, കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങി സുവിശേഷം പ്രസംഗിച്ചു. യേശുവിന്റെ നാമം പരിശുദ്ധാത്മാവിന്റെ പ്രവർത്തനം മൂലം കേരളത്തിൽ പടർന്നു പന്തലിച്ചു. നമ്മൾ ക്രിസ്ത്യാനികളായി, യേശുവിന്റെ നാമം വഹിക്കുന്നവരും ഒപ്പം പ്രഘോഷിക്കുന്നവരുമായി. അങ്ങനെ പ്രേഷിതപ്രവർത്തകനായ തോമാശ്ലീഹായുടെ മക്കളായി നാം മാറി. തോമാശ്ലീഹാ നടത്തിയ ഈ പ്രേഷിതപ്രവർത്തനം ഇന്ന് നമ്മളല്ലേ തുടരേണ്ടത്? എങ്ങനെയാണ് പ്രേഷിതരാകുക? തോമാശ്ലീഹാ എങ്ങനെയാണ് പ്രേഷിതപ്രവർത്തനം പഠിച്ചത്?

യേശുവിൽ നിന്ന് തന്നെയാണ് തോമാശ്ലീഹായും പ്രേഷിതപ്രവർത്തനം പഠിച്ചത്. അപ്പോൾ യേശുവിന്റെ പ്രേഷിതപ്രവർത്തനം അല്ലെങ്കിൽ ദൗത്യം എന്തായിരുന്നു എന്നു നോക്കാം. ദൈവരാജ്യം നമ്മുടെ

യിടയിൽ സ്ഥാപിക്കാനാണ് യേശു വന്നത്. ആദവും ഹവ്വായും പാപം ചെയ്തതുമൂലം മനുഷ്യർക്ക് ദൈവരാജ്യം നഷ്ടപ്പെട്ടു (ഉത്. 3:24). പാപത്തിന് അടിമകളായിതീരുകയും ചെയ്തു. ദൈവത്തോടുള്ള സ്നേഹവും പരസ്പരസ്നേഹവും മനുഷ്യന് നഷ്ടപ്പെട്ടു (ഉത്. 4:8). നഷ്ടപ്പെട്ട ഈ പരസ്നേഹവും ദൈവത്തോടൊത്തുള്ള വാസവുമായ ദൈവരാജ്യം നമുക്ക് നൽകാൻ ഈശോ മനുഷ്യനായി അവതരിച്ചു. ഈശോയുടെ ദൗത്യം മർക്കോസ് ശ്ലീഹാ പറയുന്നത് ഇപ്രകാരമാണ്: "സമയം പൂർത്തിയായി. ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ. 1:15). യേശുവിന്റെ ദൗത്യം അതായത് പ്രേഷിതവേല അങ്ങനെ സമയം പൂർത്തിയായപ്പോൾ ആരംഭിച്ചു. രണ്ട് കാര്യങ്ങളാണ് ദൈവരാജ്യാനുഭവത്തിനായി ഈശോ ആവശ്യപ്പെടുന്നത്. 1. അനുതപിക്കുക 2. സുവിശേഷത്തിൽ വിശ്വസിക്കണം.

മനുഷ്യരായ നമ്മൾ അനുതപിക്കുന്നതിനുവേണ്ടി ഈശോ സുവിശേഷം പ്രസംഗിച്ചു. "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്ക. 4:18-19). ഈ അത്ഭുതങ്ങളും പ്രഘോഷണവും യേശു നടത്തിയ രീതി 'സ്നേഹമായിരുന്നു". "ഞാൻ ഒരു പുതിയ കല്പന നിങ്ങൾക്ക് നൽകുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ. 13:34).

യേശുവിന്റെ അത്ഭുതങ്ങളും പ്രഘോഷണവും പുതിയ കല്പനയും കേട്ട് ശിഷ്യന്മാരുടെ കൂട്ടത്തിൽ തോമാശ്ലീഹായും അനുതപിച്ചു. സുവിശേഷത്തിൽ വിശ്വസിച്ചു. അവർ ദൈവരാജ്യം അനുഭവിക്കാൻ തുടങ്ങി. ഈ ദൈവരാജ്യത്തിന്റെ സന്തോഷം എല്ലാവർക്കും നൽകാനും ഈശോ ഒരു കല്പന കൊടുത്തിരുന്നു. "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷപ്പെടും" (മർക്കോ. 16:15). യേശു ഏല്പിച്ച ഈ ദൗത്യം തോമാശ്ലീഹാ നമ്മുടെ നാട്ടിൽ നിർവഹിച്ചു.

അതുകൊണ്ട് തോമാശ്ലീഹായിൽ നിന്ന് മാമ്മോദീസ സ്വീകരിച്ച നമ്മുടെയും, ആരൊക്കെ ക്രിസ്ത്യാനികളാണോ അവരുടെയൊക്കെയും ദൗത്യം സുവിശേഷപ്രഘോഷണമാണ്. കണ്ടുമുട്ടുന്നവരോട് ഈശോയെപറ്റി പറയണം. വചനം പഠിച്ച് മറ്റുള്ളവരുമായി പങ്കുവയ്ക്കണം. പാവപ്പെട്ടവരെ സഹായിക്കണം. അങ്ങനെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നു വരുന്ന കുഞ്ഞു

മിഷനറിമാരായി മാറാം. യേശുവിന്റെ നാമം നമ്മിലൂടെ വീട്ടിലും നാട്ടിലും രാജ്യത്തും ലോകം മുഴുവനിലും മുഴങ്ങികേട്ട് എല്ലാവരും രക്ഷ പ്രാപിക്കട്ടെ.

ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# മതബോധന വാർത്തകൾ

വിശ്വാസപരിശീലനത്തിനായുള്ള പുതിയ അധ്യയന വർഷം ആരംഭിച്ചുവല്ലോ; ആവശ്യമായ ക്രമീകരണങ്ങളെല്ലാം ചെയ്ത് വിശ്വാസപരിശീലനം കാര്യക്ഷമമായി ആരംഭിക്കുന്നതിനു നേതൃത്വം കൊടുത്ത ബഹു. വികാരിമാർക്കും അസി. വികാരിമാർക്കും പ്രധാനാധ്യാപകർക്കും എല്ലാ മതബോധന അധ്യാപകർക്കും പി.ടി.എ. ഭാരവാഹികൾക്കും പ്രത്യേകം നന്ദി. **Std I** മുതൽ **A.C.C.** ഉൾപ്പെടെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് Internal Assessment ഏർപ്പെടുത്തുന്നുവെന്നത് ഈ വർഷത്തിന്റെ പ്രത്യേകതയാണല്ലോ. ഊർജ്ജസ്വലതയോടെ ഈ അധ്യയനവർഷം മുന്നേറാൻ ഇത് സഹായിക്കട്ടെ.

**1. ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ**

'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന് ഉത്ഥിതനായ ക്രിസ്തുവിലുള്ള വിശ്വാസം പ്രഘോഷിച്ച്, 'അവനോടൊപ്പം പോയി മരിക്കാനുള്ള' തീക്ഷ്ണതയിൽ ജ്വലിച്ച്, അവിടുത്തെ പ്രേഷിതനായി നമ്മുടെ നാട്ടിൽവന്ന് വിശ്വാസദീപം തെളിയിച്ച മാർതോമാശ്ലീഹായുടെ തിരുനാളിന്റെ മംഗളങ്ങൾ എല്ലാവർക്കും ആശംസിക്കുന്നു.

**2. അഭിനന്ദനങ്ങൾ**

താഴെപ്പറയുന്നവർകൂടി കഴിഞ്ഞ അധ്യയനവർഷത്തിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. അവർക്ക് അഭിനന്ദനങ്ങൾ !

A. C. C. - മരിയ ഡേവീസ്, 4–ാം റാങ്ക്, മരിയാപുരം

A. C. C. - ടെസ്സി എം. ജോയ്, 4–ാം റാങ്ക്, പുല്ലംകണ്ടം

XII-ഡെല്ല ആൻ പാലിയേക്കര, 6–ാം റാങ്ക്, പുലക്കാട്ടുകര

XII-ആൽഫിൻ ജോൺ പി. കോടൻകണ്ടത്ത്, 11–ാം റാങ്ക്, ഒല്ലൂർ

**3. അധ്യാപകസഹായി**

ഞായറാഴ്ച മതബോധനം Std. I-X ടെക്സ്റ്റ് പുസ്തകങ്ങളെ ആധാരമാക്കി അധ്യാപകസഹായി മതബോധന ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. കുട്ടികളെ പഠിപ്പിക്കുന്നതിൽ വളരെയേറെ പ്രയോജനമുള്ള ഈ പുസ്തകം ബന്ധപ്പെട്ട അധ്യാപകർക്ക് യൂണിറ്റുകൾ വാങ്ങി കൊടുക്കേണ്ടതാണ്.

**4. പാഠപുസ്തക വിതരണം.**

കുട്ടികൾക്ക് പുസ്തകങ്ങൾ ലഭ്യമാക്കേണ്ടത് യൂണിറ്റുകളുടെ ചുമതലയാണ്. യൂണിറ്റുകൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്യുവാൻ മാത്രമേ മതബോധനകേന്ദ്രത്തിന് സാധ്യമാകുകയുള്ളൂ. കുട്ടികളുടെ മാതാപിതാക്കളേയോ മറ്റോ പുസ്തകങ്ങൾക്കായി മതബോധനകേന്ദ്രത്തിലേക്ക് പറഞ്ഞയയ്ക്കരുത് എന്ന് പ്രത്യേകം നിഷ്കർഷിക്കുന്നു.

**5. Contact Class XI, XII**

ആദ്യത്തെ ക്ലാസ്സ് ജൂലൈ 15 ന് ആണ്. ഈ സംവിധാനത്തിൽ ചേരുന്നതിനുള്ള രജിസ്ട്രേഷൻ ഫോം മതബോധനകേന്ദ്രത്തിന്റെ ബ്ലോഗിൽ ലഭ്യമാണ്. അപേക്ഷകൾ ബഹു. വികാരിയച്ചന്റെ ശിപാർശ സഹിതം 2018 ജൂൺ 25ന് മുമ്പ് മതബോധനകേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്.

**6. Internal Assessment:**

**Std I** മുതൽ **A.C.C.** ഉൾപ്പെടെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് Internal Assessment ഈ അധ്യയന വർഷം മുതൽ നിലവിൽ വന്നിരിക്കുന്നു. 20 മാർക്ക് ആണ് ആയതിന് നീക്കിവച്ചിട്ടുള്ളത്.

**A.C.C** വിദ്യാർത്ഥികൾക്ക് ഹാജർ, അർദ്ധവാർഷിക പരീക്ഷയുടെ മാർക്ക്, Assignment എന്നിവയെ ആധാരമാക്കിയായിരിക്കും Internal Assessment മാർക്കുകൾ നിശ്ചയിക്കുന്നത്.

**Std I** മുതൽ **XII** ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് Internal Assessment മാർക്കുകൾ നിശ്ചയിക്കുന്നത് താഴെ പ്പറയുന്ന കാര്യങ്ങളെ ആധാരമാക്കിയായിരിക്കും. വിശ്വാസപരിശീലനവുമായി ബന്ധപ്പെടുത്തി യൂണിറ്റ് നിർദ്ദേശിക്കുന്ന ക്ലാസ്സുകളിലെയും

മറ്റും ഹാജരുകൾ, അധ്യാത്മികകാര്യങ്ങൾ, പഠനപരിപാടികൾ, യൂണിറ്റിലെ പ്രവർത്തനങ്ങൾ എന്നിവയിലെ പങ്കാളിത്തം, ക്രൈസ്തവ വ്യക്തിത്വരൂപീകരണം (പെരുമാറ്റം). ഈ പ്രധാനവിഭാഗങ്ങളിലായാണ് മാർക്കിടുന്നത്. ആകെ 20 മാർക്ക് ആണ്.

**A.C.C** : Total Marks = 100

Annual Exam = 80 ; Internal Assessment = 20.

**Std XII** : Total Marks = 100

Annual Exam = 70 ; Half Yearly Exam = 10;

Int. Assessment = 20

**Stds 1-XI** : Total Marks = 100

Half -Yearly Exam = 40;

Annual Exam = 40 ;

Int. Assessment = 20.

7. **പ്രതിഭാ പരിശീലനം** :

Stds. VII, VIII, IX, X, XI & XII

മുൻവർഷങ്ങളിൽനിന്ന് വ്യത്യസ്തമായി ഈ വർഷം 8,9,10,11 എന്നീ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുക്കൂടി ഏകദിന പ്രതിഭാ പരിശീലനക്യാമ്പുകൾ നടത്തുന്നുണ്ട്. മതബോധന കേന്ദ്രത്തിൽനിന്ന് നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡമനുസരിച്ച് യോഗ്യരായ വിദ്യാർത്ഥികളെ പരിശീലനക്യാമ്പിൽ പങ്കെടുപ്പിക്കുമല്ലോ. ക്യാമ്പിൽ വി. കുർബാനയും ഉണ്ടായിരിക്കും. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് അന്നേ ദിവസത്തെ ഹാജർ ലഭിക്കുന്നതായിരിക്കും.

ഏകദിന പരിശീലനക്യാമ്പ് തിയതികൾ:

2018 ജൂലൈ 15 ഞായർ : Std. X & XI (9:30 AM to 4:30 PM; DBCLC)

2018 ജൂലൈ 22 ഞായർ : Std. VIII & IX (9:30 AM to 4:30 PM; DBCLC)

2018 ഒക്ടോബർ 28 ഞായർ : Std. XII (9:30 AM to 4:30 PM; DBCLC)

2018 നവംബർ 11 ഞായർ : Std. VII (9:30 AM to 4:30 PM; DBCLC)

ഇപ്പോൾ 8,9,10,11 ക്ലാസ്സുകളിൽ പഠിക്കുന്നവരും മുൻവർഷങ്ങളിൽ ഏഴാം ക്ലാസ്സിലെ പ്രതിഭാ പരിശീലനത്തിൽ അതിരൂപതാതല സെലക്ഷൻ ലഭിച്ചവരുമായ വിദ്യാർത്ഥികൾക്ക് അതതുക്ലാസ്സുകളിലെ ക്യാമ്പുകളിൽ പങ്കെടുക്കാം. കൂടാതെ, മുൻവർഷത്തിൽ അവസരം കിട്ടാതെ പോയ പ്രാപ്തരായ വിദ്യാർത്ഥികളെയും സ്വാഗതം ചെയ്യുന്നുണ്ട്. അനുയോജ്യരായ വിദ്യാർത്ഥികളെ ഓരോ ക്ലാസ്സിൽ നിന്നും തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡങ്ങളടങ്ങിയ അപേക്ഷാഫോം Blog-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൂരിപ്പിച്ച അപേക്ഷാ

ഫോമുകൾ **ജൂലൈ 5ന്** മുമ്പ് മത ബോധനകേന്ദ്രത്തിൽ നല്കേണ്ട താണ്.

VII, XII എന്നീ ക്ലാസ്സുകളിലെ വിദ്യാർത്ഥികളിൽനിന്ന് തെരഞ്ഞെ ടുക്കപ്പെടുന്നവർക്ക് പിന്നീട്, സീറോമലബാർ മതബോധനകമ്മീ ഷന്റെ പ്രതിഭാസംഗമത്തിന് ഒരുക്ക മായുള്ള, ദ്വിദിന ക്യാമ്പ് നടത്തുന്ന തായിരിക്കും.

**8. പുതിയ Advanced C. T. C.**
(ഒരു ബാച്ചുമാത്രം)

വിശ്വാസവിഷയങ്ങൾ പഠിപ്പിക്കു ന്നതിന് കുറെകൂടി ആഴമായ പരിശീലനം മതാധ്യാപകർക്ക് ലഭിക്കുന്നതിനുവേണ്ടിയുള്ള കോഴ്സ് ആണിത്. TTC, B.Ed എന്നീ കോഴ്സുകൾ ചെയ്തി ട്ടില്ലാത്ത മതാധ്യാപകരെയാണ് പ്രധാനമായും ഈ കോ ഴ്സിലേക്ക് പ്രതീക്ഷിക്കുന്നത്. പ്രായോഗിക പരിശീലനത്തിന് ഊന്നൽ കൊടുത്തിട്ടുള്ളതാണ് ഇത്. ഇതിന് Institute of Theology യുടെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കും. താഴെപ്പറയുന്ന 13 ഞായറാഴ്ചകളിൽ ഉച്ചക ഴിഞ്ഞ് 2:30 മുതൽ 5 വരെയാ യിരിക്കും ക്ലാസ്സുകൾ. കോഴ്സ് സൗജന്യമായിരിക്കും. പങ്കെടു ക്കുന്നവർ ജൂലൈ 20–നുമുമ്പ് രജിസ്റ്റർ പേര് ചെയ്യണം. ക്ലാസ്സ് തിയതികൾ:

സെപ്റ്റംബർ 9,16, 23, 30, ഒക്ടോബർ 7,14,28, നവംബർ 11,18, 25, ഡിസംബർ 2, 16, 23

**9. മതാധ്യാപകർക്കുള്ള ഏകദിന സെമിനാറുകൾ :**

മതാധ്യാപകർക്കു ക്ലാസ്സടിസ്ഥാ നത്തിൽ നടത്തുന്ന ഏകദിന സെമിനാറിൽ അതതു ക്ലാസ്സിലെ എല്ലാ അധ്യാപകരും പങ്കെടുക്കേണ്ടതാണ്. ഏകദിന സെമിനാറുകൾ എല്ലാം മത ബോധനകേന്ദ്രത്തിലായിരിക്കും നടത്തപ്പെടുന്നത്. രജിസ്ട്രേ ഷൻ ഫീസ് ഒരാൾക്ക് 100 രൂപ. സെമിനാർ സമയം: 9.30 AM - 4.30 PM. കൃത്യസമയത്തു തന്നെ സെമിനാർ ആരംഭിക്കു ന്നതാണ്. സെമിനാറിൽ പങ്കെ ടുക്കുന്നവർക്ക് DBCLC യിൽ വി. കുർബാന ഉണ്ടായിരിക്കുന്ന താണ്.

ജൂലൈ മാസത്തെ സെമിനാ റിന്റെ വിവരങ്ങൾ താഴെകൊടു ക്കുന്നു.

| **ക്ലാസ്സ് തിയ്യതി** | **സമയം** |
|---|---|
| **IV, V & VI** 2018 ജൂലൈ **1** | 9:30AM - 4:30PM |
| **I , II & III** 2018 ജൂലൈ **8** | 9:30AM - 4:30PM |

**10. സർവ്വീസ് അവാർഡ്**

സർവ്വീസ് അവാർഡിന് അർഹ രാകുന്ന അധ്യാപകരുടെ ലിസ്റ്റ് മതബോധന സോഫ്റ്റ്വെയ റിൽനിന്നുമാണ് എടുക്കുന്നത്.

സർവ്വീസ് വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർത്തിട്ടുള്ള അധ്യാപകരുടെ പേരുകളേ ഈ ലിസ്റ്റിൽ ഉൾപ്പെടുകയുള്ളൂ. അതിനാൽ അധ്യാപകരുടെ സർവ്വീസ് വിവരങ്ങൾ ഇനിയും ചേർത്തിട്ടില്ലെങ്കിൽ ജൂലൈ 15നകം ചേർക്കേണ്ടതാണ്. അല്ലാതെയുള്ള അധ്യാപകർ അവാർഡ് ലിസ്റ്റിൽ ഉൾപ്പെടില്ല. അതിനാൽ അധ്യാപകരുടെ സർവ്വീസ് വിവരങ്ങൾ നിശ്ചിത സമയത്തിനകം കൃത്യമാക്കണം.

**11. റിസോഴ്സ് ടീം പരിശീലനം & ആനിമേഷൻ കോഴ്സ്**

മതബോധനകേന്ദ്രത്തിന്റെ റിസോഴ്സ് ടീമിനുള്ള പരിശീലനം ഈ വർഷവും നടത്തുന്നുണ്ട്. *യുവജനങ്ങൾ ക്രൈസ്തവ സംസ്കാര ശില്പികൾ* എന്ന വിഷയത്തെ ആസ്പദമാക്കിയാണ് പരിശീലനം നല്കുന്നത്. റിസോഴ്സ് ടീമിന്റെ പരിശീലന ക്ലാസ്സും മതാധ്യാപകർക്കുള്ള ആനിമേഷൻ കോഴ്സും സംയുക്തമായാണ് നടത്തുന്നത്. റിസോഴ്സ് ടീമിൽ അംഗങ്ങളാകുന്നവരും ആനിമേഷൻ കോഴ്സിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവരും പ്രസ്തുത ക്ലാസ്സുകളിൽ മുഴുവനും സംബന്ധിക്കേണ്ടതാണ്. സംബന്ധിക്കുന്നവർ മുൻകൂട്ടി പേരുകൾ മതബോധനകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യണം.

സമയം : ഉച്ചകഴിഞ്ഞ് 2:30 മുതൽ 5 വരെ

സ്ഥലം : DBCLC

തിയതികൾ : ജൂലൈ 22, ആഗസ്റ്റ് 5, ആഗസ്റ്റ് 19, ആഗസ്റ്റ് 26, സെപ്റ്റംബർ 2

ആനിമേഷൻ കോഴ്സ് : ജൂലൈ 22, ആഗസ്റ്റ് 5, ആഗസ്റ്റ് 19,

**12. അധ്യാപകരുടെ ആപ്റ്റിറ്റ്യൂഡ് പരീക്ഷ ഒക്ടോബർ 21-ന്**

3 വർഷത്തെ ആപ്റ്റിറ്റ്യൂഡ് പഠനത്തിന് നിശ്ചയിച്ചിരിക്കുന്ന *സീറോമലബാർ സഭയുടെ ആരാധനക്രമവിശ്വാസപരിശീലനം* എന്നഗ്രന്ഥത്തിലെ ഈ വർഷത്തെ (2018-2019) പാഠ്യഭാഗം: അധ്യായങ്ങൾ 10-13; പദവ്യാഖ്യാനങ്ങൾ 27-39 (പേജ് 274-278). പുസ്തകം മതബോധനകേന്ദ്രത്തിൽ ലഭ്യമാണ്. അധ്യാപകർക്ക് മതബോധനകേന്ദ്രത്തിന്റെ സബ്സിഡി നിരക്കിലുള്ള വില പുസ്തകത്തിന് 50 രൂപയായിരിക്കും. ഓരോ അധ്യാപകനും സ്വന്തമായി പുസ്തകത്തിന്റെ ഒരു കോപ്പി ഉണ്ടായിരിക്കേണ്ടതാണ്. **ഈ വർഷത്തെ യൂണിറ്റ് തല ആപ്റ്റിറ്റ്യൂഡ് പരീക്ഷ, വിദ്യാർത്ഥികളുടെ അർദ്ധവാർഷിക പരീക്ഷകൾക്കുശേഷം, ഒക്ടോബർ 21ന് ആയിരിക്കും.**

**13.പ്രബോധനവിഷയസെമിനാർ**

12–ാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പ്രബോധനവിഷയസെമിനാർ യൂണിറ്റുതലത്തിൽ നടത്തേണ്ടതാണ്. യൂണിറ്റിന്റെ സാഹചര്യം കണക്കിലെടുത്ത് XI, XII, ACC ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ ഒരുമിച്ചുചേർത്ത് ഇത് നടത്താവുന്നതാണ്. സെമിനാറിന് ക്ലാസ്സെടുക്കുന്നതിനുള്ള റിസോഴ്സ് ടീമിനെ മതബോധനകേന്ദ്രത്തിൽ പരിശീലിപ്പിച്ച് തയ്യാറാക്കുന്നതാണ്. അവരുടെ സഹായത്തോടെ യൂണിറ്റുകളുടെ ഉത്തരവാദിത്വത്തിൽ സെമിനാർ നടത്തണം. ഉചിതമായ പരിപാടികളോടെ, ഉദാഹരണത്തിന് സാമൂഹ്യസേവനപരിപാടികൾ, സ്ഥാപന സന്ദർശനങ്ങൾ, പരിസ്ഥിതിപ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തി, ഏകദിന സെമിനാറായോ അർദ്ധദിന സെമിനാറായോ യൂണിറ്റിന്റെ ഔചിത്യമനുസരിച്ച് ഇത് നടത്താവുന്നതാണ്.

**14. യൂണിറ്റ് വിസിറ്റ്**

യൂണിറ്റ് വിസിറ്റിനായുള്ള ഫൊറോന ടീമുകൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ജൂലൈ മാസം 15 മുതൽ യൂണിറ്റ് സന്ദർശനം ആരംഭിക്കുന്നു. യൂണിറ്റുകളുടെ സന്ദർശന തിയതികൾ Blogൽ പ്രസിദ്ധീകരിക്കുന്നതാണ്. വിസിറ്റിനു വരുന്ന ടീമിലെ അംഗങ്ങളുടെ യാത്രാചിലവ് (ഒരാൾക്ക് കൂടിയത് 150 രൂപ എന്ന തോതിൽ) സന്ദർശിക്കപ്പെടുന്ന യൂണിറ്റിൽനിന്ന് നൽകേണ്ടതാണ്.

**15. പി. ടി. എ. ജനറൽ ബോഡി യോഗം യൂണിറ്റുകളിൽ:**

പി. ടി. എ. ജനറൽ ബോഡി യോഗം യൂണിറ്റുകളിൽ നടത്തിക്കാണുമെന്ന് വിചാരിക്കുന്നു. ഇനിയും നടത്താത്ത യൂണിറ്റുകളുണ്ടെങ്കിൽ ഉടനെതന്നെ യോഗം വിളിച്ചുകൂട്ടുകയും വാർഷിക മതബോധന പ്രോഗ്രാം സജ്ജമാക്കുകയും അവ പ്രാവർത്തികമാക്കാൻ വേണ്ട കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയും വേണം. മാതാപിതാക്കളും, പി. ടി. എ. ഭാരവാഹികളും അധ്യാപകരും നിരന്തര സമ്പർക്കത്തിൽ വർത്തിക്കുമ്പോഴാണ് കുട്ടികളുടെ വിശ്വാസ പരിശീലനത്തിന് ഇടവകയിൽ കൂടുതൽ ഫലദായകത്വം ലഭിക്കുന്നത്.

യൂണിറ്റുതല തെരഞ്ഞെടുപ്പു നടത്തി പേരുവിവരങ്ങൾ നിശ്ചിതഫോറത്തിൽ മതബോധനകേന്ദ്രത്തിൽ **ജൂലൈ 15 നു** മുമ്പ് എത്തിക്കേണ്ടതാണ്. അത് ലഭിച്ച ശേഷം വേണം ഫൊറോനാതലത്തിലേയും അതിരൂപതാതലത്തിലേയും തെരഞ്ഞെടുപ്പുകൾ നടത്തുവാൻ.

സാധാരണ നിലയിൽ ഹെഡ്മാസ്റ്ററാണ് പി. ടി. എ. യുടെ സെക്രട്ടറി. അതു കൊണ്ട് പി. ടി. എ. യെ കാര്യക്ഷമമാക്കുവാൻ ഹെഡ്മാസ്റ്റർക്ക് വലിയ റോളുണ്ട്.

**16. സ്ഥാനമൊഴിഞ്ഞ പ്രധാനാധ്യാപകരുടേയും റിട്ടയർ ചെയ്ത അധ്യാപകരുടേയും യോഗം.**

ഇരുകൂട്ടരുടേയും യോഗം ജൂൺ 10 ഞായറാഴ്ച ഉച്ചകഴിഞ്ഞ് അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടുകയും അവരുടെ വിലയേറിയ അനുഭവങ്ങൾ അഭിവന്ദ്യ പിതാവിന്റെ മുമ്പാകെ പങ്കുവയ്ക്കുകയും ചെയ്തു. പങ്കെടുത്ത എല്ലാവർക്കും നന്ദിയുടെ നറുമലരുകൾ.

സസ്നേഹം,

Fr. Tens Kunnappilly
Fr. Rijo Vithayathil Kozhukkullikaran
Fr. Royson Kollannoor
Asst. Directors

Fr. Raphael Akkamattathil
Director

# Institute of THEOLOGY

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

1. **B.A. in Theology and Religious Studies:** ബെൽജിയം ലുവെൻ യുണിവേഴ്സിറ്റിയുടെ ഈ കോഴ്സ് ഞായറാഴ്ചകളിൽ 2 PMമുതൽ 5 PMവരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 9.30AM മുതൽ 5 PMവരെയും ആയിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് Institute of Theology Office- മായി ബന്ധപ്പെടുക.
2. **Correspondence Theology Course:** 24 വിഷയങ്ങളുള്ള ഈ കോഴ്സ് മാസംതോറും ഓരോ ക്ലാസ്സ് എന്ന നിലയിൽ 2 വർഷം കൊണ്ടോ മാസംതോറും രണ്ടു ക്ലാസ്സുകൾ എന്ന രീതിയിൽ ഒരുവർഷംകൊണ്ടോ പൂർത്തിയാക്കാവുന്നതാണ്. ഈ കോഴ്സിലേക്കുള്ള പുതിയ ബാച്ച് **2018 ജൂലൈ 22-ാം തിയ്യതി 2 PM ന് ആരംഭിക്കുന്നു.** പ്രതിമാസം രണ്ടാം ഞായർ, നാലാം ഞായർ എന്നീ ദിവസങ്ങളിൽ 2 PMമുതൽ 5 PM വരെയായിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ ജൂലൈ 15-ാം തിയ്യതിക്കു മുമ്പ് Institute of Theology Office -ൽ പേരുകൾ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് Institute of Theology Office മായി ബന്ധപ്പെടുക.

   Paper V, Paper VIന്റെ പരീക്ഷകൾ (One Year & Two Years) July 15, 29 എന്നീ ദിവസങ്ങളിൽ 2 PM മുതൽ 4 PM വരെ ആയിരിക്കും. Re-exams August 5നും 12നും ആയിരിക്കും. സമയം: 2.00pm-4.00pm കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ ജൂലൈ 8, ജൂലൈ 22 എന്നീ ഞായറാഴ്ച്ചകളിൽ 2 PM മുതൽ 5 PM വരെയായിരിക്കും.
3. **Six Month Theology Course:**

   സന്യാസിനികൾക്കായി 6 Months regular Theology Course affiliated to Chair for Christian Studies and Research of Calicut University ജൂൺ മാസം 4ാം തിയ്യതി ആരംഭിച്ചു. അഞ്ച് സന്യാസ സഭകളിൽ നിന്നുള്ള സിസ്റ്റേഴ്സ് കോഴ്സിൽ ചേർന്നിട്ടുണ്ട്.

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ഡയറക്ടർ




# മേരിമാത സെമിനാരി

**സ്റ്റാഫ് ആനിമേഷൻ പ്രോഗ്രാം (മെയ് 24–26)**

മെയ് 24 മുതൽ 26 ഉൾപ്പടെയുള്ള ദിവസങ്ങളിൽ പ്രാത്ഥനയും പരിചിന്തനങ്ങളും നടത്തി മേരിമാതായിലെ റസിഡന്റ് സ്റ്റാഫ് പുതിയ അദ്ധ്യയന വർഷത്തേക്കുവേണ്ട തയ്യാറെടുപ്പുകൾ നടത്തി. ബഹു. ഫാ.ടോമി പുളിന്താനത്ത് MSFS ആത്മീയ വിചിന്തനങ്ങൾ പങ്കുവച്ചു. ഈ അദ്ധ്യയനവർഷത്തെ പരിശീലന പരിപാടികളുടെ പൊതുമാനദണ്ഡങ്ങൾ രൂപപ്പെടുത്താൻ സ്റ്റാഫ് ആനിമേഷൻ പ്രോഗ്രാമിലൂടെ സാധിച്ചു.

**നവാഗതർക്ക് സ്വാഗതം (മെയ് 28)**

ഒന്നാം വർഷ തത്വശാസ്ത്ര-ദൈവശാസ്ത്ര വിദ്യാർത്ഥികൾ എത്തിച്ചേർന്ന മെയ് 28–ാം തിയ്യതി മേരിമാതാകുടുംബം അവരെ ഹൃദ്യമായി സ്വീകരിച്ചു. തത്വശാസ്ത്രവിഭാഗത്തിൽ 30 പേരും ദൈവശാസ്ത്രവിഭാഗത്തിൽ 22 പേരും ഈ അദ്ധ്യയനവർഷം മേരിമാതായിൽ പുതുതായി പ്രവേശനം നേടിയിട്ടുണ്ട്. ആകെ 158 വൈദികവിദ്യാർത്ഥികളും 15 ബഹു. സിസ്റ്റേഴ്സുമാണ് ഈ അദ്ധ്യയനവർഷത്തിൽ ഇവിടെ അക്കാദമിക പരിശീലനം നടത്തിക്കൊണ്ടിരിക്കുന്നത്.

**ഓറിയന്റേഷൻ പ്രോഗ്രാം (മെയ് 29–31)**

മേരിമാതയിൽ ഈ അദ്ധ്യയനവർഷം പരിശീലനം ആരംഭിക്കുന്ന വൈദികവിദ്യാർത്ഥികൾക്കുള്ള ഓറിയന്റേഷൻ പ്രോഗ്രാം മെയ് 29 മുതൽ 31 വരെയുള്ള ദിവസങ്ങളിലായി നടന്നു. ബഹു. ഫാ. ജോർജ്ജ് തോട്ടാൻ CMI, ബഹു. ഫാ. രാജു അക്കര എന്നിവർ യഥാക്രമം തത്വശാസ്ത്രവിഭാഗത്തിലും ദൈവശാസ്ത്രവിഭാഗത്തിലും ഓറിയന്റേഷൻ പ്രോഗ്രാമിന് നേതൃത്വം നൽകി.

**അദ്ധ്യയന വർഷാരംഭം (ജൂൺ 1)**

മേരിമാതാ സെമിനാരിയുടെ 21-ാം അദ്ധ്യയന വർഷത്തിന് പ്രാർത്ഥനാനിർഭരമായ ആരംഭം. തൃശ്ശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയിൽ സെമിനാരിയിലെ മുഴുവൻ വൈദികരും **SDV, CSJB** സെമിനാരികളിലെ റെക്ടറച്ചന്മാരും സഹകാർമ്മികരായിരുന്നു. തുടർന്നു നടന്ന ഉദ്ഘാടനയോഗത്തിൽ ഫാ. ജെയ്സൺ കൂനംപ്ലാക്കൽ (റെക്ടർ) പുതിയ അദ്ധ്യയനവർഷത്തിലേക്ക് ഏവരെയും സ്വാഗതം ചെയ്തു. ഫാ. ബിജു നാഞ്ഞിലത്ത് (വൈസ് റെക്ടർ) സെമിനാരിയുടെ കഴിഞ്ഞ അദ്ധ്യയന വർഷത്തെ പ്രധാന പരിപാടികളും പരിശീലന പദ്ധതികളും ഉൾക്കൊള്ളിച്ചുള്ള വിശദമായ റിപ്പോർട്ട് അവതരിപ്പിച്ചു. മാർ ടോണി നീലങ്കാവിൽ അദ്ധ്യയനവർഷം ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ 2017-2018 അദ്ധ്യയനവർഷത്തിൽ ഉന്നതവിജയം നേടിയവർക്ക് എന്റോവ്മെന്റുകളും ക്യാഷ് അവാർഡുകളും സമ്മാനിച്ചു. തത്വശാസ്ത്ര-ദൈവശാസ്ത്രപഠനം വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകി. ഉദ്ഘാടനത്തോടനുബന്ധിച്ച് ഫാ. സൈജോ തൈക്കാട്ടിൽ **Gaudete et Exsultate** എന്ന ഫ്രാൻസിസ് മാർപ്പാപ്പയുടെ അപ്പസ്തോലിക ആഹ്വാനത്തെ ആസ്പദമാക്കി **'Call to Holiness in Today's World'** എന്ന വിഷയത്തെക്കുറിച്ച് **Lectio Brevis** അവതരിപ്പിച്ചു.

**മാസധ്യാനം (ജൂൺ 1-2)**

വേനൽ അവധി കഴിഞ്ഞ് തിരിച്ചെത്തിയ ഏവർക്കും ആത്മീയ ഉണർവ്വു നൽകിയ 2018-2019 അദ്ധ്യയനവർഷത്തെ ആദ്യത്തെ മാസധ്യാനം ജൂൺ 1, 2 തിയ്യതികളിലായി നടന്നു. മാസധ്യാനം നയിച്ചത് ബഹു. ഫാ. ഡേവിസ് വിതയത്തിൽ OFM. Cap, ബഹു. ഫാ. പോൾ പുളിക്കൻ എന്നിവരാണ്. സദാ ജാഗ്രതയുള്ളവരായിരിക്കണം നാമോരോരുത്തരും എന്ന് തിരുവചനങ്ങളെ ആധാരമാക്കി ധ്യാനവിചിന്തനങ്ങളിലൂടെ അവർ വ്യക്തമാക്കി. പുതിയ തീരുമാനങ്ങളെടുക്കാനും പാപമോചനകൂദാശ സ്വീകരിക്കാനും മാസധ്യാനാവസരം ഏവർക്കും സഹായകമായി.

**ഞായറാഴ്ച അജപാലന ശുശ്രൂഷ (ജൂൺ 3)**

മേരിമാതാ സെമിനാരിയുടെ അജപാലന പരിശീലനത്തിന്റെ ഭാഗമായുള്ള ദൈവശാസ്ത്ര വിദ്യാർത്ഥികളുടെ ഞായറാഴ്ചകളിലെ അജപാലനശുശ്രൂഷ ജൂൺ 3 ന് ആരംഭിച്ചു. തൃശ്ശൂർ ഇരിഞ്ഞാലക്കുട എന്നീ രൂപതകളിലായി 45 ഇടവകകളിലാണ് ഈ വർഷം ശെമ്മാശ

ന്മാർ ശുശ്രൂഷ ചെയ്യുന്നത്. മതബോധനം, കുടുംബയോഗങ്ങൾ, ഭവനസന്ദർശനം, സംഘടനാപ്രവർത്തനം എന്നീ തലങ്ങളിൽ ബഹു. ശെമ്മാശന്മാർ പരിശീലനം നേടുന്നു. പൗരോഹിത്യത്തിലേക്കുള്ള ഒരുക്ക കാലഘട്ടത്തിൽ ലഭിക്കുന്ന ഈ അനുഭവങ്ങൾ ഭാവിയിൽ ഏറെ ഫലദായകമായ ശുശ്രൂഷകൾക്ക് വൈദിക വിദ്യാർത്ഥികളെ സഹായിക്കും.

**പരിസ്ഥിതി ദിനാഘോഷം (ജൂൺ 5)**

ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് മൂന്നാംവർഷ തത്വശാസ്ത്ര വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സെമിനാരി പരിസരത്ത് വൃക്ഷത്തൈകൾ നട്ടു. ബഹുമാനപ്പെട്ട വൈദികരുടെ സാന്നിദ്ധ്യത്തിൽ റെക്ടറച്ചൻ വൃക്ഷത്തൈ നട്ട് പരിസ്ഥിതി ദിനാചരണം ഉദ്ഘാടനം ചെയ്തു.

**ദിവ്യകാരുണ്യസന്നിധിയിൽ (ജൂൺ 8)**

തിരുഹൃദയ തിരുനാളായ ജൂൺ 8-ാം സെമിനാരി കുടുംബം ദിവ്യകാരുണ്യ ആരാധനാ ദിനമായി ആചരിച്ചു. വി. കുർബ്ബാനയോടുകൂടി ആരംഭിച്ച ആരാധനക്ക് വിവിധ ബാച്ചുകൾ നേതൃത്വം നൽകി. ഉച്ച കഴിഞ്ഞ് നടത്തപ്പെട്ട പൊതു ആരാധനയിൽ എല്ലാവരും സംബന്ധിച്ചു. അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിൽ തന്നെ ലഭിച്ച ആരാധനാ ദിനം ഏവരും ഫലപ്രദമായി വിനിയോഗിച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

## Individual Patron Membership

1. ശ്രീമതി മേരി പോൾ, ചിങ്ങത്ത് ഹൗസ്, കൊരട്ടി.

## Individual Benefactor Membership

1. ശ്രീ ടി. ജെ. ഡേവിസ്, തേക്കാനത്ത് പണ്ടാരവളപ്പിൽ ഹൗസ്, പുത്തൂർ.

## Individual Wellwisher Membership

1. ശ്രീ. പി. വി. ജേക്കബ്, പഞ്ഞിക്കാരൻ ഹൗസ്, ചെവ്വൂർ.

ദൈവജന ശുശ്രൂഷക്കായി ജീവിതം സമർപ്പിക്കാനാഗ്രഹിച്ച് പരിശീലനം നേടുന്ന വൈദികവിദ്യാർത്ഥികളെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന എല്ലാവരെയും ഈശോനാഥൻ അനുഗ്രഹിച്ച് സംരക്ഷിക്കട്ടെ.

**ഫാ. ജെയ്സൻ കൂനംപ്ലാക്കൽ**
റെക്ടർ



# സെ. മേരീസ് മൈനർ സെമിനാരി

### 1. സെ. പോൾ ഗുരുകുലം ബാച്ച്

മൈനർ സെമിനാരി പരിശീലനത്തിനുശേഷം 3 വർഷത്തെ ഡിഗ്രി/ഡിപ്ലോമ പഠനം പൂർത്തിയാക്കിയ 14 പേരും ഡിഗ്രി പഠനം കഴിഞ്ഞ് മൈനർ സെമിനാരിയിൽ ചേർന്ന് ഒരു വർഷത്തെ പരിശീലനം പൂർത്തിയാക്കിയ ഒരാളും ഉൾപ്പെടുന്ന ഈ വർഷത്തെ ബാച്ച് മെയ് 31–ാം തിയ്യതി സെ. പോൾ ഗുരുകുലത്തിലേക്ക് യാത്രയായി.

### 2. തിരുഹൃദയ പ്രതിഷ്ഠ

ഈശോയുടെ തിരുഹൃദയ തിരുനാൾ ദിനമായ ജൂൺ 9–ാം തിയതി സെമിനാരി കുടുംബത്തെ ഈശോയുടെ തിരുഹൃദയത്തിന് സമർപ്പിച്ച് പ്രതിഷ്ഠ നവീകരിക്കുകയും സെമിനാരിയെയും അനുബന്ധ കെട്ടിടങ്ങളും വെഞ്ചിരിക്കുകയും ചെയ്തു. അന്നത്തെ പ്രാർത്ഥനാ ശുശ്രൂഷ നടത്തിയത് സെമിനാരി കോൺവെന്റിലായിരുന്നു.

### 3. നവാഗതർക്ക് സ്വീകരണം

ഈ വർഷം സെമിനാരിയിലേക്ക് പ്രവേശനം ലഭിച്ച 22 പേർ ജൂൺ 10–ാം തിയതി ഞായറാഴ്ച പരിശീലനം ആരംഭിക്കുന്നതിനായി ഇവിടെ എത്തിചേർന്നു. അവരെല്ലാവരെയും സെമിനാരി കുടുംബം സസന്തോഷം സ്വീകരിച്ചു. അവർക്കായി പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷയും സ്വീകരണ കലാവിരുന്നും ഉണ്ടായിരുന്നു.

### 4. അധ്യയനവർഷാരംഭം

2018–19 വർഷത്തെ അധ്യയനവർഷം ജൂൺ 11ന് ഉദ്ഘാടനം ചെയ്യപ്പെട്ടു. അന്നേദിവസം രാവിലെ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകിയത് മാർ ആൻഡ്രൂസ് താഴത്ത് പിതാവായിരുന്നു. രാവിലെ 10:30ന് ആരംഭിച്ച ഉദ്ഘാടനസമ്മേളനത്തിൽ തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് വിശിഷ്ടാതിഥിയായി ഉദ്ഘാടനകർമ്മം നിർവഹിച്ചു.

## 5. Initiation Programme for the New Comers

ജൂൺ 11 മുതൽ 13 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ സെമിനാരിയിൽ പുതിയതായി എത്തിയവർക്കായുള്ള Initiation Programme ബഹു. ഡെയ്സൻ മുണ്ടോപുറം അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

## 6. അഭിവന്ദ്യ മാർ ടോണി പിതാവിന്റെ ദിവ്യബലിയർപ്പണം

ജൂൺ 15ന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് സെമിനാരി കുടുംബത്തോടൊപ്പം ദിവ്യബലിയർപ്പിച്ചു. അന്നേദിവസം ദിവ്യബലിക്കുശേഷം അഭിവന്ദ്യപിതാവിന് നാമഹേതുകതിരുനാളിന്റെ ആശംസകളും പ്രാർത്ഥനകളും സെമിനാരികുടുംബം നേരുകയും ചെയ്തു.

## 7. മാസധ്യാനം

ഈ അധ്യയനവർഷത്തെ പ്രഥമ മാസധ്യാനം ജൂൺ 15, 16 തീയതികളിൽ നടന്നു. ബഹു. ലിജോ ചാലിശ്ശേരി അച്ചൻ മൈനർ സെമിനാരിക്കാർക്കും ബഹു. വർഗ്ഗീസ് കൂത്തൂരച്ചൻ ഡിഗ്രി പഠിക്കുന്ന സെമിനാരിക്കാർക്കും ധ്യാനചിന്തകൾ നൽകി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഡിഗ്രി പഠിക്കുന്ന സെമിനാരിക്കാരെ മാസധ്യാനാവസരത്തിൽ സന്ദർശിച്ച് ഉപദേശങ്ങൾ നൽകി.

ഒന്നാം വർഷ ഡിഗ്രി പഠിക്കുന്ന സെമിനാരിക്കാർക്കായി ആബാ ധ്യാനകേന്ദ്രത്തിൽ വച്ച് മെയ് 27 മുതൽ 31 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ ധ്യാനം നടന്നു.

## 8. ബേഴ്സ് സ്ഥാപിച്ചവർ

1. ശ്രീ. കെ. കെ. ഫ്രാൻസിസ്, കമ്പക്കാരൻ ഹൗസ്, പനംകുറ്റിച്ചിറ
2. മാതൃവേദി, സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ
3. ശ്രീ. ജോൺ നീലങ്കാവിൽ, പൂങ്കുന്നം
4. C/O റവ. ഫാ. ജോൺസൻ അരിമ്പൂർ
5. റവ. സി. ലിസ്യു സി. എസ്. എസ്. (in memory of Late. Ms. M.P. Thresia)

തങ്ങൾക്ക് ലഭിക്കുന്ന എല്ലാം മറ്റുള്ളവരുമായി പങ്കുവയ്ക്കേണ്ടതാണെന്ന ബോധ്യം ഉൾക്കൊണ്ട് കർതൃശുശ്രൂഷയ്ക്കായി ഒരുങ്ങുന്നവരെ സഹായിക്കുവാൻ സൗമനസ്യം കാണിക്കുന്ന ഏവരെയും ഈശോ അനുഗ്രഹിക്കട്ടെ.

**ഫാ. ഡൊമിനിക് തലക്കോടൻ**

റെക്ടർ




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**ലോക സ്കിസോഫ്രീനിയ ദിനം ആചരിച്ചു**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ മനോരോഗവിഭാഗവും, ഇന്ത്യൻ സൈക്യാട്രി സൊസൈറ്റിയും, പുത്തൂർ ഗ്രാമപഞ്ചായത്തും സംയുക്തമായി ലോക സ്കിസോഫ്രീനിയ ദിനം ആചരിച്ചു. പുത്തൂർ ഗ്രാമപഞ്ചായത്ത് ഹാളിൽ നടന്ന പരിപാടി ഡോ. ജെയിംസ് ടി. ആന്റണിയുടെ അധ്യക്ഷതയിൽ ക്ഷേമകാര്യ സ്റ്റാന്റിംങ്ങ് കമ്മിറ്റി ചെയർമാൻ പി.ജി. ഷാജി ഉദ്ഘാടനം ചെയ്തു. മനോരോഗ വിദഗ്ദരായ ഡോ. ജോമി ചക്കാലക്കുടി, ഡോ. മേനോൻ ഗിരീഷ്, സൈക്യാട്രി സോഷ്യൽ വർക്കർ എസ്. അബ്ദുൾ റഹിമാൻ , ഐ.സി.ഡി.എസ്. സൂപ്പർവൈസർ സിന്ദു എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ഗ്രാമപഞ്ചായത്തിലെ ഹെൽത്ത് വർക്കർമാർ, അംഗൻവാടി ടീച്ചർമാർ, ആശ പ്രവർത്തകർ എന്നിവർ ക്ലാസുകളിൽ പങ്കെടുത്തു.

**ജൂബിലി അനസ്തേഷ്യ ഇൻസൈറ്റ് 2018 ശില്പശാല നടന്നു**

ജൂബിലിയിലെ അനസ്തീഷ്യ വിഭാഗത്തിൽ തുടർ വിദ്യഭ്യാസ ശില്പശാല നടന്നു. ജൂബിലി മിഷനിലെ വിദഗ്ദ പ്രൊഫസർമാരായ ഡോ. മറിയം കോശി തോമസ്, ഡോ. ഡേവീസ്, ഡോ. ഉഷ ഷേണായ്, ഡോ. സോണിയ, ഡോ. സുഗത എന്നിവർക്കൊപ്പം ലിവർപൂൾ, ഇംഗ്ലണ്ടിൽ നിന്നുള്ള ഡോ. ജിജു ജേക്കബ് ജോർജ്ജ്, ചാണ്ടിനഗർ PIGMER നിുള്ള ഡോ. പ്രീതി, പോണ്ടിച്ചേരി JIPMER യിൽ നിന്നുള്ള ഡോ. പ്രസന്ന ബിഡ്ഡ്ക്കർ, ചെന്നൈയിൽ നിന്നുള്ള ശിശു അനസ്തീഷ്യ വിദഗ്ദ ഡോ. ജയന്തി എന്നിവർ ശില്പശാലക്ക് നേതൃത്വം നൽകി.

**എത്തിക്സ് കമ്മിറ്റി പുനഃസംഘടിപ്പിച്ചു**

ഗവേഷണ പദ്ധതികൾ നിയമാനുസൃതവും ധാർമ്മികമൂല്യങ്ങൾക്ക് ചേർന്നതുമാണോയെന്ന് പരിശോധിക്കുകയും, ആവശ്യമെങ്കിൽ

തിരുത്തലുകൾ വരുത്തുകയും ചെയ്ത് അംഗീകാരം നൽകാൻ അധികാരമുള്ള ഇൻസ്റ്റിറ്റ്യൂഷണൽ എത്തിക്സ് കമ്മിറ്റിയുടെ പുതിയ ഓഫീസിന്റെ വെഞ്ചിരിപ്പും ഉദ്ഘാടനവും ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് നിർവ്വഹിച്ചു. കേന്ദ്രഗവൺമെന്റിന്റെ ഡയറക്ടർ ജനറൽ ഓഫ് ഹെൽത്ത് സർവ്വീസസിന്റെ കീഴിലുള്ള സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷന്റെ അംഗീകാരമുള്ളതാണ് ജൂബിലിയിലെ എത്തിക്സ് കമ്മിറ്റി.

യോഗത്തിൽ, പുനഃസംഘടിപ്പിച്ച എത്തിക്സ് കമ്മിറ്റി അംഗങ്ങൾക്ക് സ്വാഗതവും, ഓഫീസ് സംവിധാനത്തിന്റെ ആവശ്യകതയും ഡയറക്ടർ അച്ചൻ പ്രത്യേകം പരാമർശിച്ചു. ചെയർമാൻ ഡോ. കെ. എം. ഫ്രാൻസിസ് (റിട്ട. വൈസ് പ്രിൻസിപ്പൽ, സെന്റ് തോമസ് കോളേജ്, തൃശ്ശൂർ), ഡോ. പി.സി. ഗിൽവാസ്, സി. ഫിലോരശ്മി (നേഴ്സിങ്ങ് കോളേജ്), ഡോ. സുശീല ജേക്കബ്ബ് ഇന്ന തുടങ്ങിയവരാണ് 15 അംഗ IECയിലെ പുതിയ അംഗങ്ങൾ.

മെഡിക്കൽ കോളേജ് കെട്ടിടത്തിലെ അഞ്ചാംനിലയിൽ ബി ബ്ലോക്കിൽ 632-ാം നമ്പർ മുറിയിലാണ് പുതിയ ഓഫീസ് സജ്ജീകരിച്ചിട്ടുള്ളത്. NABH അംഗീകാരത്തിന് തയ്യാറെടുക്കുന്ന ജൂബിലിയുടെ വലിയൊരു ചുവടുവെയ്പ്പാണ് പുതിയ സെക്രട്ടറിയേറ്റ് സംവിധാനം.

- ഡോ. അബൂബക്കർ മുഹമ്മദ് റാഫിയുടെ (MBBS, MD (IHBT), Fellow in Hematoncology & BMT) നേതൃത്വത്തിൽ ഹെമറ്റോളജി ക്ലിനിക് (രക്തസംബന്ധമായ രോഗങ്ങൾക്കുള്ള ക്ലിനിക്ക്) ആരംഭിച്ചു.
- ഡോ. ബിജോയ് ചിറയത്തിന്റെ (MD FIPM) നേതൃത്വത്തിൽ ക്രോണിക്ക് ആന്റ് ഇന്റർവെൻഷണൽ പെയിൻ ക്ലിനിക്ക് (വിട്ടുമാറാത്ത വേദനകൾക്കുള്ള ക്ലിനിക്ക്) ആരംഭിച്ചു.

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- പ്രൊഫ. മുഹമ്മദ്കുട്ടി, മന്നത്ത് ഹൗസ്, തൃശ്ശൂർ
- ഹെൽത്ത് കെയർ സൊസൈറ്റി, തൃശ്ശൂർ

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- നിർമ്മല മാതാ അഡോറേഷൻ കോവെന്റ്, തൃശ്ശൂർ (50 ഡയാലിസിസ്)
- ശ്രീ. ലോറൻസ് എടക്കളത്തൂർ, എടക്കളത്തൂർ ഹൗസ്, അഞ്ഞൂർ പി. ഒ., മുണ്ടൂർ, തൃശ്ശൂർ (80 ഡയാലിസിസ്)

- ഇമ്മാക്കുലേറ്റ് ഹാർട്ട് ഓഫ് മേരി, സി. എച്ച്. എഫ്. (20 ഡയാലിസിസ്)
- സി. എച്ച്. എഫ്. കോൺവെന്റ്, വടൂക്കര, തൃശ്ശൂർ ( 20 ഡയാലിസിസ്)
- സെന്റ് ജോർജ്ജ് ചർച്ച്, മാതൃവേദി, മുക്കാട്ടുക്കര, തൃശ്ശൂർ (60 ഡയാലിസിസ്)
- ഏഴരക്കൂട്ടം, മിഷൻ ക്വാർട്ടേഴ്സ്, ഫാത്തിമ നഗർ, തൃശ്ശൂർ (34 ഡയാലിസിസ്)
- സേക്രട്ട് ഹാർട്ട് ഷ്റൈൻ, പെരിഞ്ചേരി, തൃശ്ശൂർ (90 ഡയാലിസിസ്)
- സെന്റ് ജോസഫ്സ് കോൺവെന്റ്, തൃശ്ശൂർ (80 ഡയാലിസിസ്)
- ശ്രീ. ജോയ് ഡി. ചാണ്ടി, ചാണ്ടി ഹൗസ്, അഞ്ചങ്ങാടി, തൃശ്ശൂർ (40 ഡയാലിസിസ്)

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




## മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**യാത്രയയപ്പ് നൽകി**

മുള്ളൂർക്കര : മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അധ്യാപിക ജോസി ജോർജിന് 5 വർഷത്തെ സേവനത്തിനു ശേഷം മെയ് 31–ാം തിയ്യതി വ്യാഴാഴ്ച യാത്രയയപ്പ് നൽകി. പ്രസ്തുത ചടങ്ങിൽ പ്രിൻസിപ്പൽ റവ.ഫാദർ ചാക്കോ ചിറമ്മൽ നേതൃത്വം വഹിച്ചു. കോളേജ് അസിസ്റ്റന്റ് മാനേജർ റവ.ഫാ.ബാബു അപ്പാടൻ അധ്യക്ഷത വഹിച്ചു. കൂടാതെ സഹഅധ്യാപകരും വിദ്യാർത്ഥികളും ആശംസകൾ അർപ്പിച്ചു.

**മോഡൽ പരീക്ഷ ആരംഭിച്ചു**

മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥികളുടെ മോഡൽ പരീക്ഷ ജൂൺ 5ന് ആരംഭിച്ച് ജൂൺ 9ന് സമാപിച്ചു.

**പാഠഭാഗം കളക്റ്റ് ചെയ്തു**

മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥികൾ ജൂൺ 12–ാം തിയ്യതി ടീച്ചിംഗ് പ്രാക്ടീസിന്റെ ഭാഗമായി പാഠഭാഗങ്ങൾ കളക്റ്റ് ചെയ്യുന്നതിനായി അധ്യാപന പരിശീലനത്തിനായി വിന്യസിച്ചിരിക്കുന്ന സ്കൂളുകളിലേക്ക് പോയി.

**സ്വീകരണം നൽകി**

ഇംഗ്ലീഷ് വിഭാഗത്തിലേക്ക് പുതിയ അധ്യാപികയായി എം.എഡിന് ഒന്നാം റാങ്ക് കരസ്ഥമാക്കിയ മഞ്ജു പി. കെ. യെ നിയമിച്ചു. അധ്യാപികയ്ക്ക് മഹാജൂബിലി കുടുംബം ഹൃദ്യമായ സ്വീകരണം നല്കി.

**അധ്യാപന പരിശീലനം ആരംഭിച്ചു**

മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ രണ്ടാം വർഷ ബി.എഡ് വിദ്യാർത്ഥികളുടെ അധ്യാപന പരിശീലനം ജൂലൈ 2ന് ആരംഭിച്ചു. ഇതിന്റെ ഭാഗമായി പരിശീലനത്തിനായി വിന്യസിച്ചിരിക്കുന്ന വിദ്യാലയങ്ങളിലേക്ക് വിദ്യാർത്ഥികൾ യാത്രയായി.

**ഉന്നതവിജയം നേടി**

മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ 2016–18 ബി.എഡ് ബാച്ചിലെ വിദ്യാർത്ഥികൾ മൂന്നാം സെമസ്റ്റർ പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കി. എല്ലാ വിദ്യാർത്ഥികളും മികച്ച നിലവാരം പുലർത്തി. ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ.

2016–18 അധ്യയന വർഷത്തിലെ ബി.എഡ് ബാച്ചിലെ വിദ്യാർത്ഥികൾ മികച്ച രീതിയിൽ പഠനം പൂർത്തീകരിച്ചശേഷം ഉന്നതപഠനത്തിനായും, മികച്ച തൊഴിലുകൾ നേടിയും ജീവിതത്തിലെ പുതിയ വാതായനങ്ങളിലേയ്ക്ക് പ്രവേശിച്ചു.

**തിരുനാൾ ആഘോഷിച്ചു**

മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ അസിസ്റ്റന്റ് മാനേജർ റവ. ഫാദർ ബാബു അപ്പാടന്റെ നാമഹേതുക തിരുന്നാൾ അത്യധികം വിപുലമായി ജൂൺ 13ന് ആഘോഷിച്ചു. (സെന്റ് ആന്റണി). ഇതിന്റെ ഭാഗമായി പ്രിൻസിപ്പൽ റവ.ഫാദർ ചാക്കോ ചിറമ്മൽ ആശംസകൾ അർപ്പിച്ചു. കൂടാതെ അധ്യാപകരും അനധ്യാപകരും, വിദ്യാർത്ഥികളും ആശംസകൾ നേർന്നു. ചടങ്ങിന്റെ ഭാഗമായി എല്ലാവർക്കും മധുരപലഹാരം വിതരണം ചെയ്തു.

**+1, +2 ഉന്നത വിജയം കരസ്ഥമാക്കി**

+1, +2 പരീക്ഷയിൽ മഹാജൂബിലി കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ജൂൺ 13ന് കോളേജ് അധികൃതർ ആദരിച്ചു.

**തിരുഹൃദയ പ്രതിഷ്ഠ പുതുക്കി**

ജൂൺ 1ന് പുതിയ അധ്യയന വർഷത്തെ വരവേറ്റുകൊണ്ട് മഹാജൂബിലി കുടുംബം ഒന്നുചേർന്ന് തിരുഹൃദയപ്രതിഷ്ഠ പുതുക്കി. വി. കുർബ്ബാനക്കും മറ്റു തിരുകർമ്മങ്ങൾക്കും കോളേജ് അസി. ബർസാർ ഫാ. ബാബു അപ്പാടൻ കാർമ്മികത്വം വഹിച്ചു.

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

# കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

## 1. ഓർമ്മിക്കാൻ ............ ആചരിക്കാൻ 2018 ജൂലൈ

| | |
|---|---|
| 3 (ചൊവ്വ) | – ദുക്റാന (സെന്റ് തോമസ് ഡേ) |
| 6 (വെള്ളി) | – ആദ്യവെള്ളി, വി. കുർബാന<br>വി. മരിയ ഗൊരേത്തി |
| 11 (ബുധൻ) | – ലോക ജനസംഖ്യാദിനം |
| 16 (തിങ്കൾ) | – കർമ്മലമാതാവ് |
| 25 (ബുധൻ) | – വി. യാക്കോബ് |
| 28 (ശനി) | – വി. അൽഫോൻസ |
| 31 (ചൊവ്വ) | – വി. ഇഗ്നേഷ്യസ് ലെയോള |

## 2. സ്കൂൾ കണക്ക്/റിപ്പോർട്ട്

സ്കൂളിന്റെ 2017–2018 വർഷത്തിലെ കണക്കും റിപ്പോർട്ടും ഏജൻസി ഓഫീസിൽനിന്ന് ലഭിക്കുന്ന നിശ്ചിത ഫോറത്തിൽ എഴുതി

കച്ചേരിയിലും പകർപ്പ് ഏജൻസി ഓഫീസിലും നൽകേണ്ടതാണ്. തെരട്ട് കൊണ്ടുവരുമ്പോൾ മാനേജരച്ചമാർ ഇക്കാര്യം ശ്രദ്ധിക്കുമല്ലോ.

### 3. സ്റ്റാഫ് ഫിക്സേഷൻ ഓർഡർ

വിദ്യാഭ്യാസ വകുപ്പിൽനിന്നും സ്റ്റാഫ് ഫിക്സേഷൻ ഓർഡർ ലഭിച്ചാൽ എത്രയും വേഗം ഏജൻസി ഓഫീസിൽ എത്തിക്കേണ്ടതാണ്.

## 4. Results of S.S.L.C. Examination – March 2018

| Sl. No. | Name of school | Students appeared | No. of pupils who got D+ and above in all subject | School Percentage 2017-2018 |
|---|---|---|---|---|
| 1. | C.J.M.A.H.S.S., Varandarappilly | 330 | 330 | 100 |
| 2. | St. Thomas H.S.S., Engandiyur | 323 | 323 | 100 |
| 3. | St. Thomas H.S.S., Thiroor | 240 | 240 | 100 |
| 4. | St. Thomas H.S.S., Mayannur | 234 | 234 | 100 |
| 5. | St. Sebastian's H.S., Chittattukara | 224 | 224 | 100 |
| 6. | Matha H.S., Mannampetta | 190 | 190 | 100 |
| 7. | St. Thomas C.H.S.S., Thrissur | 156 | 156 | 100 |
| 8. | St. Joseph's H.S., Enamakkal | 147 | 147 | 100 |
| 9. | St. Sebastian's H.S., Mannamangalam | 145 | 145 | 100 |
| 10. | St. Mary's H.S., Chengaloor | 144 | 144 | 100 |
| 11. | St. Thomas H.S.S., Thope, Thrissur | 120 | 120 | 100 |
| 12. | St. Xavier's H.S., Chevoor | 105 | 105 | 100 |
| 13. | Tharakan's H.S., Aranattukara | 18 | 18 | 100 |

| | | | | |
|---|---|---|---|---|
| 14. | St. Joseph's H.S.S., Avinissery | 18 | 18 | 100 |
| 15. | St. Antony's H.S.S., Puthenpeedika | 16 | 16 | 100 |
| 16. | St. Antony's H.S.S., Ammadam | 171 | 170 | 99.42 |
| 17. | St. John's H.S.S., Parappur | 235 | 233 | 99.15 |
| 18. | St. Antony's H.S.S., Pazhuvil | 159 | 158 | 99.00 |
| 19. | St. Antony's H.S.S., Pudukad | 226 | 223 | 98.67 |
| 20. | St. Joseph's H.S.S., Velupadam | 126 | 124 | 98.41 |
| 21. | St. Thomas H.S.S., Vallachira | 45 | 42 | 93.33 |

**5. Results of Higher Secondary Examination – March 2018**

| Sl. No. | Name Of School | Students Appeared | Passed | Percentage |
|---|---|---|---|---|
| 1. | St. Antony's H.S.S., Puthenpeedika | 104 | 103 | 99.04 |
| 2. | St. Thomas C.H.S.S., Thrissur | 290 | 287 | 98.97 |
| 3. | C.J.M.A.H.S.S., Varandarappilly | 217 | 204 | 94.01 |
| 4. | St. Antony's H.S.S., Pudukad | 545 | 493 | 90.46 |
| 5. | St. John's H.S.S., Parappur | 161 | 144 | 89.44 |
| 6. | St. Antony's H.S.S., Ammadam | 283 | 250 | 88.34 |
| 7. | St. Thomas H.S.S., Vallachira | 159 | 133 | 83.65 |
| 8. | St. Thomas H.S.S., Engandiyur | 169 | 139 | 82.25 |
| 9. | St. Thomas H.S.S., Thope, Thrissur | 166 | 133 | 80.12 |
| 10. | St. Thomas H.S.S., Thiroor | 113 | 90 | 79.65 |
| 11. | St. Thomas H.S.S., Mayannur | 162 | 121 | 74.69 |
| 12. | St. Joseph's H.S.S., Avinissery | 156 | 104 | 66.67 |
| 13. | St. Joseph's H.S.S., Velupadam | 112 | 70 | 62.50 |
| 14. | St. Antony's H.S.S., Pazhuvil | 107 | 54 | 50.47 |

**ഫാദർ ആന്റണി ചെമ്പകശ്ശേരി**
കോർപറേറ്റ് മാനേജർ

# സാന്ത്വനം

**മിറർ 2018–അവധിക്കാല ക്യാമ്പ് സംഘടിപ്പിച്ചു.**

സാന്ത്വനത്തിന്റെ ഗോഡ്സ് ഓൺ ഫാമിലി, ജെസ്പ് II, ആശാകിരണം–ലാവൻഡർ ആർമി പ്രോജക്റ്റുകളിലെ കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് മിറർ 2018–അവധിക്കാല ക്യാമ്പ് ആമ്പല്ലൂർ സ്പിരിച്ചൽ ആനിമേഷൻ സെന്ററിൽ വെച്ച് നടത്തുകയുണ്ടായി. മൂന്ന് ദിവസം നീണ്ടുനിന്ന ക്യാമ്പിൽ ഗുണഭോക്തൃകുടുംബങ്ങളിലെ 6–ാം ക്ലാസ്സ് മുതൽ +2 വരെയുള്ള കുട്ടികളാണ് പങ്കെടുത്തത്. സിസ്റ്റേഴ്സ് ഓഫ് സെന്റ് മർത്താ മദർ ജനറൽ റവ. സി. സെബി റോസ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. കുട്ടികളുടെ സർഗ്ഗാത്മകത വളർത്തുകയെന്ന ലക്ഷ്യത്തോടെ വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സുകൾ, കലാകായിക വിനോദപരിപാടികൾ, ഗ്രൂപ്പ് ഏക്റ്റിവിറ്റീസ് എന്നിവ സാന്ത്വനം കോ–ഓർഡിനേറ്റർമാരായ രമ്യ റോബിൻ, ലിമി സണ്ണി, അഖിൽ തോമസ്, ആനിമേറ്റേഴ്സ്, വോളണ്ടിയർമാരായ മേന്റോ, ഷാരോൺ, നെൽസൺ, ജോൺസൺ തുടങ്ങിയവരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു.

**ഏകദിന വിനോദയാത്ര സംഘടിപ്പിച്ചു.**

ഗോഡ്സ് ഓൺ ഫാമിലി, ജെസ്പ് II, ആശാകിരണം–ലാവൻഡർ ആർമി എന്നീ പ്രോജക്റ്റുകളിൽ ഉൾപ്പെട്ട കുട്ടികൾക്കായി വിനോദയാത്ര സംഘടിപ്പിച്ചു. ഇരുന്നൂറിലധികം കുട്ടികളും 20 സ്റ്റാഫ് അംഗങ്ങളും പങ്കെടുത്ത യാത്രയിൽ കൊച്ചി മെട്രോ, തൃപ്പൂണിത്തുറ ഹിൽപാലസ്, സുഭാഷ് പാർക്ക് എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് രാത്രി 8 മണിയോടെ തിരിച്ചെത്തി.

**പഠനോപകരണങ്ങൾ വിതരണം ചെയ്തു.**

സാന്ത്വനത്തിന്റെ ഗോഡ്സ് ഓൺ ഫാമിലി, ജെസ്പ് II, ആശാകിരണം–ലാവൻഡർ ആർമി പ്രോജക്റ്റുകളിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. FCC പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. റോസ് അനിത വിതരണോദ്ഘാടനം നിർവ്വഹിച്ചു.

സമ്മേളനത്തിൽ S.S.L.C., +2 പരീക്ഷകളിൽ മികച്ച വിജയം നേടി യവരെ അനുമോദിച്ചു. +2 പരീക്ഷയിൽ മുഴുവൻ വിഷയങ്ങളിലും A+ നേടിയ ഗോഡ്സ് ഓൺ ഫാമിലിയിൽ ഉൾപ്പെട്ട കുമാരി. സോഫി ഫിലിപ്പിനെ ഉപഹാരം നല്കി ആദരിച്ചു. മുൻ വർഷങ്ങളിലേതു പോലെ ഈ വർഷവും കുട്ടികൾക്കാവശ്യമായ നോട്ട് പുസ്തകങ്ങൾ, കുട, ബാഗ്, ഇൻസ്ട്രുമെന്റ് ബോക്സ്, ലഞ്ച് ബോക്സ് തുടങ്ങി യവ വിതരണം ചെയ്തു. സാന്ത്വനം ഡയറക്ടർ, കോ-ഓർഡിനേ റ്റേഴ്സ്, ആനിമേറ്റേഴ്സ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നല്കി.

**ഗോഡ്സ് ഓൺ ഫാമിലി(GOF) പദ്ധതി മുഖേന സഹായം ലഭിച്ച ഇട വകകളും സംഖ്യയും താഴെചേർക്കുന്നു.**

പുറനാട്ടുകര-Rs.18,000/-, വെട്ടുകാട്-Rs.35,000/-, ചിറ്റിശ്ശേരി-Rs.5,000/-, പുത്തൻ പീടിക-Rs.10000/-, നടത്തറ-Rs.30,000/-. വെങ്ങിണിശ്ശേരി-Rs.14000, വില്ലടം-Rs.10000/-, ചുവന്നമണ്ണ്-Rs.13000/-, കല്ലൂർ-Rs.20000/-, ചേലക്കര-Rs.12000/-, പെരിഞ്ചേരി-Rs.5,000/-, അരിമ്പൂര-Rs.12,000/-

**MEDP (മൈക്രോ എന്റർപ്രൈസ് ഡെവലപ്പ്മെന്റ് പ്രോഗ്രാം.)**

മൈക്രോ എന്റർപ്രൈസ് തൊഴിൽ പരിശീലന പരിപാടിയുടെ ഭാഗ മായി, ചേലക്കര, വെള്ളാനിക്കോട് (കല്ലൂർ) സെന്ററുകളിലെ 46 പേര ടങ്ങുന്ന ഗ്രൂപ്പിനെ 11 JLG (ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പ്)കളായി തിരിച്ചു. ഓരോ ഗ്രൂപ്പുകളും മണ്ണിര കമ്പോസ്റ്റ് ഉദ്പാദനം, ജ്യൂട്ട് ബാഗ് നിർമ്മാണം എന്നിവയുടെ യൂണിറ്റുകൾ തുടങ്ങി പ്രവർത്തനങ്ങൾ ആരംഭിച്ചു.

**സ്നേഹനിധി വാർഷികപൊതുയോഗം നടത്തി.**

അരണാട്ടുകര, തയ്യൂർ, പെരിഞ്ചേരി എന്നീ യൂണിറ്റുകളിൽ സ്നേഹ നിധിയുടെ വാർഷിക പൊതുയോഗം യൂണിറ്റ് വികാരിമാരുടെ അദ്ധ്യ ക്ഷതയിൽ നടന്നു. യോഗങ്ങളിൽ ഒരു വർഷത്തെ സ്നേഹനിധിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കണക്കുകൾ അവതരിപ്പിച്ച് പാസാക്കുകയും ചെയ്തു. യോഗങ്ങളിൽ സാന്ത്വനം ഡയറക്ടർ റവ. ഫാ. തോമസ് പൂപ്പാടി കാൻസറിനെക്കുറിച്ചുള്ള ബോധവല്ക്കരണക്ലാസ്സ് നടത്തുകയുണ്ടായി. ഫൊറോന എക്സിക്യൂട്ടീവ്സ്, സിസ്റ്റേഴ്സ്, വാർഡ് മെമ്പർമാർ, കൈക്കാരന്മാർ, സാന്ത്വനം കോ-ഓർഡിനേറ്റർ, ആനിമേറ്റർ എന്നിവർ പൊതുയോഗത്തിൽ ആശംസകളർപ്പിച്ച് സംസാരിച്ചു.

**സഹായങ്ങൾ വിതരണം ചെയ്തു.**

സ്നേഹനിധി അംഗങ്ങൾക്ക് വേണ്ടിയുള്ള കരുതൽ ക്ഷേമപദ്ധതിയിൽ നിന്നും ഇതുവരെ 206 അംഗങ്ങൾക്കായി 10,95,000 രൂപ സഹായം നല്കി. 136 പേർക്ക് വിവാഹ സഹായവും 57 പേർക്ക് ചികിത്സാസഹായവും 13 പേർക്ക് മരണാനന്തര സഹായവുമാണ് നൽകിയത്.

**പരിസ്ഥിതി ദിനാഘോഷം നടത്തി.**

സ്നേഹനിധിയുടെ ആഭിമുഖ്യത്തിൽ ലോകപരിസ്ഥിതി ദിനം ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വെച്ച് ആഘോഷിച്ചു. സാന്ത്വനം ഡയറ്കടർ ഫാ. തോമസ് പൂപ്പാടി ഉദ്ഘാടനം നിർവ്വഹിച്ച യോഗത്തിൽ അതിരൂപത സ്നേഹനിധി പ്രസിഡണ്ട് പ്രൊഫ. എലിസബത്ത് മാത്യു അദ്ധ്യക്ഷത വഹിച്ചു. ഇതോടനുബന്ധിച്ച് തൃശൂർ ജില്ല മെഡിക്കൽ ഓഫീസിൽ നിന്നുള്ള ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീ. പി.കെ രാജു ആരോഗ്യസംരക്ഷണത്തെക്കുറിച്ച് ക്ലാസ് നടത്തി. എല്ലാ യൂണിറ്റുകളിൽ നിന്നുള്ള പ്രതിനിധികളും യോഗത്തിൽ സംബന്ധിച്ചിരുന്നു.

**സ്നേഹനിധി മേഖലാസംഗമം**

ജൂലായ് 6 മുതൽ 14 വരെ സ്നേഹനിധിയുടെ മേഖലാ സംഗമങ്ങൾ നടത്തുന്നു. ഓരോ യൂണിറ്റിൽ നിന്നും ഭാരവാഹികളടക്കം 10 പേർ മേഖലാസംഗമത്തിൽ പങ്കെടുക്കേണ്ടതാണ്. തദവസരത്തിൽ അതാത് മേഖലകളിൽ വെച്ച് ഫൊറോന ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതായിരിക്കും.

**FDP മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.**

വലക്കാവ് - Rs.38000/-, പുതുക്കാട് - Rs.36000/-, വെളുത്തൂർ-Rs.15000/-, വൈലത്തൂർ -Rs.9000/-, വില്ലടം- Rs.34000/-., പോന്നോർ- 22500/-, മറ്റം -Rs.16000/-, തലോർ- Rs.14000/-, പെരുവല്ലൂർ-Rs.7000/-, ആറ്റുപുറം- Rs.7000/-, ചേറൂർ -Rs.10000/-, പുറനാട്ടുകര-Rs.7500/-, ചിറ്റാട്ടുകര-Rs.7000/-, കൂനംമൂച്ചി- Rs.8000/-, അരിമ്പൂർ-Rs.7000/- നെല്ലിക്കുന്ന് -Rs.15000/-, എരവിമംഗലം-Rs.15000/-, മുളയം-Rs.8000/- .

**പാപ്പാനഗറിൽ വാർഷികം ആഘോഷിച്ചു.**

പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ മാർപാപ്പ തൃശൂർ സന്ദർശിച്ചതിന്റെ സ്മാരകമായി വരടിയം ദേശത്ത് അതിരൂപതയുടെ നേതൃത്വത്തിൽ നിർമ്മിച്ചു നല്കിയ 113 ഭവനങ്ങൾ ഉൾക്കൊള്ളുന്ന പാപ്പാനഗറിൽ വാർഷികാഘോഷം നടത്തി. അതിരൂപത സഹായമെ

ത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ ഇടവക വികാരി റവ.ഫാ.ബൈജു കാഞ്ഞിരത്തിങ്കൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ സഹായമെത്രാനു സ്വീകരണം നല്കി. സോഷ്യൽ ഏക്ഷൻ ഡയറക്ടർ ഫാ. തോമസ് പൂപ്പാടി ആമുഖ പ്രഭാഷണം നടത്തുകയും വെൽഫെയർ കമ്മിറ്റി സെക്രട്ടറി റവ.സി.ഷാന്റി ജേക്കബ് O.P. പ്രവർത്തനറിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. അവണൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. വിജയ ബാബുരാജ്, ജീവാലയ ബോയ്സ് ഹോം ഡയറക്ടർ റവ.ഫാ. റോയ് വെണ്ണുക്കാരൻ, സാൻതോം മിഷൻ ഹോം മദർ സുപ്പീരിയർ റവ. സി. ബെർട്ടിൽ C.S.C, വാർഡ് മെമ്പർ റവ. സി. ജുസീന O.P. എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. യോഗത്തിൽ പാപ്പാ നഗറിലെ 60 വയസ്സിനു മുകളിലുള്ളവരെയും S.S.L.C. , +2 പരീക്ഷകളിൽ ഉന്നത വിജയം നേടിയവരെയും ആദരിച്ചു. തുടർന്ന് പാപ്പാ നഗർ നിവാസികളുടെ കലാപരിപാടികളും സ്നേഹവിരുന്നും ഉണ്ടായിരുന്നു.

**ഫാ. തോമസ് പൂപ്പാടി**
**ഡയറക്ടർ**

FAMILY
APOSTOLATE
CENTRE,
THRISSUR



# ഫാമിലി അപ്പോസ്റ്റലേറ്റ്

## കുടുംബക്കൂട്ടായ്മ

### പരിസ്ഥിതി ദിനം ആചരിച്ചു

ജൂൺ 30 ശനിയാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് 2.30 ന് കൂടിയ ജനറൽബോഡി യോഗത്തിൽ പരിസ്ഥിതി ദിനാഘോഷ ചടങ്ങും ഇടവക കൺവീനർമാരുടെ സംഗമവും നടത്തി. സംഗമത്തിൽ പങ്കെടുത്ത എല്ലാവർക്കും പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വൃക്ഷതൈ വിതരണം ചെയ്യുകയുണ്ടായി. പങ്കെടുത്ത എല്ലാവർക്കും പറഞ്ഞയച്ച വികാരിമാർക്കും ഒത്തിരി നന്ദി.

**നന്ദിയും യാത്രാമംഗളങ്ങളും**

വിദേശത്ത് ഉപരിപഠനത്തിനു പോകുന്ന അതിരൂപത കുടുംബകൂട്ടായ്മ യുടെ അസി.ഡയറക്ടർ റവ. ഫാ. അൽജോ കരേരക്കാട്ടിലിന് അതിരൂ പത കുടുംബകൂട്ടായ്മയുടെ നന്ദിയും സ്നേഹവും അറിയിച്ചുകൊണ്ട് ഹൃദ്യമായ യാത്രയയപ്പ് നൽകി.

**ചർച്ചാപഠനപരിശീലന ക്യാമ്പ് – ജൂലായ് 28 ശനി, 2.30 pm**

ജൂൺ മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്ത വർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. ആഗസ്റ്റ് മാസത്തെ കുടും ബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠ നക്ലാസ്സ് ജൂലായ് 28–ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരി ക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് താൽപ ര്യമുള്ളവരെ പറഞ്ഞയക്കുമല്ലോ.

**ഭാരവാഹികൾക്കായുള്ള മത്സരങ്ങൾ**

കഴിഞ്ഞ വർഷത്തെപോലെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായുള്ള മത്സരങ്ങൾ സംഘടിപ്പിച്ചിരിക്കുന്നു. മത്സരങ്ങൾ :– പുത്തൻപാന പാരാ യണം, നിമിഷപ്രസംഗം, ഗ്രൂപ്പ് സോങ്ങ്, പ്രബന്ധരചന, ചെറുകഥ, കവിത എന്നിവയാണ്. ഇടവക, ഫൊറോന അതിരൂപത തലത്തിൽ യഥാ ക്രമം ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ നടത്തേണ്ടതാണ്.

**സാഹിത്യ മത്സരങ്ങൾ**

1. പ്രബന്ധ രചന : സമയം 1 മണിക്കൂർ
(വിഷയം തൽസമയം നൽകുന്നു)
2. ചെറുകഥ : സമയം 1 മണിക്കൂർ
(വിഷയം തൽസമയം നൽകുന്നു)
3. കവിതാ രചന : സമയം 1 മണിക്കൂർ
(വിഷയം തൽസമയം നൽകുന്നു)

**കലാമത്സരങ്ങൾ**

4. നിമിഷപ്രസംഗം : സമയം 5 മിനിറ്റ് (വിഷയം തൽസമയം നൽകുന്നു)
5. പുത്തൻപാന പാരായണം : സമയം 5 മിനിറ്റ്
6. സംഘഗാനം (ഭക്തിഗാനം) : സമയം 7 മിനിറ്റ്
(1 പാട്ട്, 5 പേരിൽ കുറയരുത്, പരമാവധി 7 പേർ, വാദ്യോപകര ണങ്ങളും കരോക്കയും പാടില്ല)

**നിബന്ധനകൾ**

1. മത്സരങ്ങൾ എല്ലാം തന്നെ ക്രൈസ്തവ മൂല്യാധിഷ്ഠിതമായവ ആയിരിക്കണം.
2. മത്സരാർത്ഥികൾ നിർബന്ധമായും കുടുംബകൂട്ടായ്മ ഭാരവാഹികളായിരിക്കണം.
3. മത്സരങ്ങൾ എല്ലാം തന്നെ സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെയാണ് നടത്തപ്പെടുക.
4. സാഹിത്യവിഭാഗത്തിൽ ഒരു വ്യക്തിക്ക് ഒരു ഇനത്തിൽ മാത്രമേ പങ്കെടുക്കാനാകൂ. കലാ വിഭാഗത്തിൽ ഒരു വ്യക്തിക്ക് ഗ്രൂപ്പിനത്തിലും ഒരു വ്യക്തിഗത ഇനത്തിലും പങ്കെടുക്കാവുന്നതാണ്.
5. ഫൊറോനയിൽ വിജയിച്ച വ്യക്തിക്കും ഗ്രൂപ്പിനും മാത്രമേ അതിരൂപതയിൽ മത്സരത്തിന് പങ്കെടുക്കാനാകൂ. ഇടവകയിൽ നിന്നും ഫൊറോന മത്സരത്തിൽ പങ്കെടുക്കുന്നവരെ അതത് വികാരിമാർക്ക് നിശ്ചയിക്കാം.
6. ഇടവക മത്സരങ്ങൾ ഇടവക വികാരിയുടെ നേതൃത്വത്തിൽ ജൂലായ് മാസത്തിലും ഫൊറോനയിൽ ആനിമേറ്റർ അച്ചന്മാരുടെ നേതൃത്വത്തിൽ ആഗസ്റ്റ് മാസത്തിലും നടത്താവുന്നതാണ്.
7. അതിരൂപതയിൽ ഭാരവാഹികൾക്കായുള്ള മത്സരങ്ങൾ സെപ്തംബർ മാസത്തിലായിരിക്കും നടത്തപ്പെടുക.
8. ഇടവകതലത്തിലും ഫൊറോന തലത്തിലും മുകളിൽ പറഞ്ഞ മത്സരങ്ങൾ സംഘടിപ്പിച്ച് അതിരൂപത മത്സരങ്ങളിൽ അർഹരായവരെ അയക്കുവാൻ ഉത്തരവാദിത്വപ്പെട്ട ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ഫൊറോന ആനിമേറ്റർ ഫൊറോന കൺവീനർ എന്നിവർ സാക്ഷ്യപ്പെടുത്തി നിശ്ചിത സമയത്തിനകം അതിരൂപത കേന്ദ്രസമിതി ഓഫീസിൽ സമർപ്പിക്കുമല്ലോ.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. സീജൻ ചക്കാലക്കൽ**
അസി.ഡയറക്ടർ



# മാതൃവേദി

**പ്രാർത്ഥനാദിനം – ജൂലായ് 19 വ്യാഴം (9.30 am – 1.00 pm)**

മാതൃവേദി അംഗങ്ങൾക്കായുള്ള അതിരൂപത തല പ്രാർത്ഥനാദിനമാണ് ജൂലായ് 19–ാം തിയ്യതി വ്യാഴാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നത്. 9.30 ന് ജപമാലയോടുക്കൂടി പ്രാർത്ഥനാദിനം ആരംഭിക്കും. തുടർന്ന് വി.കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്. ഈ പ്രാർത്ഥനാദിനത്തിലേക്ക് മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**കുർബാന ഒരു പഠനം – ജൂലായ് 19 വ്യാഴം (9.30 am – 1.00 pm)**

മാതൃവേദി അംഗങ്ങൾക്കായുള്ള കുർബാനയെക്കുറിച്ചുള്ള പഠനശിബിരം ജൂലായ് 19–ാം തിയ്യതി വ്യാഴാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**കരകൗശല പ്രദർശനം – ജൂലായ് 19 വ്യാഴം (9.30 am – 1.00 pm)**

മാതൃവേദിയിലെ അമ്മമാരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കാനായി അമ്മമാരുണ്ടാക്കിയ കരകൗശല പ്രദർശനവും, ഫുഡ് പ്രദർശനവും, വിൽപനയും ജൂലായ് 19 വ്യാഴം (9.30 am – 1.00 pm) ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. കൊട്ടേക്കാട്, ചേലക്കര ഫൊറോനകളാണ് നേതൃത്വം കൊടുക്കേണ്ടത്. മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**യുവതി സംഗമം ജൂൺ 16 ശനി (2.30 pm – 3.30 pm)**

അതിരൂപതയിൽ മാതൃവേദിയുടെ നേതൃത്വത്തിൽ ജൂൺ 16–ാം തിയ്യതി നമ്മുടെ അതിരൂപതയിൽ വിവാഹപ്രായമായിട്ടും വിവാഹാന്ത സിലേക്ക് പ്രവേശിക്കാൻ സാധിക്കാതെ നിൽക്കുന്ന യുവതികളുടെ സംഗമം ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതാണ്. വിവാഹ പ്രായമായ എല്ലാ യുവതികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ വെള്ളാട്ടുകര**
അസി.ഡയറക്ടർ




ജോൺപോൾ
പ്രോലൈഫ്
മൂവ്മെന്റ്

## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന – ജൂലായ് 2 തിങ്കൾ (വൈകീട്ട് 6.30 –7.30)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തി നുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**കാരുണ്യ പ്രവർത്തക സംഗമം – ജൂലായ് 14 ശനി (വൈകീട്ട് 2.00 –4.00)**

ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ് നേതൃത്വത്തിൽ നമ്മുടെ തൃശ്ശൂർ അതിരൂപതയിൽ ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന അംഗ ങ്ങളുടെ സംഗമം ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ജൂലായ് 14–ാം തിയ്യതി ശനിയാഴ്ച്ച വൈകീട്ട് 2.00 മുതൽ 4.00 വരെ കാരുണ്യ

പ്രവർത്തക സംഗമം എന്ന പേരിൽ സംഘടിപ്പിച്ചിരിക്കുന്നു. ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന, സഹകരിക്കുന്ന എല്ലാവരേയും ഈ സംഗമത്തിലേക്ക് ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

# വനിതാ കമ്മീഷൻ

2018 ജൂൺ 13 ന് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഡയറക്ടർ ഫാ. ഡെന്നി താണിക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന വനിതാകമ്മീഷന്റെ യോഗത്തിൽ താഴെ പറയുന്നവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു. സെക്രട്ടറി – പ്രൊഫ. എലിസബത്ത് മാത്യു, ജോയിന്റ് സെക്രട്ടറിമാർ – ഡോ. റോസ്മേരി കള്ളിയത്ത്, മിസിസ്സ് നിർമ്മല ആന്റോ, ട്രഷറർ – ശ്രീമതി. ഓമന റാഫേൽ യോഗത്തിൽ കാൻഡമാൻ മിഷനിലേക്ക് സംഭാവനയായി തയ്യൽമെഷീൻ നൽകാൻ തീരുമാനിച്ചു.

**സോണൽ സംഗമം**

2018 ഓഗസ്റ്റിൽ സുൽത്താൻപേട്ടിൽ വച്ച് നടക്കുന്ന വനിതാകമ്മീഷന്റെ സോണൽ സംഗമത്തിൽ രൂപതയെ പ്രതിനിധീകരിച്ച് 50 പേർ സംബന്ധിക്കാൻ തീരുമാനിച്ചു.

**പാചകമത്സരം**

വനിതകളുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുവാൻ നെസ്‌ലെ കമ്പനിയും വിമൻസ് കമ്മീഷനും ഒത്തുചേർന്ന് ഒരു പാചക മത്സരം സംഘടിപ്പിക്കുന്നു. ജൂൺ 26–ാം തിയ്യതി ഉച്ചകഴിഞ്ഞ് 2 മണിക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ചാണ് മത്സരം.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**പ്രൊഫ. എലിസബത്ത് മാത്യു**
പ്രസിഡന്റ്




**എക്സൽ അക്കാദമി–പ്രവേശനോത്സവ്–2018**

എക്സൽ അക്കാദമിയുടെ ഈ വർഷത്തെ അക്കാദമിക് ഇയർ ഉദ്ഘാടനം **"പ്രവേശനോത്സവ്–2018"** ജൂൺ 9–ാം തിയ്യതി ശനിയാഴ്ച, സെന്റ് തോമസ് കോളേജ് അക്കാദമിക്ക് ബ്ലോക്ക് ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. തൃശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ ഉദ്ഘാടനം ചെയ്തു. ചെറിയ കാലയളവിനുള്ളിൽ തന്നെ ഉന്നത വിദ്യാഭ്യാസരംഗത്ത് മികവു കാട്ടി, തൃശൂർ അതിരൂപതയുടെ അഭിമാനമായി വളർന്നുകൊണ്ടിരിക്കുന്ന, എക്സൽ അക്കാദമിയെ ടോണി പിതാവ് അഭിനന്ദിച്ചു. ഈ വർഷത്തെ നീറ്റ്–2018 ൽ പ്രശസ്ത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് പിതാവ് ആശംസകളും അഭിനന്ദനങ്ങളും നേർന്നു. നീറ്റ്–2018ലെ ടോപ്പ് സ്കോർ നേടിയവരെ മെമെന്റോയും മെഡലും നൽകി ഡോ. പ്രവീൺലാൽ ആദരിച്ചു. പ്രശസ്ത വിജയം നേടിയ KEEM-2018ലെ വിദ്യാർത്ഥികളേയും ഡയറക്ടർ ഫാ. ഡേവീസ് തെക്കേക്കര അഭിനന്ദിച്ചു. 'വിദ്യാരംഭം' സന്ദേശം, മാതൃഭൂമി ചീഫ് കറസ്പോണ്ടന്റ് ശ്രീ. കെ.ജി. മുകുന്ദൻ നൽകി. സെന്റ് തോമസ് കോളേജ് മാനേജർ, ഫാ. വർഗ്ഗീസ് കൂത്തൂർ, സെന്റ് തോമസ് കോളേജ് പ്രിൻസിപ്പൽ ഡോ. ഇഗ്നേഷ്യസ് ആന്റണി, എക്സൽ അക്കാദമി മെഡിക്കൽ, എഞ്ചിനീയറിങ്ങ് അക്കാദമിക്ക് ഹെഡ്– പ്രൊഫ. ഇനാശു സി.എ., എക്സൽ അക്കാദമി–സിവിൽ സർവീസ് അക്കാദമിക്ക് ഹെഡ് ശ്രീ. ടിന്റോ നീലങ്കാവിൽ എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. മാനേജർ ശ്രീ. എം.ഡി.ആന്റോ നന്ദി രേഖപ്പെടുത്തി.

**Excel Academy - IDP- Australia Partnership Programme**

എക്സൽ IELTS അക്കാദമിയുടെ നേതൃത്വത്തിൽ ജൂൺ 14–ാം തിയ്യതി എക്സൽ അക്കാദമി ഓഡിറ്റോറിയത്തിൽ വെച്ച് IDP-Aus-

tralia Partnership Programme, IDP- Chief ശ്രീ. അജു ബേബി, സർട്ടിഫിക്കറ്റ് വിതരണം ചെയ്തു നിർവ്വഹിച്ചു. IELTS കോർഡിനേറ്റർ Mrs.ഷില്ലാ രാജീവിന്റെ സ്വാഗതപ്രസംഗത്തോടെ ആരംഭിച്ച യോഗം, എക്സൽ എക്കാദമി ഡയറക്ടർ ഫാ. ഡേവീസ് തെക്കേക്കര ഉദ്ഘാടനം ചെയ്തു. പ്രൊഫ. സി.എ. ഇനാശു, ശ്രീ.എം.ഡി.ആന്റോ, ശ്രീ. ജെറിൻ ഡേവീസ്, ശ്രീ. സാറൂക്ക് സി.മെർലസ് എന്നിവർ യോഗത്തിൽ പ്രസംഗിച്ചു.

## Excel IAS Academy- Academic Year Inauguration -2018

ജൂൺ 23-ാം തിയ്യതി, ശനിയാഴ്ച അവിണിശേരി IAS Academyയിൽ നവീകരിച്ച ബിൽഡിങ്ങിന്റേയും പുതിയ ബ്ലോക്കിന്റേയും ആശീർവാദ കർമ്മം അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. ഉച്ച കഴിഞ്ഞു നടന്ന IAS Academy Academic year Inauguration നിൽ ശ്രീ. പി.സി. ജോർജ്ജ് എം.എൽ.എ., IAS ജേതാവ് ശ്രീ. ഹരി കല്ലിക്കാട്ട്, സിവിൽ സർവീസ് രംഗത്തേയും വിദ്യാഭ്യാസരംഗത്തേയും പ്രശസ്തരായ പല വ്യക്തികളും സന്നിഹിതരായിരുന്നു.

കേരളസർക്കാർ ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എക്സൽ അക്കാദമിയുടെ പി.എസ്.സി. സൗജന്യ പരിശീലന ഉപകേന്ദ്രത്തിൽ ജൂൺ 24-ാം തീയതി രാവിലെ 11.00 മണിക്ക് കേരള സർക്കാർ നടത്തുന്ന പി.എസ്.സി. എൻട്രൻസ് പരീക്ഷ നടത്തി. അതിൽ തെരഞ്ഞെടുക്കുന്നവർക്ക് മാത്രമേ പി.എസ്.സി. സൗജന്യ പരിശീലന ഉപകേന്ദ്രത്തിന്റെ ക്ലാസ്സുകളിൽ അഡ്മിഷൻ ലഭിക്കുകയുള്ളു.

**2019 NEET- KEEM** എൻട്രൻസ് പരീക്ഷകൾക്കുള്ള പ്ലസ് വൺ, പ്ലസ് ടു, റിപ്പീറ്റേഴ്സ് ബാച്ചുകളിലേക്കുള്ള അഡ്മിഷൻ തുടർന്നുകൊണ്ടിരിക്കുന്നു.

**K-TET** പരീക്ഷകൾക്കുള്ള അടുത്ത ബാച്ചിന്റെ കോച്ചിങ്ങ് ക്ലാസ്സുകൾ **ജൂലായ് 21-ാം തീയതി** ആരംഭിക്കും.

കൂടുതൽ വിവരങ്ങൾക്ക് **PH:- 8111842784 / 9744941585**

**റവ. ഡോ. ഡേവീസ് തെക്കേക്കര**

ഡയറക്ടർ



# കെ.സി.വൈ.എം.

**പരിസ്ഥിതി ദിനാചരണം കെ.സി.വൈ.എം.**

തൃശൂർ അതിരൂപത കെ.സി.വൈ.എമ്മി.ന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാഘോഷം അയ്യന്തോൾ നിർമല കോൺവന്റ് യു പി സ്കൂളിൽ നടത്തി. വികാരി ജനറൽ മോൺ. ജോർജ് കോമ്പാറ ഉദ്ഘാടനം ചെയ്തു. കെ. സി. വൈ.എം. ഡയറക്ടർ ഫാ. ഡിറ്റോ കൂള, അയ്യന്തോൾ പള്ളി വികാരി ഫാ. ജോസഫ് അറാശ്ശേരി, സെക്രട്ടറി മാഫി ഡെൽസൻ, പ്രസിഡന്റ് അനൂപ് പുന്നപുഴ, പി.ടി.എ പ്രസിഡന്റ് കെ. എൻ. രഘു, സിസ്റ്റർ ടീനമരിയ, സിസ്റ്റർ റോസ് ആൻ, വിൽഫ്രഡ് ഫ്രാൻസിസ്, ഡോ. ഒ. എൽ. പയസ് എന്നിവർ പ്രസംഗിച്ചു.

**കെ. സി. വൈ. എം. സെനറ്റ് സമ്മേളനം**

എടക്കളത്തൂർ : കെ. സി. വൈ.എം. പറപ്പൂർ ഫൊറോന സെനറ്റ് സമ്മേളനം അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡന്റ് ജോസ്മോൻ കെ. ഫ്രാൻസിസ് അധ്യക്ഷനായി.

| | |
|---|---|
| **ഫാ. ജിബി വാഴപ്പിള്ളി** | **ഫാ. ഡിറ്റോ കൂള** |
| അസി. ഡയറക്ടർ | അതിരൂപത ഡയറക്ടർ |




# സി.എൽ.സി

**പരിസ്ഥിതിദിനാചരണം**

തൃശ്ശൂർ അതിരൂപത സി.എൽ.സി യുടെ ആഭിമുഖ്യത്തിൽ പരിസ്ഥിതി ദിനാഘോഷം തൃശ്ശൂർ സെന്റ് ക്ലയേഴ്സ് കോൺവെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് സമുചിതമായി ആചരിച്ചു. മുൻ സാഗർ രൂപത മെത്രാൻ മാർ. ജോസഫ് പാസ്റ്റർ നീലങ്കാവിൽ സ്കൂൾ ലീഡർ ബിനീഷയ്ക്കും ഹെഡ്മിസ്ട്രസ് സി.അനീജ തെരേസ് എഫ്.സി.സി. ക്കും വൃക്ഷതൈ നൽകി കൊണ്ട് ഉദ്ഘാടനം ചെയ്തു. അതിരൂപത സി.എൽ.സി പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്ത്, സ്റ്റാഫ് സെക്രട്ടറി ഓമന ടീച്ചർക്കും അസി. പ്രമോട്ടർ ഫാ. ഫ്രജോ വാഴപ്പിള്ളി പി.ടി.എ പ്രസിഡന്റ് ശ്രീ. ആൻഡ്രൂസിനും വൃക്ഷ തൈ വിതരണം ചെയ്തു, രൂപത സി.എൽ.സി പ്രസിഡന്റ് ശ്രീ. ജോമി ജോൺസൺ പരിസ്ഥിതി ദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. രൂപത സി.എൽ.സി സെക്രട്ടറി ജെസ്വിൻ സാജു സ്വാഗതവും ഫാ. ജിയോ തെക്കിനിയത്ത് പരിസ്ഥിതി ദിന സന്ദേശവും നൽകി. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾ പരിസ്ഥിതി സംരക്ഷണത്തെപ്പറ്റിയുള്ള വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

**ഇഗ്നേഷ്യസ് ലയോള അനുസ്മരണം– സ്വാഗത സംഘം ഓഫീസ് ഉദ്ഘാടനം**

തൃശ്ശൂർ അതിരൂപത സി.എൽ.സി. യുടെ ഈ വർഷത്തെ ഇഗ്നേഷ്യസ് ലയോള അനുസ്മരണം– സ്വാഗത സംഘം ഓഫീസ് ഉദ്ഘാടനം പാലയൂർ തീർത്ഥകേന്ദ്രം റെക്ടർ ഫാ. ജോസ് പുന്നോലിപറമ്പിൽ നിർവഹിച്ചു.സി.എൽ.സി അതിരൂപത പ്രൊമോട്ടർ ഫാ. ജിയോ തെക്കിനിയത്ത് അതിരൂപത സി.എൽ.സി പ്രസിഡന്റ് ജോമി ജോൺസൺ, പാലയൂർ ഫൊറോന സി.എൽ.സി പ്രൊമോട്ടർ ഫാ. ജിയോ ചെരടായി, പാലയൂർ അസി. വികാരി ഫാ. ജസ്റ്റിൻ തേയ്ക്കാനത്ത്, ജനറൽ

സെക്രട്ടറി ജെസ്‌വിൻ സാജു, കോ ഓർഡിനേറ്റർ ബിജിൽ സി ജോസഫ്. പാലയൂർ ഫൊറോന സി.എൽ.സി പ്രസിഡന്റ് ഫ്രെഡി തോമസ് എന്നിവർ നേതൃത്വം നൽകി. ജൂലൈ 29 നായിരിക്കും ഈ വർഷത്തെ ഇഗ്നേഷ്യസ് ലയോള അനുസ്മരണം.

**റിവേഴ്‌സ് പെൽനൽറ്റി ഷൂട്ടൗട്ടിലൂടെ അതിരൂപത സി.എൽ.സി. ഫുട്ബോൾ ലോക കപ്പ് ലഹരിയിൽ.**

ലോകമെങ്ങും ഫുട്ബോൾ ലോക കപ്പിന്റെ ലഹരിയിൽ മുങ്ങി നിൽക്കുമ്പോൾ തൃശ്ശൂർ അതിരൂപത സി.എൽ.സി ഫൊറോന ഭാരവാഹികൾക്കും, യുണീറ്റ് പ്രസിഡന്റുമാർക്കും വേണ്ടി റിവേഴ്‌സ് പെനാൽറ്റി ഷൂട്ടൗടട്ട് സംഘടിപ്പിച്ചു. അതിരൂപത പ്രൊമോട്ടർ ഫാ. ജിയോ തേക്കിനിയത്ത്  ഉദ്ഘാടനം ചെയ്തു. 16 ഫൊറോന ടീമുകൾ മാറ്റുരച്ച ആവേശകരമായ ഷൂട്ടൗട്ടിൽ പറപ്പൂർ ഫൊറോന ഒന്നാം സ്ഥാനവും- പുതുക്കാട് ഫൊറോന രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

**അതിരൂപത സി.എൽ.സി ജനറൽ ബോഡി യോഗം**

പുത്തൻ ഉണർവായി അതിരൂപത സി.എൽ.സി ജനറൽ ബോഡി യോഗം ജൂൺ 10 ഞായർ ഉച്ചയ്ക്ക് 2 മണിക്ക് പാസ്റ്ററൽ സെന്റിൽ വെച്ചു നടന്നു. വിവിധ ഇടവകകളിൽ നിന്നായി 155 ഓളം ഭാരവാഹികൾ പങ്കെടുത്തു. അതിരൂപത സി.എൽ.സി പ്രൊമോട്ടർ ഫാ. ജിയോ തെക്കിനിയത്ത് ഉദ്ഘാടനം ചെയ്തു. അതിരൂപത സി.എൽ.സി പ്രസിഡന്റ് ജോമി ജോൺസൺ അദ്ധ്യക്ഷത വഹിച്ചു. അതിരൂപത സമിതിയുടെ കഴിഞ്ഞ 6 മാസത്തെ പ്രവർത്തനങ്ങളുടെ വിലയിരുത്തലും അടുത്ത 6 മാസത്തേക്കുള്ള പ്രവർത്തന പദ്ധതികളുടെ ചർച്ചകളും നടന്നു. 2018-2019  വർഷത്തെക്കുള്ള അഫിലിയേഷൻ ഫോമുകൾ യൂണിറ്റുകൾ അതിരൂപതയിൽ സമർപ്പിച്ചു. ഇഗ്നേഷ്യസ് ലയോള അനുസ്മരണം, ഫൊറോന വിസിറ്റുകൾ, മരിയോത്സവം, ഫാ. സിജോ ചീരൻ മെമ്മോറിയൽ ഫുട്ബോൾ ടൂർണമെന്റ് എന്നീ പരിപാടികളെ കുറച്ചു വിശദമായ ചർച്ചകൾ നടന്നു. ആനിമേറ്റർ സി.ആൻ ജയിൻ, അതിരൂപത സെക്രട്ടറി ജെസ്‌വിൻ സാജു, സംസ്ഥാന വൈസ് പ്രസിഡന്റ് ഡിൽജോ തരകൻ, അതിരൂപത എക്സിക്യൂട്ടീവ് സെബിൻ സി.കെ എന്നിവർ സംസാരിച്ചു. കോ -ഓർഡിനേറ്റർ ബിജിൽ ജോസഫ് സ്വാഗതവും വൈസ് പ്രസിഡന്റ് ഡോംസൺ സൈമൺ നന്ദിയും പ്രകാശിപ്പിച്ചു.

**ഫാ. ജിയോ തെക്കിനിയത്ത്**

പ്രമോട്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി




**നന്ദി... സ്വാഗതം**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ ഡയക്ടറായി നാല് മാസം സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട സിജോ മുരിങ്ങാത്തേരിയച്ചന് തിരുബാലസഖ്യത്തിന്റേയും, ജൂനിയർ സി. എൽ. സി യുടേയും, അൾത്താര സംഘത്തിന്റെയും ഹൃദ്യമായ നന്ദി അറിയിക്കുന്നു. ചിൽഡ്രൻസ് മിനിസ്ട്രിക്ക് പുതിയ രൂപവും ഭാവവും നല്കുവാൻ അച്ചന്റെ ഈ ഹ്രസ്വകാലത്തെ പ്രവർത്തനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. ചിൽഡ്രൻസ് മിനിസ്ട്രിയോട് അച്ചൻ കാണിച്ച സ്നേഹത്തിനും, കരുതലിനും, പ്രോത്സാഹനത്തിനും നന്ദിയർപ്പിക്കുന്നു. ഉപരിപഠനത്തിനായി റോമിലേക്ക് പോകുന്ന സിജോ അച്ചന് ദൈവാനുഗ്രഹത്തോടെ മുന്നേറുവാൻ സാധിക്കട്ടെ. അച്ചന് എല്ലാവിധ വിജയാശംസകളും, ഭാവുകങ്ങളും പ്രാർത്ഥനാപൂർവ്വം നേരുന്നു. ചിൽഡ്രൻസ് മിനിസ്ട്രിയുടെ പുതിയ ഡയക്ടറായ ഫാ. റോയ്സൻ കൊള്ളന്നൂരിന് ഹൃദ്യമായ സ്വാഗതവും ഒപ്പം എല്ലാവിധ പ്രാർത്ഥനാശംസകളും നേർന്നുകൊള്ളുന്നു.

**എയ്ഞ്ചലോസ് 2018**

തൃശ്ശൂർ അതിരൂപതയിൽ ഈ വർഷം പ്രഥമ ദിവ്യകാരുണ്യസ്വീകരണം നടത്തിയ കുട്ടികൾക്ക് കുരിയച്ചിറ സെന്റ് ജോസഫ്സ് സ്കൂളിൽ പ്രൗഢഗംഭീരമായ സ്വീകരണം നൽകി. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്തിന്റെ മുഖ്യകാർമ്മികത്വത്തിലുള്ള ദിവ്യബലിക്കുശേഷം പിതാവിനോടൊപ്പം മാർ ടോണി നീലങ്കാവിൽ, മാർ റാഫേൽ തട്ടിൽ, മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ എന്നിവർ കുട്ടികൾക്ക് ശ്ലൈഹികാശീർവ്വാദം നൽകി. സംഗമത്തിൽ അതിരൂപതയുടെ വിവിധ ഇടങ്ങളിൽ നിന്ന് ആയിര ത്തോളം കുട്ടികൾ പങ്കെടുത്തു. മെമന്റോയും സമ്മാനങ്ങളും നൽകി. അഭിവന്ദ്യപിതാക്കന്മാരോടൊപ്പമുള്ള ഫോട്ടോസെഷനും ഉണ്ടായിരുന്നു. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. സിജോ മുരിങ്ങാത്തേരി, സെന്റ് ജോസഫ്സ് സ്കൂൾ മാനേജർ റവ. ഫാ. ആന്റണി ചെമ്പകശ്ശേരി, നവവൈദികൻ റവ. ഫാ.

വിനോയ് വാഴപ്പിള്ളി, കോഡിനേറ്റർ റവ. സി. റെജി എസ്.എസ്.പി.സി. എന്നിവർ സന്നിഹിതരായിരുന്നു. ബ്രദേഴ്സും, ആനിമേറ്റേഴ്സും, സംഘടനാ ഭാരവാഹികളും കുട്ടികളും സന്നിഹിതരായിരുന്നു. എയ്ഞ്ചലോസ് വിജയകരമാക്കുവാൻ സഹായിച്ച എല്ലാവർക്കും ഒത്തിരി നന്ദി.

**തിരുബാലസഖ്യം**

ഭാരതത്തിന്റെ അപ്പസ്തോലനായ വി. തോമാശ്ലീഹായുടെ തിരുനാൾ ദിനമായ ജൂലൈ 3-ാം തിയതി ഇടവകതലത്തിൽ തിരുബാലസഖ്യ പ്രാർത്ഥനദിനമായി ആചരിക്കേണ്ടതാണ്.

**ജൂനിയർ സി. എൽ. സി.**

ആഗോളസഭ ജൂലൈ 12 ന് വി. ഇഗ്നേഷ്യസ് ലെയോളയുടെ തിരുനാൾ ആഘോഷിക്കുന്ന സുദിനത്തിൽ ജൂനിയർ സി. എൽ. സി. അംഗങ്ങൾ ഇടവക തലത്തിൽ പ്രാർത്ഥനാദിനമായി ആചരിക്കേണ്ടതാണ്.

**അൾത്താര സംഘം**

ആഗോളസഭ ജൂലൈ 26 ന് വി. അന്നയുടെയും ജൊവാക്കീമിന്റെയും തിരുനാൾ ആഘോഷിക്കുന്ന സുദിനത്തിൽ ഇടവകതലത്തിൽ എല്ലാ അൾത്താര സംഘാംഗങ്ങളും പ്രാർത്ഥനാ ദിനമായി ആചരിക്കേണ്ടതാണ്.

**സാഹിത്യ മത്സരം**

ചിൽഡ്രൻസ് മിനിസ്ട്രി കുട്ടികൾക്കായി (തിരുബാലസഖ്യം, ജൂനിയർ സി. എൽ സി, അൾത്താര സംഘം) സാഹിത്യ മത്സരം സംഘടിപ്പിക്കുന്നു. ചെറുകഥ, ഉപന്യാസം, കവിത, കുഞ്ഞികവിത തുടങ്ങിയ ഇനങ്ങളിലാണ് മത്സരം. താൽപര്യമുള്ളവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. മത്സര തിയതി പിന്നീട് അറിയിക്കുന്നതാണ്.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** ദൈവമേ അങ്ങയുടെ കാരുണ്യം എത്ര അമൂല്യം! മനുഷ്യമക്കൾ അങ്ങയുടെ ചിറകുകളുടെ തണലിൽ അഭയം തേടുന്നു. (സങ്കീ. (36:7)

**സുകൃതജപം:** ദൈവമേ എന്നോട് കരുണതോന്നേണമേ.

**പ്രാർത്ഥനാ നിയോഗം:** അനാഥകുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക

**പരിചയപ്പെടുന്ന വിശുദ്ധ:** വി. ഹെലൻ (ഓഗസ്റ്റ് 18)

**പ്രവർത്തനം:** രോഗികളെ സന്ദർശിക്കുക

**ഫാ. റോയ്സൻ കൊള്ളന്നൂർ**

**ഡയറക്ടർ**



# KCSL തൃശ്ശൂർ അതിരൂപത

**ഓഖി ഫണ്ട് കൈമാറി**

KCSL തൃശ്ശൂർ അതിരൂപതാടിസ്ഥാനത്തിൽ ഓഖി ദുരിത ബാധിതർക്കായുള്ള ഫണ്ട് ഒരു ലക്ഷം രൂപ (100000) തിരുവനന്തപുരം അതിരൂപതാ മെത്രാപ്പോലീത്ത സൂസൈ പാക്യം പിതാവിന് കൈമാറി. ശേഖരിച്ച പഠന ഉപകരണങ്ങൾ തിരുവനന്തപുരം അതിരൂപതാ ഓർഗ്ഗനൈസർ ശ്രീ. റിച്ചാർഡ് ക്ലമന്റിന് കൈമാറി. ഓഖി ദുരിദാശ്വാസ ഫണ്ടുമായി സഹകരിച്ച ഏവർക്കും നന്ദി.

**സ്റ്റേറ്റ് ആനിമേറ്റേഴസ് കോൺഫ്രൻസ് സമാപിച്ചു**

2018–19 അദ്ധ്യയനവർഷത്തെ സ്റ്റേറ്റ് ആനിമേറ്റേഴ്സ് കോൺഫ്രൻസ് എറണാകുളം POC യിൽവെച്ച് നടന്നു. അതിരൂപതാ ഭാരവാഹികളായി തൃശ്ശൂർ അതിരൂപതയിൽനിന്ന് 8 പേർ പങ്കെടുത്തു.

**ഈ വർഷത്തെ പഠനവിഷയം**

പഠന പുസ്തകം : ഡിജിറ്റൽ ലോകത്തിലെ വിദ്യാർത്ഥികൾ

ഉപപാഠപുസ്തകം : വെൺമഞ്ഞുപോലെ ഒരു മഹാ വിശുദ്ധൻ (അലോഷ്യസ് ഗോൺസാഗ)

**സ്റ്റേറ്റ് ലീഡേഴ്സ് മീറ്റ്**

ഈ വർഷത്തെ സ്റ്റേറ്റ് ലീഡേഴ്സ് മീറ്റിന് നമ്മുടെ തൃശ്ശൂർ അതിരൂപത ആതിഥ്യം വഹിക്കുന്നു. ജൂലായ് 13,14 ശനി, ഞായർ ദിവസങ്ങ

ളിലായാണ് അതിരൂപതയിൽവെച്ച് ലീഡേഴ്സ് മീറ്റ് നടക്കുന്നത്. ഏവരേയും സ്വാഗതം ചെയ്യുന്നു.

**ഫോം, ട്രോഫികൾ**

ഫോമുകൾ അതിരൂപതയിലേക്ക് നൽകാത്തവരും ട്രോഫികൾ തിരിച്ചുതരാത്തവരും അവ ഉടൻ ഏൽപിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**റവ. ഡോ. ആന്റണി ചെമ്പകശ്ശേരി**

ഡയറക്ടർ




## ലീജിയൻ ഓഫ് മേരി – തൃശ്ശൂർ കമ്മീസിയം

ലീജിയൻ ഓഫ് മേരി തൃശൂർ കമ്മീസിയത്തിന്റെ 684–ാം മതും തൃശൂർ കുരിയായുടെ 735–ാം മതും സമ്മേളനം. 2018 ജൂൺ 3 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് കമ്മീസിയം പ്രസിഡന്റ് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിലും ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലനച്ചന്റെ സാന്നിദ്ധ്യത്തിലും പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് പ്രാരംഭ പ്രാർത്ഥനയോടും ജപമാലയോടുംകൂടി ആരംഭിച്ചു.

നിയമഗ്രന്ഥത്തിൽനിന്ന് ആദ്ധ്യാത്മിക നിയന്താവ് പേജ് 395 ജ്ഞാന വായന നടത്തി. ജോ. സെക്രട്ടറി സി. റോസിലി ജോസഫ് മുൻമാസ റിപ്പോർട്ടും, ട്രഷറർ ബ്ര. ജിമ്മി റാഫേൽ മുൻമാസ വരവ് ചിലവ് കണക്കും അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. ജോ. സെക്രട്ടറി ഹാജർ വിളിച്ചതിന് ശേഷം ബ്രദർ പ്രസിഡൻറ് എല്ലാ മരിയ സൈനീകരെയും സ്വാഗതം ആശംസിച്ചു.

സൈനീക ജപശൃംഖലയ്ക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവ് പ്രഭാഷണം നടത്തി. ജൂൺ മാസം ഈശോയുടെ തിരുഹൃദയത്തിനായി പ്രത്യേകം പ്രതിഷ്ഠിച്ചിരുന്ന മാസമാണ്. തിരുഹൃദയഭക്തിയിൽ വളരാൻ ഏവർക്കും സാധിക്കട്ടെ എന്ന് ഓർമ്മപ്പെടുത്തി. വി. മാർഗരറ്റ് മേരി അലക്കോക്കിന് ദിവ്യകാരുണ്യ നാഥൻ പ്രത്യക്ഷപ്പെട്ട് നൽകിയ വാഗ്ദാ

നങ്ങളെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് പ്രഭാഷണം അവസാനിപ്പിച്ചു. അടുത്ത മീറ്റിംഗിൽ മരിയ സൈനീകർ പ്രഭാഷണം പറയുന്നതിന് ഒരുങ്ങി വരുന്നതിനും ആദ്ധ്യാത്മിക നിയന്താവ് ഓർമ്മിപ്പിച്ചു. വർഷംതോറും നടത്തിവരുന്ന ഏകദിന ആരാധന ആഗസ്റ്റ് 11 ശനിയാഴ്ച ഫാമിലി അപ്പസ്തോലെറ്റ് സെന്ററിൽ വെച്ച് നടത്തുന്നതിന് തീരുമാനിച്ചു. പുതിയതായി പ്രവർത്തനമാരംഭിച്ച തിരൂർ കുരിയാ മീറ്റിംഗ് മാസത്തിലെ 3-ാം ശനിയാഴ്ചകളിൽ 4 മണിക്ക് തിരൂർ സെന്റ്തോമസ് പള്ളിയിൽവച്ച് കൂടുന്നതാണെന്ന് ഭാരവാഹികൾ അറിയിച്ചു.

**ഫാ. ജോൺ മൂലൻ**
ആദ്ധ്യാത്മിക നിയന്താവ്

SSVP CENTRAL COUNCIL, TRICHUR



## സൊസൈറ്റി ഓഫ്
## സെന്റ് വിൻസെന്റ് ഡി പോൾ

**സെൻട്രൽ കൗൺസിൽ വാർത്തകൾ**

1. 07-10-2018ന് കുരിയച്ചിറ സെന്റ്. ജോസഫ് മോഡൽ ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് നടത്തുന്ന സെൻട്രൽ കൗൺസിലിന്റെ സപ്തതി ആഘോഷങ്ങൾക്കായി അഭിവന്ദ്യ പിതാവ് മാർ. ആൻഡ്രൂസ് താഴത്ത് രക്ഷാധികാരിയും, മാർ. ടോണി നീലങ്കാവിൽ സഹ. രക്ഷാധികാരിയും, റവ. ഫാ. ആന്റണി ചെമ്പകശ്ശേരി ചെയർമാനായും, ബ്ര. കെ.എ.ഷിബു ജനറൽ കൺവീനറായും 101 അംഗ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.
2. സി. സി. യൂത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ മൂന്നാം ഓസ്സാനാം ഫുട്ബോൾ ടൂർണ്ണമെന്റിൽ ജേതാക്കളായ പാലയൂർ എ.സിക്കും, റണ്ണറപ്പായ പഴുവിൽ എ.സി.ക്കും അഭിനന്ദനങ്ങൾ.
3. അഭിവന്ദ്യ മാർ. ടോണി നീലങ്കാവിൽ പിതാവിനും, സി. സി. ആദ്ധ്യാത്മിക ഉപദേഷ്ടാവായ ബഹു. ആന്റണി ചെമ്പകശ്ശേരി അച്ചനും, നാമഹേതുക തിരുന്നാൾ ആശംസകൾ നേർന്നു.

4. വിൻസെൻഷ്യൻ അംഗങ്ങൾക്കുള്ള മത്സരങ്ങൾ എ.സി. തലത്തിൽ 08–07–2018നും, സി.സി. തല മത്സരങ്ങൾ 22–07–2018 നും, മതബോധനം 10, 11, 12 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള എ.സി.തല ക്വിസ് മത്സരം 12–08–2018നും, സി. സി. തല മത്സരങ്ങൾ 02–09–2018 നും നടത്തുന്നതാണ്. മതബോധന വിദ്യാർത്ഥികൾക്കുള്ള സി.സി.തല മത്സര വിജയികളിൽ 1, 2, 3 സ്ഥാനം നേടുന്നവർക്ക് യഥാക്രമം 5,000, 3,000, 2,000 രൂപയുടെ ക്യാഷ് അവാർഡ് നൽകുന്നതാണ്.
5. സി.സി. യുവജന ദിനാഘോഷം 2018 ജൂലായ് 1 ഞായറാഴ്ച 1.30 p.m. ന് വിൻസെൻഷ്യൻ കോംപ്ലക്സ് ഹാളിൽവെച്ച് നടത്തുന്നു. തുടർന്ന് 2015 മുതൽ സംഘടനയിൽ അംഗങ്ങളായി ചേർന്നവർക്ക് പഠന–പരിശീലന ക്ലാസ്സുകളും നടത്തുന്നതാണ്. യുവജനങ്ങളെ സംഘടനയിൽ അംഗങ്ങളാക്കുവാൻ പരിശ്രമിക്കുക.
6. സംഘടനയുടെ സമ്പത്ത് സംഘടനാ ആവശ്യങ്ങൾക്ക് അല്ലാതെ മറ്റു സംഘടനകൾ, സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് വായ്പയായോ അല്ലാതെയോ നൽകുന്നതിന് എ.സി.യുടേയും, സി.സി.യുടേയും രേഖാമൂലമുള്ള അനുവാദം വാങ്ങേണ്ടതാണ്.
7. കോൺഫ്രൻസുകളുടേയും, എ.സി.കളുടേയും ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിശദാംശങ്ങളും, ആധാരത്തിന്റെ കോപ്പിയും സി.സി. ആഫീസിൽ ഏൽപ്പിക്കേണ്ടതാണ്. മേലിൽ ഭൂമി വാങ്ങുന്നതിനും, വിൽക്കുന്നതിനും, സെൻട്രൽ കൗൺസിലിന്റെ രേഖാമൂലമുള്ള അനുമതി വാങ്ങേണ്ടതാണ്.
8. സി. സി. വാർഷികത്തിൽ ആദരിക്കേണ്ട അംഗത്വ ജൂബിലേറിയന്മാരുടെ വിവരങ്ങൾ പ്രത്യേക ഫോമിൽ 15–07–2018 ന് മുമ്പായി സി. സി. ആഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

**റവ. ഡോ. ആന്റണി ചെമ്പകശ്ശേരി**
സി. സി. ആദ്ധ്യാത്മികോപദേഷ്ടാവ്

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)



തൃശൂർ അതിരൂപത ഫ്രാൻസിസ്ക്കൻ അൽമായ സഭയുടെ ആഭിമുഖ്യത്തിൽ 2.6.2018 ശനിയാഴ്ച കുറുമാൽ ഗാഗുൽത്ത ധ്യാനകേന്ദ്രത്തിൽ വെച്ച് ഫ്രാൻസിക്കൻ മഹോത്സവം സംഘടിപ്പിച്ചു. അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ 2018–19 വർഷത്തെ SFO ഡയറക്ടറി പ്രകാശനവും നടത്തി. ഫാ. ലിജോയ് ചിരിയങ്കണ്ടത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ അതിരൂപത പ്രസിഡണ്ട് സണ്ണി വടക്കൻ ആമുഖപ്രഭാഷണം നടത്തുകയും കപ്പൂച്ചിൻ പ്രോവിൻഷ്യാൾ ഫാ. പോളി മാടശ്ശേരി മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. 'ഫ്രാൻസിസ്ക്കൻ ആദ്ധ്യാത്മികത ഇന്നിന്റെ പ്രസക്തി' എന്ന വിഷയത്തിൽ ഫാ. ജോയ് മേനാച്ചേരി ക്ലാസ്സ് നയിച്ചു. ഫാ. ഷിന്റോ ഞർളേലി, ഫാ. ദിൽ കോനിക്കര എന്നിവർ ദിവ്യബലി അർപ്പിച്ച് സന്ദേശം നല്കി. ഡോ. എം. എ. ബാബു, പി. ഐ. സൈമൺ എന്നിവർ പ്രസംഗിച്ചു. പ്രവർത്തനത്തിന്റെ മികവിൽ ഏറ്റവും നല്ല യൂണിറ്റുകൾക്കും റീജിയണുകൾക്കും ഗാഗുൽത്താ ധ്യാന കേന്ദ്രം ഡയറക്ടർ ഫാ. ബെന്നി പീറ്റർ ട്രോഫിയും ക്യാഷ് അവർഡും നല്കി. യോഗത്തിന് സി. ഫ്ളവർലിറ്റ്, സി. ലിറ്റി തെരേസ, സി. നിത്യറോസ്, ജോസ് പീറ്റർ, വി. എൽ. സൈമൺ, കെ. കെ. ജേക്കബ്ബ്, സെലീന ജോൺ, ടി. കെ. ഡേവീസ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

**റവ. ഫാ. ഷിന്റോ ഞർളേലി OFM. Cap.**
ഡയറക്ടർ

# കത്തോലിക്കാ കോൺഗ്രസ്സ്

**കത്തോലിക്കാകോൺഗ്രസ്സ് സംഘടനകളുടെ സംഘടന – മാർ ആൻഡ്രൂസ് താഴത്ത്**

സാമൂഹിക–സാംസ്കാരിക–രാഷ്ട്രീയ മണ്ഡലങ്ങളിൽ സമുദായത്തെ പ്രതിനിധാനം ചെയ്യേണ്ട ചാലകശക്തിയാണ് കത്തോലിക്കാ കോൺഗ്രസ്സ് എന്ന് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു. സീറോ മലബാർ സഭയുടെ ഔദ്യോഗിക അത്മായപ്രസ്ഥാനമാണ് കത്തോലിക്കാകോൺഗ്രസ്സ് എന്നും അത് എല്ലാ സംഘടനകളെയും ഉൾക്കൊള്ളുന്ന സംഘടനകളുടെ പ്രസ്ഥാനമാണ്. ലത്തീൻസഭയ്ക്ക് ലാറ്റിൻ കാത്തലിക് അസ്സോസിയേഷനും മലങ്കരസഭയ്ക്ക് മലങ്കര കാത്തലിക് അസ്സോസിയേഷനും ഉള്ളതുപോലെ സീറോ മലബാർ സഭയുടെ ബഹുജന പ്രസ്ഥാനമാണ് കത്തോലിക്കാ കോൺഗ്രസ്സ് എന്നും അതിന് എല്ലാ ഇടവകകളിലും യൂണിറ്റുകൾ രൂപീകരിക്കേണ്ടതാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

മെയ് 13ന് തൃശ്ശൂരിൽ നടത്തിയ സമുദായ മഹാസംഗമത്തിന്റെയും റാലിയുടെയും അവലോകയോഗം തൃശ്ശൂർ ഡി. ബി. സി. എൽ. സി. യിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അഭിവന്ദ്യ താഴത്ത് പിതാവ്. കത്തോലിക്കാ കോൺഗ്രസ്സ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പായന്നിലം അധ്യക്ഷത വഹിച്ച യോഗത്തിൽ ഗ്ലോബൽ സെക്രട്ടറി ബിജു കുണ്ടുകുളം സ്വാഗതവും ജനറൽ കോ–ഓർഡിനേറ്റർ തൊമ്മി പിടിയത്ത് നന്ദിയും പറഞ്ഞു. അവലോകന ചർച്ചകൾക്ക് അതിരൂപത ഡയറക്ടറും സമുദായ സംഗമത്തിന്റെ വർക്കിംഗ് ചെയർമാനുമായ ഫാ. വർഗ്ഗീസ് കൂത്തൂർ മോഡറ്ററായിരുന്നു. ഗ്ലോബൽ ഡയറക്ടർ ഫാ. ജിയോ കടവി, പാലക്കാട് രൂപത പ്രസിഡന്റ് ആന്റണി തോമസ്, ഇരിങ്ങാലക്കുട രൂപത പ്രസിഡന്റ് റിൻസൺ മണവാളൻ, കോതമംഗലം രൂപത പ്രസിഡന്റ് ഐപ്പച്ചൻ തടിക്കാട്ട്, എറണാകുളം–അങ്കമാലി അതിരൂപതാപ്രതിനിധി ബെന്നി ആന്റണി എന്നിവർ ചർച്ചകളിൽ പങ്കെടുത്തു സംസാരിച്ചു. അതിരൂപത ഭാരവാഹികളായ ജോഷി വടക്കൻ, ജോൺസൻ ജോർജ്ജ്, എലിസബത്ത് മാത്യു, ലീല വർഗ്ഗീസ് എന്നിവർ യോഗത്തിന് നേതൃത്വം നൽകി.

**മെമ്പർഷിപ്പ് മാസം**

കത്തോലിക്കാകോൺഗ്രസ്സിലേക്ക് പുതിയ അംഗങ്ങളെ ചേർക്കുന്നതിനും നിലവിലുള്ളലരുടെ അംഗത്വം പുതുക്കുന്നതിനുംവേണ്ടി ജൂലൈ 15 മുതൽ ആഗസ്റ്റ് 15 വരെ ഇടവകതലത്തിൽ മെമ്പർഷിപ്പ് കാമ്പയിൻ നടത്തുന്നതിന് യൂണിറ്റ് ഭാരവാഹികൾ പ്രത്യേകം താത്പര്യമെടുക്കേണ്ടതുണ്ട്.

**തെരഞ്ഞെടുപ്പ്**

കത്തോലിക്കാകോൺഗ്രസ്സിന്റെ ഇടവകതല തെരഞ്ഞെടുപ്പ് ആഗസ്റ്റ് 16 മുതൽ സെപ്തംബർ 10 വരെയുള്ള തീയതികളിലും ഫൊറോന തെരഞ്ഞെടുപ്പ് ഒക്ടോബർ 31നകവും പൂർത്തീകരിക്കേണ്ടതാണ്. അതിരൂപതാസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് ഡിസംബർ 9ന് നടത്തുന്നതാണ്.

**ജനറൽബോഡിയോഗം**

കത്തോലിക്കാകോൺഗ്രസ്സിന്റെ ജനറൽബോഡിയോഗം ജൂലൈ 1ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ ചേരുന്നതാണ്.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

## കരുണട്രസ്റ്റ് വിദ്യാഭ്യാസ സഹായത്തിന് അപേക്ഷ ക്ഷണിച്ചു

അതിരൂപത കരുണട്രസ്റ്റ് വിവിധ തൊഴിലധഷ്ഠിത കോഴ്സുകൾ പഠിക്കുന്നതിന് വർഷംതോറും നല്കി വരുന്ന സഹായത്തിനു അപേക്ഷകൾ ക്ഷണിച്ചു. ജനറൽ നഴ്സിങ്ങ്, എം.ടി.ഐ., പോളി ടെക്നിക്ക്, ഐ.ടി.സി., പരാമെഡിക്കൽ, ലാബ് ടെക്നീഷ്യൻ, ടി.ടി.ഐ., ബി.എഡ് തുടങ്ങിയ കോഴ്സുകളാണ് ഉദ്ദേശിക്കുന്നത്. ജാതിഭേദമന്യേ നല്കുന്ന സഹായത്തിന് തൃശ്ശൂർ അതിരൂപതയിലെ ഇടവക പള്ളി വികാരിയുടെ ശുപാർശയോടെ അതിരൂപത സാമ്പത്തിക കാര്യലയത്തിൽ 2018 ആഗസ്റ്റ് 15ന് മുമ്പ് അപേക്ഷിക്കേണ്ടതാണ്. അപേക്ഷ ഫോം 2018 ജൂലായ് 1 മുതൽ അതിരൂപത സാമ്പത്തിക കാര്യലയത്തിൽ നിന്നും, online ആയി അതിരൂപത വൈബ് സൈറ്റിൽ (www.trichurarchiocese.org/download) നിന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫാ. നൈസൺ ഏലന്താനത്ത്, സെക്രട്ടറി, കരുണാട്രസ്റ്റ്, ആർച്ച് ബിഷപ്പ്സ് ഹൗസ്, തൃശ്ശൂർ 680 005, (ഫോൺ: 0487 2333325) എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

**ഫാ. നൈസൻ ഏലന്താനത്ത്**
സെക്രട്ടറി



# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**സബ്സോൺ കോ- ഓർഡിനേറ്റേഴ്സ് കൂട്ടായ്മ**

അതിരൂപതയിലെ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ നേതൃത്വത്തിൽ നടത്തിയ പരിശുദ്ധാത്മാഭിഷേക കൺവൻഷനുമായി ബന്ധപ്പെട്ട് കൃതജ്ഞതാ പ്രാർത്ഥനയ്ക്കും വിലയിരുത്തലുകൾക്കും വേണ്ടി ആബാ റിന്യൂവൽ സെന്ററിൽ ജൂൺ 9 ന് രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4 മണിവരെ കൂട്ടായ്മ നടന്നു. രാവിലെ ദിവ്യകാരുണ്യാരാധനയ്ക്ക് ഡയറക്ടർ ഫാ. സജീവ് ഇമ്മട്ടി, കോ-ഓർഡിനേറ്റർ സാബു എം വർഗീസ് എന്നിവർ നേതൃത്വം നൽകി. ഉച്ചഭക്ഷണശേഷം വിലയിരുത്തൽ യോഗവും നടന്നു.

**ഫയർ ഫെലോഷിപ്പ് - 2018**

ഫയർ ഫെലോഷിപ്പിന്റെ രണ്ടാമത് പ്രോഗ്രാം ജൂൺ 16 ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4 വരെ ആബാ റിന്യൂവൽ സെന്ററിൽ നടന്നു. കേരള കരിസ്മാറ്റിക് സർവ്വീസ് ടീം മുൻ വൈസ് ചെയർമാൻ ഇടുക്കി തങ്കച്ചൻ വചനപ്രഘോഷണം നടത്തി. ഡയറക്ടർ ഫാ. സജീവ് ഇമ്മട്ടി, കോ-ഓർഡിനേറ്റർ സാബു എം.വർഗ്ഗീസ് എന്നിവർ മറ്റു ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. പ്രാർത്ഥനാഗ്രൂപ്പ് ലീഡേഴ്സ്, സെക്രട്ടറിമാർ, ട്രഷറർമാർ, സബ്സോൺ- മിനിസ്ട്രി സർവീസ് ടീം അംഗങ്ങൾ തുടങ്ങിയവർ ഈ പരിപാടിയിൽ പങ്കെടുത്തു.

**വിവാഹം ധനസഹായം വിതരണം ചെയ്തു.**

ദൈവശബ്ദം കൺവൻഷന്റെ ഭാഗമായി നിർധനരായ 10 യുവതികളുടെ വിവാഹത്തിന് സാമ്പത്തിക സഹായം നൽകി. വിവാഹശേഷം തൃശ്ശൂർ സെന്റ് തോമസ് സയൻസ് ബ്ലോക്ക് ഓഡിറ്റോറിയത്തിൽ നടന്ന അനുമോദന സമ്മേളനം മെയ് 27 ന് ഉച്ചകഴിഞ്ഞ് 4 മണിക്ക് അതിരൂപത സഹായ മെത്രാൻ മാർടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ ഫാ. സജീവ് ഇമ്മട്ടി അധ്യക്ഷത വഹിച്ചു. ദൈവശബ്ദം പ്രാർത്ഥനാകൂട്ടായ്മയുടെ ആത്മീയ

പിതാവ് ഫാ.ഷാജൻ തേർമഠം ആശംസകൾ നേർന്നു. കഴിഞ്ഞ 25 വർഷ ത്തിനിടയിൽ 201 നിർധനരായ പെൺകുട്ടികളുടെ വിവാഹം നടത്താൻ കൂട്ടായ്മയിലൂടെ ദൈവം അനുഗ്രഹിച്ചു. എം.എ. ബാബു, കെ.ടി ബേബി, സി.വി സിൽവസ്റ്റർ, ഇ.പി.വിൽസൺ എന്നിവർ നേതൃത്വം നൽകി.

**പാരിഷ് മിനിസ്ട്രി ഏകദിന കൂട്ടായ്മ**

ജൂൺ 4 തിങ്കളാഴ്ച പാരിഷ് മിനിസ്ട്രിയുടെ ഏകദിന കൂട്ടായ്മ ആബാറിന്യൂവൽ സെന്ററിൽ നടന്നു. രാവിലെ 9.30 ന് ജപമാലയോടെ ആരംഭിച്ച കൂട്ടായ്മയിൽ പ്രശസ്ത വചന പ്രഘോഷകൻ മാരിയോ ജോസഫ് ക്ലാസ്സെടുത്തു. ഫാ. സജീവ് ഇമ്മട്ടി ദിവ്യബലിയർപ്പിക്കുകയും ദിവ്യകാരുണ്യാരാധന നയിക്കുകയും ചെയ്തു. സോണൽ കോ–ഓർഡി നേറ്റർ സാബു എം.വർഗ്ഗീസ്, പാരിഷ് മിനിസ്ട്രി കോ–ഓർഡിനേറ്റർ ബൈജു, സെക്രട്ടറി ലാലി എന്നിവർ നേതൃത്വം നൽകി.

**ഡയറക്ടറച്ചന്റെ ഇടവക പ്രാർത്ഥനാഗ്രൂപ്പ് സന്ദർശനം**

ഇടവക പ്രാർത്ഥനാഗ്രൂപ്പുകളുടെ സന്ദർശന പരിപാടി ആരംഭിച്ചു. അതിരൂപതാധ്യക്ഷന്റെ പ്രത്യേക നിർദ്ദേശപ്രകാരം വെളപ്പായ, ഏങ്ങ ണ്ടിയൂർ, ചൊവ്വൂർ, മുക്കാട്ടുക്കര തുടങ്ങിയ ഇടവകകളിൽ ഞായറാഴ്ച കളിൽ ദിവ്യബലിയർപ്പിക്കുകയും പ്രാർത്ഥനാഗ്രൂപ്പിനെക്കുറിച്ച് സന്ദേശം നൽകുകയും പ്രാർത്ഥന ഗ്രൂപ്പ് അംഗങ്ങളുടെ യോഗത്തിൽ പങ്കെടുത്ത് ആശയ വിനിമയം നടത്തുകയും ചെയ്തു. സന്ദർശനം ക്രമീകരിക്കാൻ ആഗ്രഹിക്കുന്നവർ സോണൽ കോ–ഓർഡിനേറ്ററുമായി ബന്ധപ്പെടുക. ഫോൺ : 9846067283

**ഫാ. സജീവ് ഇമ്മട്ടി**
ഡയറക്ടർ

# മദ്യ വിരുദ്ധ സമിതി




## 1. സന്യസ്ത സംഗമങ്ങൾ

വിദ്യാഭ്യാസ രംഗത്തും കുടുംബപ്രേഷിതതലത്തിലും സ്തുത്യർഹമായി ശുശ്രൂഷ ചെയ്യുന്ന സന്യാസിനീ സഹോദരിമാരെ വിലഹരീകരണ ദൗത്യനിർവഹണത്തിന് കൂടുതൽ സജ്ജമാക്കേ ണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ്. ഈ തിരിച്ചറിവോ

ടെ, വലിയ പ്രതീക്ഷയോടെ, തൃശ്ശൂർ അതിരൂപത മദ്യവിരുദ്ധ സമിതി 4 കേന്ദ്രങ്ങളിലായി ബഹു. സിസ്റ്റേഴ്സിനുവേണ്ടി ബോധവൽക്കരണ പരിപാടികൾ ഒരുക്കി. വിശദാംശങ്ങൾ താഴെ കാണാം.

**A. മദ്ധ്യമേഖലാ സമ്മേളനം**

18–05– 2018 വെള്ളി രാവിലെ 9.30 മുതൽ 12.00 വരെ ചെമ്പൂക്കാവ് ഹോളി ഫാമിലി സ്കൂളിൽ വച്ച് അരങ്ങേറി. റവ. ഫാ. ബിജു പാണേങ്ങാടൻ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വെരി. റവ. സിസ്റ്റർ എൽസി കോക്കാട്ട് CHF, ഉപവി സഭാംഗമായ റവ.സി. ജിസ് തെരേസ് എന്നിവരാണ് ക്ലാസ് നയിച്ചത്. കൺവീനർ സി. റോസിലിൻ CHF, ശ്രീ എം.കെ. ബാബു, റപ്പായി മേച്ചേരി തുടങ്ങിയവർ നേതൃത്വം കൊടുത്തു.

**B. ദക്ഷിണ മേഖലാ സമ്മേളനം**

ഒല്ലൂർ സെന്റ് മേരീസ് മഠത്തിൽ 18–05– 2018 വെള്ളിയാഴ്ച്ച ഉച്ച കഴിഞ്ഞ് 2 മുതൽ 5 വരെ സന്യസ്ത സംഗമം സംഘടിപ്പിച്ചു. ഇരിങ്ങാലകുട മദ്യവിരുദ്ധ സമിതി ഡയരക്ടർ റവ.ഫാ.പോളി കണ്ണൂക്കാടൻ ആയിരുന്നു ഉദ്ഘാടകൻ. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ അദ്ധ്യക്ഷനായി. വെരി. റവ. സിസ്റ്റർ എൽസി കോക്കാട്ട് CHF, ഉപവി സഭാംഗമായ റവ.സി. ജിസ് തെരേസ് എന്നിവർ ക്ലാസ്സ് എടുത്തു. കൺവീനർ സി. റോസിലിൻ CHF, ശ്രീ എം. കെ. ബാബു, റപ്പായി മേച്ചേരി, സി.പി. ഡേവിസ്, ജോസ് വേലൂക്കാരൻ, ഹിറ്റ്ലസ് ചാക്കുണ്ണി മുതലായവർ നേതൃത്വം നൽകി.

**C. പടിഞ്ഞാറൻ മേഖലാ സമ്മേളനം**

2018 മെയ് 26–ാം തിയ്യതി ശനിയാഴ്ച ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജിൽ കാലത്ത് 9.30 മുതൽ 12.00 വരെ സന്യാസിനിമാരുടെ ബോധവൽക്കരണ സംരംഭം സമുചിതമായി സംഘടിപ്പിക്കുകയുണ്ടായി. പാലയൂർ ഫൊറോന വികാരി വെരി റവ.ഫാ. ജോസ് പുന്നോലിപറമ്പിലാണ് പരിപാടി ഉദ്ഘാടനം ചെയ്തത്. അതിരൂപതാ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ അരങ്ങേറിയ പ്രസ്തുത സമ്മേളനത്തിൽ വെരി. റവ. സിസ്റ്റർ എൽസി കോക്കാട്ട് CHF, വചനപ്രഘോഷകയായ ശ്രീമതി. ജെസി ജോസഫ് എന്നിവർ ക്ലാസ് നയിച്ചു. കൺവീനർ സി. റോസിലിൻ CHF, ശ്രീ എം.കെ. ബാബു, റപ്പായി മേച്ചേരി, സ്റ്റീഫൻ ജോസ്, ജോസ് ചെമ്പിശ്ശേരി, ജോൺസൺ കുമ്പളങ്ങാട് തുടങ്ങിയവരാണ് നേതൃത്വം കൊടുത്തത്.

**D. ഉത്തര മേഖലാ സമ്മേളനം**

26–05– 2018 ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2 മുതൽ 5 വരെ വടക്കാഞ്ചേരി സെന്റ് പയസ് സ്ക്കൂളിൽ സംഘടിപ്പിച്ച വടക്കൻ സമ്മേളനം ചേലക്കര ഫൊറോന വികാരി വെരി റവ. ഫാ. തോമസ് വടക്കൂട്ട് ഉദ്ഘാടനം ചെയ്തു. അദ്ധ്യക്ഷത വഹിച്ചത് ലൂർദ്ദ് കത്തീഡ്രൽ ഫൊറോന ആനിമേറ്റർ റവ. ഫാ. ഇഗ്നേഷ്യസ് നന്തിക്കരയാണ്. വെരി. റവ. സിസ്റ്റർ എൽസി കോക്കാട്ട് CHF, വചന പ്രഘോഷകയായ ശ്രീമതി. ജെസി ജോസഫ് എന്നിവർ ക്ലാസ് നയിച്ചു. കൺവീനർ സി. റോസിലിൻ CHF, റവ. ഫാ.ചാക്കോ ചിറമ്മൽ, ശ്രീ എം.കെ. ബാബു, റപ്പായി മേച്ചേരി, സ്റ്റീഫൻ ജോസ്, ജോസ് ചെമ്പിശ്ശേരി, ഫ്രാൻസിസ് കരുമത്ര, ജോർജ് എരുമപെട്ടി, ജോൺസൺ കുമ്പളങ്ങാട് തുടങ്ങിയവർ നേതൃത്വമരുളി.

നാല് കേന്ദ്രങ്ങളിലായി 200 ൽ പരം സഹോദരിമാർ സമ്മേളനങ്ങളിൽ സംബന്ധിച്ചു. അവരോടും അവരെ പറഞ്ഞയച്ച സഭാധികാരികളോടും ആത്മാർത്ഥമായി നന്ദി പ്രകാശിപ്പിക്കുന്നു. ക്ലാസ്സ് എടുത്തവർക്കും വിശിഷ്ടാതിഥികൾക്കും സഹപ്രവർത്തകരായ സംഘടനാ സാരഥികൾക്കും പ്രത്യേകം നന്ദി.

**2. പുകയില വിരുദ്ധ ദിനാചരണവും ലഹരി വിമുക്ത ഭവനങ്ങളുടെ സംഗമവും**

"ലഹരി വസ്തുക്കൾ ഉപേക്ഷിക്കൂ," "ആരോഗ്യം സംരക്ഷിക്കൂ," "നമ്മുടെ ഇളം തലമുറയെ രക്ഷിക്കൂ" എന്നീ മുദ്രാവാക്യങ്ങളുമായി, "മദ്യവിമുക്ത സഭയും സമൂഹവും" എന്ന ലക്ഷ്യസാക്ഷാത്ക്കാരത്തിനുവേണ്ടി പ്രവർത്തിക്കുന്ന കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ആഗോള പുകയില വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി 2018 മെയ് 31 ന് വൈകീട്ട് 5 മണിക്ക് കുരിയച്ചിറ സെന്റ് ജോസഫ് ദേവാലയത്തിൽ വിശുദ്ധ കുർബ്ബാനയും തുടർന്ന് 6 മണിക്ക് പൊതുയോഗവും സജ്ജീകരിക്കുകയുണ്ടായി. വികാരി ജനറാൽ മോൺ. ജോർജ്ജ് കോമ്പാറയാണ് പരിപാടി ഉദ്ഘാടനം ചെയ്തത്. അതിരൂപത ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ലഹരിവസ്തുക്കളുടെ ഉപയോഗത്തിനെതിരെ ധീരമായ് പോരാടുന്ന എക്സൈസ് പ്രിവന്റീവ് ഓഫീസർ P .L സണ്ണി മുഖ്യാതിഥിയായി പങ്കെടുത്തു സംസാരിച്ചു. കുരിയച്ചിറ ഇടവകമദ്യ

വിരുദ്ധ സമിതി ഒരുക്കിയ കലാപരിപാടികളും സ്നേഹവിരുന്നും പ്രസ്തുതയോഗത്തിന് മാറ്റുകൂട്ടി. ലഹരിവിമുക്ത കുടുംബാംഗങ്ങളുടേയും ഭക്തസംഘടന–കുടുംബകൂട്ടായ്മ ഭാരവാഹികളുടേയും സാന്നിദ്ധ്യം ഈ ആഘോഷം വൻവിജയമാക്കുന്നതിന് സഹായിച്ചു. കൺവീനർ പ്രേമ മൈക്കിൾ, എം.കെ ബാബു, റപ്പായി മേച്ചേരി, ജോസ് വേലൂക്കാരൻ, ഡേവിസ് സി.പി തുടങ്ങിയവരാണ് നേതൃത്വം നൽകിയത്.

**3. മാർ അപ്രേം മെത്രാപ്പോലീത്തയ്ക്ക് സമാദരണം**

മദ്യവിരുദ്ധ രംഗത്ത് അരനൂറ്റാണ്ടു കാലത്തെ നിറ സാന്നിദ്ധ്യവും ജൂബിലേറിയനുമായ മാർ അപ്രേം മെത്രാപ്പോലീത്തായെ തൃശൂർ അതിരൂപതാ മദ്യവിരുദ്ധ സമിതി പ്രവർത്തകർ പൊന്നാട അണിയിച്ച് ആദരിച്ചു. കുരിയച്ചിറ പള്ളിയിൽ ജൂൺ 26 ആയിരുന്നു സമാദരണ സമ്മേളനം. മെത്രാപ്പോലീത്തായുടെ സേവനങ്ങളെ പ്രകീർത്തിച്ചുകൊണ്ട് ശ്രീ ഇ.എ. ജോസഫ് അനുസ്മരണ പ്രഭാഷണം നടത്തി. അതിരൂപതാ ഡയറക്ടർ, പ്രസിഡന്റ് എം.കെ. ബാബു, സെക്രട്ടറി റപ്പായി മേച്ചേരി, ട്രഷറർ ജോസ് വേലൂക്കാരൻ, സംസ്ഥാന സെക്രട്ടറി ജോസ് ചെമ്പിശ്ശേരി തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ




# അതിരൂപത ഗായകസംഘം

**1. ആരാധനക്രമ ഗാനപരിശീലന ശില്പശാല (രണ്ടാം ഭാഗം)**

തൃശ്ശൂർ അതിരൂപതയിലെ മുഴുവൻ ഗായകസംഘാംഗങ്ങൾക്കായി 17.09.2017ൽ നടത്തിയ ആരാധനക്രമ ഗാനപരിശീലന ശില്പശാല – വോക്കോളജി സെമിനാറിന്റെ രണ്ടാം ഭാഗം 2018 മെയ് 5ന് ഉച്ചക്കു ശേഷം തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ വച്ച് സംഘടിപ്പിച്ചു.

ലൂർദ്ദ് കത്തീഡ്രൽ വികാരി പെ. ബഹു. ജോസ് ചാലക്കൽ ഉദ്ഘാടനം നിർവഹിച്ച സെമിനാറിൽ അതിരൂപത ഗായകസംഘം ഡയറക്ടർ ഫാ. പോൾ പുളിക്കൻ അധ്യക്ഷനായിരുന്നു. സംഗീതവിദഗ്ധൻ ഫാ. പോൾ പൂവ്വത്തിങ്കൽ ക്ലാസ്സ് നയിച്ചു. ഗായകസംഘം അസി. ഡയറക്ടർ ഫാ. ജെയ്സൻ വടക്കേത്തല സ്വാഗതവും ട്രഷറർ ശ്രീ. ജോയ് ആലുക്ക കൃതജ്ഞതയും പറഞ്ഞു.

**2. മാതാവിന്റെ രക്തക്കണ്ണീർ ജപമാല**

തൃശ്ശൂർ അതിരൂപത ഗായകസംഘത്തിന്റെ നേതൃത്വത്തിൽ പരി. മാതാവിന്റെ ഏഴു വ്യാകുലങ്ങൾ ധ്യാനിച്ചുകൊണ്ട് രക്തക്കണ്ണീർ ജപമാലയും പരി. കുർബാനയുടെ ആരാധനയും മെയ് മാസത്തിൽ ഒല്ലൂർ മേരിമാത, കരുമത്ര, നെല്ലിക്കുന്ന്, ചേർപ്പ് ഇടവകകളിൽ നടത്തി. ജൂൺ മാസത്തിൽ പട്ടിക്കാട്, വീണ്ടശ്ശേരി ഇടവകകളിൽ നടത്തപ്പെടുന്നു.

**ഫാ. പോൾ പുളിക്കൻ**
ഡയറക്ടർ



# പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

**ഇടവക പി. ആർ. ഒ. സംഗമം ജൂലൈ 14ന്**

തൃശ്ശൂർ അതിരൂപതയിലെ ഇടവക പി. ആർ. ഒ. മാരുടെ സംഗമം 2018 ജൂലൈ 14 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2ന് ആർച്ച്ബിഷപ്സ് ഹൗസിൽ നടക്കുന്നു. മാർ ആൻഡ്രൂസ് താഴത്ത് യോഗം ഉദ്ഘാടനം ചെയ്യും. ഈ സംഗമത്തിൽ ഇടവക പി. ആർ. ഒ. മാരുടെ ഡയറക്ടറി പ്രകാശനവും വിതരണവും ഉണ്ടായിരിക്കും.

**തൃശ്ശൂർ അതിരൂപത മാധ്യമദിനം ജൂലൈ 28ന്**

തൃശ്ശൂർ അതിരൂപത മാധ്യമദിനം 2018 ജൂലൈ 28 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് സെന്റ് തോമസ് മെഡ്ലിക്കോട്ട് ഹാളിൽ നടക്കുന്നു. മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ ദീപിക സീനിയർ അസോ. എഡിറ്റർ ശ്രീ. ടി. സി. മാത്യു മുഖ്യപ്രഭാഷണം നടത്തും. തൃശ്ശൂർ അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ് സിൽവർ ജൂബിലി അവാർഡും പാരിഷ് ബുള്ളറ്റിൻ മത്സരവിജയികൾക്കുള്ള സമ്മാനവും ഈ യോഗത്തിൽ വിതരണം ചെയ്യും.

## പാരിഷ് ബുള്ളറ്റിൻ മത്സര വിജയികൾ

### എല്ലാ മാസവും പ്രസിദ്ധീകരിക്കുന്ന വിഭാഗത്തിലെ സമ്മാനാർഹർ

ഒന്നാം സമ്മാനം : *കത്തീഡ്രൽ വോയ്സ്* – തൃശ്ശൂർ ലൂർദ്ദ്
രണ്ടാം സമ്മാനം : *ഷാലോം* – അരണാട്ടുകര
: *സാൻജോസ് പാരിഷ് വോയ്സ്,* പാവറട്ടി
മൂന്നാം സമ്മാനം : *യേശുനാദം* – ഒല്ലൂർ
പ്രോത്സാഹനസമ്മാനം : 1. *വിശ്വാസപ്രഭ* – പാലയൂർ
: 2. *കർമ്മലനാദം* – മുണ്ടൂർ
: 3. *വിജയമാത* – ചിയ്യാരം
: 4. *മരിയൻ വോയ്സ്* – ചെങ്ങാലൂർ

### ഇടവിട്ട മാസങ്ങളിൽ പ്രസിദ്ധീകരിക്കുന്ന വിഭാഗത്തിലെ സമ്മാനാർഹർ

ഒന്നാം സമ്മാനം : *കർമ്മലദീപ്തി* – ചേറ്റുപുഴ
: *സ്നേഹജ്വാല* – ആറംപിള്ളി
രണ്ടാം സമ്മാനം : *സാൻജോ പൾസ്*– അമലനഗർ
മൂന്നാം സമ്മാനം : *വോക്സുദേയി* – സ്നേഹപുരം
: *നിത്യജ്യോതി* – വിയ്യൂർ

**കവർ**

ഒന്നാം സമ്മാനം : *ബ്രിഡ്ജ്* – വലപ്പാട്
രണ്ടാം സമ്മാനം : *മരിയനാദം* – അയ്യന്തോൾ
: *സാന്റോ വേവ്സ്* – മച്ചാട്
മൂന്നാം സമ്മാനം : *പ്രകാശനാളം* – പുത്തൻപീടിക
പ്രോത്സാഹനസമ്മാനം: *മാതൃദീപം* – എടക്കളത്തൂർ
: *എൽവോയ്സ്* – എൽത്തുരുത്ത്
: *അമലോത്ഭവ* – മരത്താക്കര

**എഡിറ്റോറിയൽ**

ഒന്നാം സമ്മാനം : *ഡോളേഴ്സ് ഡൈജസ്റ്റ്*– തൃശ്ശൂർ ബസിലിക്ക
രണ്ടാം സമ്മാനം : *ജോസഫ് ജ്യോതി* – വേലൂപ്പാടം
: *പ്രകാശനാളം* – പുത്തൻപീടിക
മൂന്നാം സമ്മാനം : *പാദുവാദീപം* – മണ്ണുത്തി
: *ആമ്മേൻ* – കാരമുക്ക് നോർത്ത്
: *മരിയനാദം* – അയ്യന്തോൾ

**ലേ ഔട്ട്**

ഒന്നാം സമ്മാനം : *സ്നേഹസ്പന്ദനം* – ചെവ്വൂർ

: *സ്നേഹദൂത്* – നെല്ലിക്കുന്ന്

രണ്ടാം സമ്മാനം : *തിരുഹൃദയനാദം* – പെരിഞ്ചേരി

: *കത്തീഡ്രൽ വോയ്സ്* – തൃശ്ശൂർ ലൂർദ്ദ്

മൂന്നാം സമ്മാനം : *അമലോത്ഭവ* – മരത്താക്കര

**ഫീച്ചർ**

ഒന്നാം സമ്മാനം : ബൈജു പോൾ, *എൽവോയ്സ്* – എൽത്തുരുത്ത്

രണ്ടാം സമ്മാനം : സൈമൺ വേലൂക്കാരൻ, *നിത്യജ്യോതി* – വിയ്യൂർ

മൂന്നാം സമ്മാനം : *പാദുവാനാദം* – പാറേമ്പാടം

: സി. കെ. ജോസ്, *മരുഭൂമിയിലെ ശബ്ദം* – കാരമുക്ക്

**കവിത**

ഒന്നാം സമ്മാനം : വിനയ കെ. വി., *ഫാത്തിമാദർശൻ* – വെള്ളാറ്റഞ്ഞൂർ

രണ്ടാം സമ്മാനം : ഡെയ്സി സൈമൺ, *അമലോത്ഭവ* – മരത്താക്കര

മൂന്നാം സമ്മാനം : ജോണി ചിറ്റിലപ്പിള്ളി, *സാന്റോസ് വേവ്സ്* – മച്ചാട്

പ്രോത്സാഹനസമ്മാനം:: ലൂസി ജോൺ, *വിജയമാത* – ചിയ്യാരം

ശാന്ത വാറുണ്ണി കോടങ്കണ്ടത്ത്, *വിജയകാഹളം* – ചേറൂർ

**ലേഖനം**

ഒന്നാം സമ്മാനം : റെനി മരിയ വി., *പാദുവാദീപം* – മണ്ണുത്തി

: സി. പി. ദേവസ്സി, *ഷാലോം* – അരണാട്ടുകര

രണ്ടാം സമ്മാനം : റോസ്മരിയ നിക്സൺ, *സാൻജോ മീഡിയ* – മണലൂർ പടിഞ്ഞാറ്

: ടി. എ. ലാലു, *കർമ്മലനാദം* – മുണ്ടൂർ

മൂന്നാം സമ്മാനം : ജോസഫ് സി. ബേബി, *പ്രകാശനാളം* – പുത്തൻപീടിക

**കഥ**

ഒന്നാം സമ്മാനം : പാവുണ്ണി കാരമുക്ക്, *മരുഭൂമിയിലെ ശബ്ദം* – കാരമുക്ക്

രണ്ടാം സമ്മാനം : ഗിഫ്റ്റി മരിയ ജോർജ്ജ്, *ജീവൻപ്ര* – പാലക്കൽ

മൂന്നാം സമ്മാനം : ഫെമി ഷാജു, *കത്തീഡ്രൽ വോയ്സ്* – തൃശ്ശൂർ ലൂർദ്ദ്

: ആലീസ് ആന്റണി, *നിത്യജ്യോതി* – വിയ്യൂർ

: മായ ജോഷി, *സ്നേഹസ്പന്ദനം* – ചെവ്വൂർ

**കാർട്ടൂൺ**

ഒന്നാം സമ്മാനം : ജിസ് മരിയ, *സ്നേഹദൂത്* – നെല്ലിക്കുന്ന്

രണ്ടാം സമ്മാനം : സീന ജോസ്, *കത്തീഡ്രൽ വോയ്സ്* – തൃശ്ശൂർ ലൂർദ്ദ്

മൂന്നാം സമ്മാനം : *സാന്റോ പൾസ്* – അമലനഗർ

**ഇടയശബ്ദം (വികാരി)**

ഫാ. വർഗ്ഗീസ് പാലത്തിങ്കൽ, *ഫ്രാൻസിസ്കൻ വോയ്സ്* – തലക്കോട്ടുകര

ഫാ. റാഫേൽ മുത്തിപ്പീടിക, *സാന്റോ വേവ്സ്* – മച്ചാട്

ഫാ. ജോസഫ് മുരിങ്ങാത്തേരി, *സാന്റോസ് പാരിഷ് വോയ്സ്* – അരിമ്പൂർ

ഫാ. ബിജോ ചാലിശ്ശേരി, *മാതൃദീപം* – എടക്കളത്തൂർ

ഫാ. ജോസ് പുന്നോലിപറമ്പിൽ, *വിശ്വാസപ്രഭ* – പാലയൂർ

**ഇടയശബ്ദം (സഹവികാരി)**

ഫാ. സിജോ മുരിങ്ങാത്തേരി, *സാൻജോ വോയ്സ്* – കുരിയച്ചിറ

ഫാ. ആൻസൺ നീലങ്കാവിൽ, *ഡോളേഴ്സ് ഡൈജസ്റ്റ്* – തൃശ്ശൂർ ബസിലിക്ക

ഫാ. ജിക്സൺ മാളോക്കാരൻ, *പ്രകാശനാളം* – പുത്തൻപീടിക

ഫാ. രഞ്ജിത്ത് ചക്കാത്തിൽ ഒ. എഫ്. എം., *ജീവൻപ്രഭ* – പാലക്കൽ

ഫാ. ജസ്റ്റിൻ തേക്കാനത്ത്, *ഷാലോം* – അരണാട്ടുകര

**തൃശ്ശൂർ അതിരൂപത മാധ്യമദിനത്തോടനുബന്ധിച്ച് സെന്റ് തോമസ് മെഡ്ലിക്കോട്ട് ഹാളിൽ 2018 ജൂലൈ 28 ശനിയാഴ്ച ഉച്ച കഴിഞ്ഞ് 2 മണിക്ക് നടക്കുന്ന യോഗത്തിൽ സമ്മാനങ്ങൾ വിതരണം ചെയ്യുന്നതാണ്.**

**ഫാ. നൈസൻ ഏലന്താനത്ത്**

ഡയറക്ടർ, അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ്



**വി. അൽഫോൻസ**

(ജൂലൈ 28)

ഞങ്ങൾക്കുവേണ്ടി

പ്രാർത്ഥിക്കണമേ.

Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.06.2018
July- 2018



# അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്
# തിരുനാളാശംസകൾ
ജൂലൈ 25

Edited, Printed & Published by Dr. Francis Aloor, Catholic Archbishop's House, Thrissur, Kerala, India- 680 005
*Printed at* : St. Mary's Orphanage Press, Madona Nagar, Kachery -680 005